# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 Issue 15 Fortnightly April 1, 2021 Page 32 ₹ 10



| | |
|---|---|
| ഇതര തൊഴിലിടങ്ങൾ | പേജ് 4 |
| കലയും സാഹിത്യവും | പേജ് 15 |
| ചരിത്രത്തോടൊപ്പം നടന്നവർ | പേജ് 17 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 18 |
| പൊതു വിജ്ഞാനം | പേജ് 19 |
| കണക്കറിയാം | പേജ് 21 |
| ഇന്റർവ്യൂ പ്രോഗ്രാം - ഏപ്രിൽ | പേജ് 27 |
| GENERAL ENGLISH | പേജ് 28 |
| ഇന്റർവ്യൂ പ്രോഗ്രാം - മെയ്-ജൂൺ | പേജ് 28 |
| എക്സാമിനേഷൻ പ്രോഗ്രാം - ജൂൺ | പേജ് 29 |
| RANK LISTS | പേജ് 30 |
| മത്സരപരീക്ഷ ഇടനാഴി | പേജ് 31 |


# അസിസ്റ്റന്റ്/ആഡിറ്റർ

ഗവൺമെന്റ് സെക്രട്ടറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/വിജിലൻസ് ട്രിബ്യൂണൽ/ സ്പെഷ്യൽ ജഡ്ജസ് & എൻക്വയറി കമ്മിഷണർ ഓഫീസ്

ഉൾപ്പെടെ **60** കാറ്റഗറികളിൽ വിജ്ഞാപനം



## ആരോഗ്യമേഖലയിലെ വരും നാളുകൾ

പേജ് 3

ഡോ. വി മോഹനൻ നായർ

ഏപ്രിൽ 7

ലോക ആരോഗ്യ ദിനം



പേജ് 16

## ഡിജിറ്റൽ ഉദ്യാനമുള്ള ഇന്ത്യയിലെ ആദ്യ പി.എസ്.സി. - കേരള പി.എസ്.സി.

**പി.എസ്.സി. ബുള്ളറ്റിൻ ഇനി ഇ-വേർഷനിലും**

വാർഷിക വരിസംഖ്യ ₹ 170

ആദ്യ 2 മാസം സൗജന്യം

- ലിങ്ക് ഉടൻ....


website: www.keralapsc.gov.in E-mail: kpscpro@gmail.com Kerala Public Service Commission Circulation : 0471-2546270

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**

**അഡ്വ. രഘുനാഥൻ എം. കെ.**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**റോഷൻ റോയ് മാത്യു**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**എസ്. എ. സെയ്ഫ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ബോണി കുര്യാക്കോസ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**സുരേശൻ. എം**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts
ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 മാർച്ച് 22

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. കേരള പോലീസ് സർവീസ് – ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റ് (ബയോളജി) എൻ.സി.എ.– പട്ടികജാതി (കാറ്റഗറി നമ്പർ 33/19).
2. കേരള പബ്ലിക് സർവീസ് കമ്മിഷനിൽ സിസ്റ്റം അനലിസ്റ്റ്/സീനിയർ പ്രോഗ്രാമർ (കാറ്റഗറി നമ്പർ 21/18).

### അഭിമുഖം നടത്തും

1. കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (സോഷ്യൽ വർക്) എൻ.സി.എ.–വിശ്വകർമ്മ (കാറ്റഗറി നമ്പർ 434/19).
2. മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2/പൗൾട്രി അസിസ്റ്റന്റ് (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 267/17).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

പത്തനംതിട്ട, കാസർഗോഡ്, എറണാകുളം, കൊല്ലം, കോട്ടയം, മലപ്പുറം ജില്ലകളിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 (ഒന്നാം എൻ.സി.എ.– പട്ടികവർഗ്ഗം, മുസ്ലീം, വിശ്വകർമ്മ, എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ 113/19, 114/19, 115/19, 116/19).

### ഒ.എം.ആർ. പരീക്ഷ നടത്തും

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് 4 (കന്നട അറിയാവുന്നവർ) (കാറ്റഗറി നമ്പർ 142/19).

### ഓൺലൈൻ പരീക്ഷ നടത്തും

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മേട്രൻ (ഫീമെയിൽ) (എഞ്ചിനീയറിങ്/പോളിടെക്നിക് ഹോസ്റ്റൽസ്) (കാറ്റഗറി നമ്പർ 34/20).

## 2021 മാർച്ച് 29

### അഭിമുഖം നടത്തും

1. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (സോഷ്യൽ വർക്) (എൻ.സി.എ.–ഈഴവ) (കാറ്റഗറി നമ്പർ 433/19).
2. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ (ട്രെയിനിങ് കോളേജുകൾ) അസിസ്റ്റന്റ് പ്രൊഫസർ (സംസ്കൃതം) (തസ്തികമാറ്റം മുഖേന) (കാറ്റഗറി നമ്പർ 18/2020).
3. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) (ഏഴാം എൻ.സി.എ.– പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 310/20).
4. തൃശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) (ഒന്നാം എൻ.സി.എ.–എൽ.സി./എ.ഐ., മുസ്ലീം) (കാറ്റഗറി നമ്പർ 619/19, 621/19).
5. തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്. (അഞ്ചാം എൻ.സി.എ.–പട്ടികജാതി) (കാറ്റഗറി നമ്പർ 629/19).
6. തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്. (നാലാം എൻ.സി.എ.– ഒ.ബി.സി.) (കാറ്റഗറി നമ്പർ 630/19).
7. ആലപ്പുഴ, വയനാട് ഒഴികെയുള്ള ജില്ലകളിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 553/19).
8. എൻ.സി.സി./സൈനികക്ഷേമ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിമുക്തഭടൻമാരിൽ നിന്നു മാത്രം) (കാറ്റഗറി നമ്പർ 261/20).
9. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. കെമിസ്ട്രി (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 285/20).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

തുറമുഖ വകുപ്പിൽ (ഹൈഡ്രോഗ്രാഫിക് സർവ്വേ ബ്രാഞ്ച്) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 314/19).

### ഓൺലൈൻ പരീക്ഷ നടത്തും

ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ഇസ്ലാമിക് ഹിസ്റ്ററി) (കാറ്റഗറി നമ്പർ 485/19).

### ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളിടെക്നിക് കോളേജുകൾ) ലക്ചറർ ഇൻ കൊമേഴ്സ് (പട്ടികവർഗ്ഗം)(കാറ്റഗറി നമ്പർ 111/20).

## ക്രിസ്ത്യൻ നാടാർ സംവരണാനുകൂല്യം 06.02.2021 മുതലുള്ള വിജ്ഞാപനത്തിൽ ബാധകമാക്കി

എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തിന് സംവരണാനുകൂല്യം പി.എസ്.സി. തെരഞ്ഞെടുപ്പുകളിൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചു. 06.02.2021 ന് ശേഷം പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പുകൾക്കാണ് സംവരണം ബാധകം. 06.02.2021 ന് മുമ്പ് പ്രസിദ്ധപ്പെടുത്തിയതോ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി കഴിഞ്ഞതോ ആയ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പുകൾ നിലവിൽ ഏത് ഘട്ടത്തിലായാലും മേൽ സംവരണാനുകൂല്യം ലഭ്യമാകില്ല. 06.02.2021 ലെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഉത്തരവ് പ്രകാരമാണ് എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം അനുവദിയ്ക്കാൻ സർക്കാർ തീരുമാനിച്ചത്. ഹിന്ദു നാടാർ, എസ്.ഐ.യു.സി. നാടാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമായിരുന്നു നിലവിൽ സംവരണം ഉണ്ടായിരുന്നത്.

## അഡീഷണൽ ഇന്റർവ്യൂ പ്രോഗ്രാം ഏപ്രിൽ 2021

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| | | **കെപിഎസ്‌സി ജില്ലാ ആഫീസ്, കാസർഗോഡ്** | |
| 1. | 262/19 | HSA (Mathematics)-Kannada Medium in Education Department Ist NCA- Muslim (Kasaragode District) | 08 |
| 2. | 265/19 | HSA (Mathematics)-Kannada Medium in Education Department Ist NCA-SC (Kasaragode District) | 08 |
| 3. | 267/17 | Live Stock Inspector Grade II/Poultry Assistant/Milk Recorder/Store Keeper/Enumerator in Animal Husbandry Department (By Transfer Recruitment from Departmental Candidates) (Kasaragode Dist) | 08 |

* Denotes that Examination was conducted Online



**ഏപ്രിൽ 7**
**ലോകാരോഗ്യ ദിനം**

# ആരോഗ്യമേഖലയിലെ വരും നാളുകൾ

**ഡോ. വി മോഹനൻ നായർ**
**(മുൻ ഡെപ്യൂട്ടി ഡയറക്ടർ, കേരളാ ആരോഗ്യ വകുപ്പ്)**
**ഫോൺ: 9447742242** Email: vmohanannair@gmail.com

ഒരിക്കൽ കൂടി ലോകാരോഗ്യ ദിനം വരുന്നു. ഒരു മഹാമാരിക്കാലത്തു വരുന്ന ഇത്തരമൊരു ദിനത്തിന് പ്രസക്തി ഏറും. 'രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം' എന്ന അൽമ അറ്റ പ്രഖ്യാപനത്തിന്റെ പൂർത്തീകരണം ആവേണ്ട സമയം കഴിഞ്ഞു വീണ്ടും രണ്ടു ദശകം കൂടി കഴിഞ്ഞിരിക്കുന്ന ഘട്ടത്തിൽ നാം ഉദ്ദേശിച്ച സ്ഥലത്തു എത്തിയോ എന്ന് പലരും പുനർവിചിന്തനം ചെയ്യുന്നുണ്ടാവാം. അപ്പോൾ കിട്ടുന്ന ഉത്തരങ്ങൾ ഒട്ടും സന്തോഷപ്രദമല്ല എന്നതും ഒരു വാസ്തവമാണ്. മനുഷ്യൻ, ഭൂമുഖത്തിലെ ഏതു പ്രദേശത്തായിരുന്നാലും അവനു പരസഹായമില്ലാതെ ജീവിക്കുന്നതിനുള്ള അത്യാവശ്യ ആരോഗ്യ സ്ഥിതി ഉണ്ടാകണം എന്ന് മാത്രമേ ആ പ്രഖ്യാപനത്തിൽ ഉദ്ദേശിച്ചുള്ളൂ എങ്കിലും, അതെങ്കിലും ആഗോളടിസ്ഥാനത്തിൽ മാനവരാശിക്ക് നേടാൻ കഴിഞ്ഞോ എന്ന പ്രസക്തമായ ചോദ്യമാണ് നമ്മെ തുറിച്ചു നോക്കുന്നത്. സ്ഥിതിവിവരക്കണക്കുകൾ നിരത്തി വച്ച് ആരോഗ്യസ്ഥിതിയുടെ അന്താരാഷ്ട്ര വ്യത്യാസങ്ങൾ വിശകലനം ചെയ്യാനോ ശാസ്ത്രീയ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗഹനമായ പഠനങ്ങളോ ചൂണ്ടിക്കാട്ടി അതിഗഹനങ്ങളായ ആരോഗ്യവിചാരം നടത്താനോ ഒന്നുമല്ല ഇവിടെ തുനിയുന്നത്. പകരം സാധാരണക്കാരിൽ സാധാരണക്കാരായ സാമാന്യജനങ്ങളെ ഇന്നത്തെ അവസ്ഥ ഏതു തരത്തിൽ ബാധിക്കുന്നു എന്ന ഒരെത്തിനോട്ടം നടത്തുകയാണ് ഇവിടെ.

ഇതെഴുതുന്ന സമയത്തു ഭാരതത്തിൽ അഞ്ചോളം സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കുകയാണല്ലോ. അമേരിക്കയിലും ഇംഗ്ലണ്ടിലുമൊക്കെ പ്രസിഡന്റിന്റെയും പ്രധാനമന്ത്രിയുടേയുമൊക്കെ ഭാഗധേയം നിർണയിക്കുന്നത് അവർ 'ആരോഗ്യ'ത്തിനു നൽകുന്ന പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാണ്. നാഷണൽ ഹെൽത്ത് സെർവീസിലെ പരിഷ്കാരങ്ങൾ ജനങ്ങൾക്ക് അസ്വീകാര്യമായപ്പോൾ ഒരു പ്രധാനമന്ത്രി തന്നെ ഇംഗ്ളണ്ടിൽ തൂത്തെറിയപ്പെട്ടിട്ട് കൂടുതൽ കാലമാകുന്നില്ല. ഒബാമയോടും ട്രമ്പിനോടും ബൈഡനോടുമൊക്കെ അമേരിക്കൻ ജനതയും ആഴത്തിൽ ആരോഗ്യ കാര്യങ്ങൾ ചർച്ച ചെയ്യുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. നിങ്ങൾക്ക് ഓർമയുള്ള ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ ഭാരതത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലോ നിയമസഭാ തെരെഞ്ഞെടുപ്പിലോ ഇത്തരം ഒരു സംവാദം ഉണ്ടായതായി ആരെങ്കിലും ഓർക്കുന്നുണ്ടോ? ഇല്ല. എന്താ കാരണം? അത്തരം ഒരു സംവാദം ഒരിക്കലും ഉണ്ടായിട്ടില്ല എന്നതുകൊണ്ടുതന്നെ. ഇവിടെയെന്നല്ല, വ്യവസായവത്കരണം ഇപ്പോഴും അകലെ നിൽക്കുന്ന ബഹുഭൂരിപക്ഷം 'വികസ്വര രാഷ്ട്രങ്ങൾ' എന്നറിയപ്പെടുന്ന എല്ലായിടത്തെയും സ്ഥിതി ഇത് തന്നെയാണ്. അതിൽ ഇന്ത്യയും, പാക്കിസ്ഥാനും, ബംഗ്ലദേശും ആഫ്രിക്കൻ രാജ്യങ്ങളും ഒക്കെ പെടും. അവിടെയൊന്നും ആരോഗ്യം തെരഞ്ഞെടുപ്പുകാലത്തെ ചർച്ച വിഷയമേ അല്ല.

ഇതിൽ ഭാരതത്തിലെ സ്ഥിതി നോക്കാം. ഇവിടെ ആരോഗ്യം 'ഒരു സംസ്ഥാന വിഷയവും' ആരോഗ്യ പരിപാലനം കേന്ദ്രവും സംസ്ഥാനവും ചേർന്ന് നടപ്പാക്കുന്ന ഒരിടപാടും ആണല്ലോ. പൊതുജനാരോഗ്യം എന്നത് സർക്കാർ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സംവിധാനമായി തുടരുകയും രോഗചികിത്സ അനുദിനം വാണിജ്യവൽക്കരിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന സ്വകാര്യ, കോർപ്പറേറ്റ് മേഖലകളുടെ കുത്തകയാവുകയും ചെയ്യുന്ന വിരോധാഭാസം നിലനിൽക്കുന്ന ഈ പ്രദേശങ്ങളിൽ ഏതു തരത്തിലുള്ള ആരോഗ്യ പരിരക്ഷയാണ് നല്കാൻ കഴിയുന്നത്? കൂനിന്മേൽ കുരുവെന്നോ, 'പണ്ടേ ദുർബല അതിൽ കൂടി ഗർഭിണി' എന്ന് പറഞ്ഞ പോലെയോ ഇത്തരം ഒരു സാഹചര്യത്തിൽ കോവിഡ് എന്ന മഹാമാരിയുമെത്തി. ആരോഗ്യ പരിരക്ഷക്കായി കേന്ദ്ര സംസ്ഥാന സർകാരുകൾ ഓരോ വർഷവും മാറ്റി വയ്ക്കുന്ന വിഭവങ്ങൾ എല്ലാ വർഷവും ക്രമാനുഗതമായി കുറഞ്ഞു വരുന്ന ഒരവസ്ഥയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നാം കാണുന്നത്. വർഷം കഴിയുംതോറും മുന്ഗണനപട്ടികയിൽ 'ആരോഗ്യം' പിന്നോക്കം പോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പ്രതിശീർഷ വരുമാനത്തിന്റെ രണ്ടു ശതമാനം പോലും ആരോഗ്യ മേഖലക്കായി മാറ്റി വയ്ക്കാൻ കഴിയാത്ത പതനത്തിലാണ് നാം ഇന്നും എന്ന വസ്തുത അഭ്യസ്ത വിദ്യരുടെ പോലും ഉറക്കം കെടുത്തുന്നില്ല. 'ഇവിടെ ഇത്രയൊക്കെ മതി' എന്നോ 'ഇവിടെ ഇത്രയൊക്കെ ഉണ്ടല്ലോ' എന്നോ ഉള്ള മുട്ടുന്യായം പറഞ്ഞു ആശ്വസിച്ചിരിക്കുകയാണ് നാം. കഴിഞ്ഞ ഒന്നുരണ്ടു ദശകങ്ങളിൽ ഭാരതത്തിലെ ആരോഗ്യമേഖലയിൽ വന്ന മാറ്റങ്ങൾ മുന്നോട്ട് തന്നെയാണോ നമ്മെ നയിക്കുന്നത് എന്നാലോചിക്കാൻ ഇവിടെ ആർക്കാണ് നേരം?

പത്തു കൊല്ലം മുമ്പുവരെ ഞാൻ അഭിമാനത്തോടെ പറയുന്ന ഒരു കാര്യമുണ്ടായിരുന്നു. അമേരിക്ക, കാനഡ, യു കെ, ഓസ്ട്രേലിയ തുടങ്ങിയ വമ്പന്മാരെക്കാൾ ഒന്നോ രണ്ടോ പടി മുന്നിലാണ് ഇവിടത്തെ ആരോഗ്യമേഖല എന്ന വസ്തുത എനിക്ക് അഭിമാനം കൊള്ളാൻ പോന്നതായിരുന്നു. കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ ത്രിതല സംവിധാനത്തിൽ വ്യാപിച്ചു കിടക്കുന്ന ആരോഗ്യസ്ഥാപനങ്ങളുടെ ഒരു ശൃംഖല തന്നെ നമുക്കില്ലേ? സർക്കാർ മേഖലയിൽ ഇതാണ് സ്ഥിതിയെങ്കിൽ സ്വകാര്യമേഖലയിൽ രോഗചികിത്സാരംഗത് അതിനിപുണരായ ഡോക്ടർമാരും, നഴ്സുമാരും, പാരാമെഡിക്കൽ ജീവനക്കാരുമൊക്കെയുള്ള സ്ഥാപനങ്ങളുടെ ബാഹുല്യവും ശുഭകരം തന്നെയായിരുന്നില്ലേ? കാശില്ലാത്തവന് ഒരു പനിയോ ചുമയോ വന്നാൽ ഓടി ചെല്ലാൻ ഏതു ഗ്രാമാന്തരത്തിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും അല്പമൊക്കെ കാശുണ്ടെങ്കിൽ ഏതു സ്വകാര്യ ആശുപത്രിയിലും കയറിച്ചെന്നു ഏതു കൊമ്പത്തെ സ്പെഷ്യലിസ്റ്റിനെയും എപ്പോൾ വേണമെങ്കിലും കാണാൻ കഴിയുകയും ചെയുന്ന അവസ്ഥ അനുഭവിച്ചിട്ടുള്ള ഇവിടത്തുകാരോട് അങ്ങമേരിക്കയിൽ ഒരു ഡോക്ടറെ കാണാൻ ഒരപ്പോയിന്റ്മെന്റ് കിട്ടാൻ മാസങ്ങളോളം കാത്തിരിക്കേണ്ടതുണ്ടെന്നോ, ആരോഗ്യ പരിരക്ഷയിലെ മാതൃകയായ കാനഡയിൽ ഒരു സാധാരണ ഓപ്പറേഷൻ ചെയ്തു കിട്ടാൻ മാസങ്ങളോളം കാത്തിരിക്കേണ്ടി വരുമെന്നോ ഒക്കെ പറഞ്ഞാൽ അവർക്കിതൊക്കെ മനസ്സിലാകുമോ? ഇല്ലെങ്കിൽ ആ അവസ്ഥയിലേക്കാണ് നാം അതിവേഗം പൊയ്ക്കൊണ്ടിരിക്കുന്നതെന്ന വസ്തുത ഇനിയെങ്കിലും മനസിലാക്കുക.

സ്വകാര്യ മേഖല ശക്തി പ്രാപിക്കുകയും, ആരോഗ്യ രംഗത്തെ കോര്പറേറ്റുവൽക്കരണം വ്യാപകമാകുകയും ചെയ്തപ്പോൾ കേരളത്തിൽ ഉണ്ടായ ഒരു പുതിയ പ്രതിഭാസമാണ് നഗരങ്ങളിലും, പിന്നീട നഗരപ്രാന്തങ്ങളിലും അവസാനമിപ്പോൾ ഒരുമാതിരിപ്പെട്ട ഗ്രാമങ്ങളിലും വരെ തല ഉയർത്തി നിൽക്കുന്ന മൾട്ടിസ്പെഷ്യൽറ്റി ആശുപത്രി മന്ദിരങ്ങൾ. ഏറ്റവും ആധുനികമായ രോഗനിർണയ സംവിധാനങ്ങളും ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള ഡോക്ടർമാരുമൊക്കെയായി പടർന്നു പന്തലിക്കുന്ന ഇത്തരം ആശുപത്രികൾ നാമറിയാതെ നമ്മുടെ നാട്ടിൽ കൊണ്ടുവന്ന ഒരു മാറ്റമുണ്ട്. സാധാരണക്കാരന്റെ ചികിത്സ സങ്കല്പങ്ങളെയും ചികിത്സ സംസ്കാരത്തെയുമൊക്കെ അടിമുടി ആരുമറിയാതെ മാറ്റിയെഴുതിയ കൺകെട്ട് വിദ്യ. ഒരു കാലത്തു സർക്കാർ മെഡിക്കൽ കോളേജുകളായിരുന്നു ചികിത്സയുടെ അവസാന വാക്കെങ്കിൽ, ഇപ്പോൾ അതൊക്കെ മാറി ഇത്തരം കോർപ്പറേറ്റ് ഭീമന്മാർ നൽകുന്നതാണ് സ്റ്റാൻഡേർഡ് ചികിത്സ എന്ന് വിശ്വസിക്കുന്ന ഒരു പുതുജനത ഇവിടെ ഉണ്ടായി. ഒരു ചെറിയ പനി വരുമ്പോൾ ഓടി അടുത്തുള്ള ഗവണ്മെന്റ് ഡിസ്പെൻസറികളിൽ പോയിരുന്നവർ നഗരത്തിലുള്ള കോർപ്പറേറ്റ് ആശുപത്രിയിലേക്ക് വച്ച് പിടിച്ചു. ഗവൺമെൻറ് ആശുപത്രിയിൽ ഒരു കുപ്പി മരുന്നോ അഞ്ച് ഗുളികയോ ഒരു കുത്തിവയ്പോ ഒക്കെയായി രണ്ടു ദിവസത്തെ ചികിത്സയിൽ ഒതുങ്ങിയിരുന്ന കാര്യത്തിന് പതിനായിരങ്ങൾ മുടക്കി രോഗനിർണയ പരിശോധനകൾ നടത്തുന്നതിനും ചെറിയ 'ഒരു മുക്കിപനിക്ക്' മൂന്നോ നാലോ സ്പെഷ്യലിസ്റ്റുകളെ കാണുന്നതുമൊക്കെ ചികിത്സ സംസ്കാരത്തിന്റെ ഭാഗമായി. ഉയർന്ന വരുമാനക്കാരും, ചികിത്സാചെലവ് തിരികെ കിട്ടുന്ന ഉദ്യോഗസ്ഥരും, ഉയർന്ന മധ്യവർഗവുമൊക്കെ ഇങ്ങനെ ചെയ്യുന്നതു കണ്ടനുകരിച്ച ഇവിടത്തെ സാധാരണക്കാരും ഇത്തരം ആശുപത്രികളിൽ മാത്രം പോകുന്ന അവസ്ഥ വന്നപ്പോൾ അവരെക്കൂടി അവിടങ്ങളിൽ പിടിച്ചു നിർത്തേണ്ടതിന്റെ ആവശ്യകത കച്ചവടകണ്ണുള്ള കോർപ്പറേറ്റ് ഭീമന്മാർ മനസ്സിലാക്കിയതിന്റെ അടുത്ത പടിയാണ് ആരോഗ്യ ഇൻഷുറൻസുകളുടെ പ്രചുര പ്രചാരം.

ചികിത്സാമേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഒറ്റ പരിഹാരമെന്ന പരസ്യവാചകവുമായി വരുന്ന ഇത്തരം ഇൻഷുറൻസുകൾ നമ്മുടെ ആരോഗ്യമേഖലയുടെ അടിത്തറ ഇളക്കുകയും അസ്ഥിവാരം തോണ്ടുകയും ചെയ്യുകയാണെന്ന വസ്തുത അഭ്യസ്തവിദ്യർ പോലും മനസ്സിലാക്കുന്നില്ല എന്നതും അവർ തന്നെ ഇത്തരം സംരംഭങ്ങളെ അറിയാതെ പ്രോത്സാഹിപ്പിക്കുന്നു എന്ന വസ്തുതയും ഭീതിയോടെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സ്വകാര്യ മേഖലയുടെ വളർച്ചയോടെ സർക്കാരുകൾ ആരോഗ്യമേഖലയിലെ മുതൽമുടക്ക് കുറച്ചു കുറച്ചു പിന്മാറുന്നതും ആത്യന്തികമായി ബഹുഭൂരിപക്ഷത്തിനു ചികിത്സക്ക് സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ, സ്വന്തം പോക്കറ്റിൽ നിന്നല്ലാതെ കാശെടുത്തുകൊടുത്തു ചികിത്സ തേടാവുന്ന ഒരു ഉപാധിയായി ഇൻഷുറൻസിനെ ഉയർത്തിക്കാണിക്കുന്നവർ തങ്ങൾക്ക് കിട്ടാവുന്ന ഭീമമായ തുകക്ക് ഏറ്റവും നല്ല ഉപാധി സാധാരണക്കാരനെ ഇൻഷുറൻസിലേക്ക് ആകർഷിക്കുക എന്ന തന്ത്രമെന്ന് എളുപ്പം തിരിച്ചറിഞ്ഞു. അയ്യായിരമോ ആറായിരമോ രൂപയുടെ ഒരു ഇൻഷുറൻസ് പോളിസി എടുത്താൽ ചികിത്സക്കു ചിലവാകുന്ന ഇരുപതിനായിരവും മുപ്പതിനായിരവും രൂപയൊക്കെ ഇൻഷുറൻസ് കമ്പനി നൽകുന്നത് കൊണ്ട് സാധാരണക്കാരനും കുളിരുകോരിയിട്ടു. എന്നാൽ വർഷങ്ങൾ കഴിയുംതോറും പ്രീമിയത്തിൽ വരുന്ന വർധനവും, പല രോഗങ്ങൾക്കും കവറേജ് കിട്ടാത്തതിന്റെ വ്യഥയുമൊക്കെ അനുഭവിച്ചു തുടങ്ങിയപ്പോഴാണ് 'എവിടെയോ എന്തോ പന്തികേടുള്ളതായി' ചിലർക്കെങ്കിലും തോന്നാൻ തുടങ്ങിയത്. പതുങ്ങിവന്നു കാട്ടുതീപോലെ പടർന്ന കോവിഡ് പല പുതിയ അറിവുകളും തന്നു. അതിലൊന്ന് ഇൻഷുറൻസിന്റെ പൊയ്മുഖം തുറന്നു കാട്ടിയതാണ്. മറ്റൊന്ന് ഇന്ത്യയിൽ ഇപ്പോഴും പ്രാഥമികാരോഗ്യ സംവിധാനത്തിൽ ഊന്നിയ പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ പ്രസക്തിയാണ്. പൊ



(ശേഷം പേജ് 4ൽ)



# ഇതര തൊഴിലിടങ്ങൾ

1. **കേരളത്തിൽ 1421 ഗ്രാമീൺ ഡാക് സേവക്**
കേരള തപാൽ വകുപ്പിൽ ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ, അസിസ്റ്റന്റ് ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ, ഡാക് സേവക് വിഭാഗങ്ങളിലായി നിലവിലുള്ള 1421 ഒഴിവുകൾക്ക് ഏപ്രിൽ 7 വരെ ഓൺലൈനായി അപേക്ഷിക്കാം. പത്താംക്ലാസ് വിജയം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ യോഗ്യതകളും സൈക്കിൾ സവാരിയും അറിഞ്ഞിരിക്കണം. പ്രായം (08.03.2021 ന്) 18–40, (പട്ടികവിഭാഗക്കാർക്ക് അഞ്ചും ഒ.ബി.സി. ക്ക് മൂന്നും ഭിന്നശേഷിക്കാർക്ക് പത്തും വർഷ ഇളവ്). പത്താം ക്ലാസ് പരീക്ഷയുടെ മാർക്ക് അടിസ്ഥാനമാക്കിയാണ് സെലക്ഷൻ നടത്തുന്നത്. https://indiapost.gov.in, https://appost.in എന്നീ വെബ്സൈറ്റുകൾ വഴി രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.
2. **വ്യോമസേനയിൽ എയർമാൻ–കായികതാരങ്ങൾക്ക് അവസരം**
വ്യോമസേനയുടെ ഗ്രൂപ്പ്-വൈ ട്രേഡിൽ (നോൺ ടെക്നിക്കൽ) എയർമാൻ തസ്തികയിലേക്ക് ഏപ്രിൽ 26 മുതൽ 28 വരെ ഡൽഹി എയർഫോഴ്സ് സ്റ്റേഷനിൽ നടത്തുന്ന സെലക്ഷൻ ട്രയൽസിൽ കായികതാരങ്ങളായ പുരുഷൻമാർക്ക് പങ്കെടുക്കാവുന്നതാണ്. പ്ലസ്ടു/തത്തുല്യ യോഗ്യതയും വിവിധ കായിക ഇനങ്ങളിലുള്ള മികച്ച പ്രകടനവുമാണ് തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന യോഗ്യത. പ്രായം–2000 ജൂലൈ 18 നും 2004 ജൂൺ 30 നും മധ്യേ ജനിച്ചവർ (രണ്ടു തീയതിയും ഉൾപ്പെടെ). ശാരീരിക യോഗ്യത, സ്പോർട്സ് ഇനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ എന്നിവ www.airmenselection.cdac.in എന്ന വെബ്സൈറ്റ് കാണുക. വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്ത അപേക്ഷ പൂരിപ്പിച്ച് യോഗ്യതാ സർട്ടിഫിക്കറ്റുകളോടൊപ്പം സ്കാൻ ചെയ്ത് പി.ഡി.എഫ്. ഫോർമാറ്റിൽ iafsportsrec@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ അയയ്ക്കണം.
3. **ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 18 ഒഴിവുകൾ**
ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യൂക്കേഷനു കീഴിലെ ജോധ്പൂർ ആരിഡ് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ തസ്തികകളിലായി 18 ഒഴിവുകളിലേക്ക് ഏപ്രിൽ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. ടെക്നീഷ്യൻ, എൽ.ഡി.സി., ഫോറസ്റ്റ് ഗാർഡ് തുടങ്ങിയ തസ്തികകളിലാണ് അവസരം. വെബ്സൈറ്റ് www.afri-icfre.org.
4. **സെക്യൂരിറ്റി പ്രിന്റിങ് പ്രസ്സിൽ 12 ഒഴിവ്**
സെക്യൂരിറ്റി പ്രിന്റിങ് ആൻഡ് മിന്റിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ യൂണിറ്റായ ഹൈദരാബാദിലെ സെക്യൂരിറ്റി പ്രിന്റിങ് പ്രസ്സിൽ വിവിധ തസ്തികകളിൽ നിലവിലുള്ള 12 ഒഴിവുകളിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. പ്രിന്റിങ്, ടെക്നിക്കൽ കൺട്രോൾ, ഐ.ടി., ഒ.എൽ. വിഭാഗങ്ങളിൽ സൂപ്പർവൈസർ ഒഴിവും ജൂനിയർ ഓഫീസ് അസിസ്റ്റന്റ് (ഹിന്ദി) ഒഴിവുമാണുള്ളത്. https://spphyderabad.spmcil എന്ന വെബ്സൈറ്റ് മുഖേന ഏപ്രിൽ 10 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
5. **എച്ച്.എം.ടി. മെഷീൻ ടൂൾസിൽ 21 ഒഴിവുകൾ**
കളമശ്ശേരിയിലെ എച്ച്.എം.ടി. മെഷീൻ ടൂൾസിൽ വിവിധ തസ്തികകളിലായി 21 ഒഴിവുകൾക്ക് തപാൽ മാർഗ്ഗം ഏപ്രിൽ 10 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
   1. കമ്പനി ട്രെയിനി–ഡിപ്ലോമ: യോഗ്യത – മെക്കാനിക്കൽ/ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്/കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഷയത്തിൽ മൂന്നു വർഷത്തെ ഡിപ്ലോമയും മെഷീൻ ടൂൾ ഇൻഡസ്ട്രിയിൽ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. പ്രായപരിധി – 33 വയസ്സ്.
   2. കമ്പനി ട്രെയിനി–എൻ.സി.വി.ടി/ഐ.ടി.ഐ./എൻ.എ.സി. **ഒഴിവുളള ട്രേഡുകൾ- ടർണർ, മെഷിനിസ്റ്റ്, മെഷിനിസ്റ്റ് ഗ്രൈൻഡർ, ഫിറ്റർ, ഫൗണ്ടറിമാൻ, പ്ലംബർ**
   യോഗ്യത- ബന്ധപ്പെട്ട വിഷയത്തിലെ എൻ.സി.വി.ടി/ഐ.ടി.ഐ/എൻ.എ.സി. മെഷീൻ ടൂൾ ഇൻഡസ്ട്രിയിൽ പ്രവൃത്തിപരിചയം. പ്രായപരിധി 31 വയസ്സ്. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനുമായി www.hmtmachinestools.com എന്ന വെബ്സൈറ്റ് കാണുക. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം HR Chief HMT Machine Tools Ltd., HMT Colony (PO), Kalamassery, Ernakulam, Kerala-683503 എന്ന വിലാസത്തിൽ അയക്കുക.
6. **വി.എസ്.എസ്.സി.യിൽ പ്രോജക്ട് സ്റ്റാഫ്**
തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെന്ററിൽ വിവിധ തസ്തികകളിലായി 19 ഒഴിവുകൾക്ക് പരസ്യവിജ്ഞാപന നമ്പർ 317 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.
   1. ജൂനിയർ റിസർച്ച് ഫെലോ– 16 ഒഴിവുകൾ
   യോഗ്യത: എം.ഇ./എം.ടെക്ക്/എം.എസ്.സി. ബിരുദാനന്തര ബിരുദം.
   2. സീനിയർ പ്രോജക്ട് അസോസിയേറ്റ് – 1
   യോഗ്യത – ഫിസിക്സ്/അറ്റ്മോസ്ഫിയറിക് സയൻസ്/അറ്റ്മോസ്ഫിയറിക് മോഡലിങ് പി.എച്ച്.ഡി.
   3. റിസർച്ച് അസോസിയേറ്റ് – യോഗ്യത: മെക്കാനിക്കൽ എഞ്ചിനീയറിങ്/കെമിസ്ട്രി പി.എച്ച്.ഡി.
   വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.vssc.gov.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 9.
7. **തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ**
തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ (എൻവയോൺമെന്റൽ) ഒഴിവിലേയ്ക്ക് ഓൺലൈനായി ഏപ്രിൽ 19 വരെ അപേക്ഷിക്കാവുന്നതാണ്.
യോഗ്യത: സിവിൽ/കെമിക്കൽ എഞ്ചിനീയറിങ് ബി.ടെക്/ബി.ഇ അല്ലെങ്കിൽ തത്തുല്യ യോഗ്യത. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്/ഇൻസിനേറ്റർ പ്രവർത്തിപ്പിക്കുന്നതിൽ രണ്ട് വർഷത്തിൽ കുറയാത്ത പരിചയം. പ്രായം 18–36. പട്ടികവിഭാഗം/മറ്റ് പിന്നാക്ക വിഭാഗക്കാർ എന്നിവർക്ക് നിയമാനുസൃതമായ ഇളവുണ്ട്. അപേക്ഷകർ ഹിന്ദുമതത്തിൽപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികളായിരിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുമായി www.kdrb.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.
8. **യു.പി.എസ്.സി. അപേക്ഷ ക്ഷണിച്ചു.**
യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ 28 ഒഴിവിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ ചുവടെപ്പറയുന്ന തസ്തികകളിലാണ് ഒഴിവുകൾ.
   - സ്പെഷ്യലിസ്റ്റ് ഗ്രേഡ് 3 അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രിക്സ്)–14, സ്പെഷ്യലിസ്റ്റ് ഗ്രേഡ് 3 അസിസ്റ്റന്റ് പ്രൊഫസർ (ഫിസിയോളജി)–2, സ്പെഷ്യലിസ്റ്റ് ഗ്രേഡ് 3 അസിസ്റ്റന്റ് പ്രൊഫസർ (സൈക്യാട്രി), സ്പെഷ്യലിസ്റ്റ് ഗ്രേഡ് 3 അസിസ്റ്റന്റ് പ്രൊഫസർ (സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി)–1. പ്രായപരിധി–40 വയസ്സ്. വിശദവിവരങ്ങൾക്ക് www.upsconline.nic.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 15.
9. **ആദായനികുതി വകുപ്പിൽ കായികതാരങ്ങൾക്ക് അവസരം**
ആദായ നികുതി വകുപ്പിൽ ഡൽഹി റീജിയണിൽ ഇൻസ്പെക്ടർ ഓഫ് ഇൻകം ടാക്സ് (1), ടാക്സ് അസിസ്റ്റന്റ് (4), സ്റ്റെനോഗ്രാഫർ ഗ്രേഡ് 2 (3), മൾട്ടി ടാസ്കിങ് സ്റ്റാഫ് (6) എന്നീ തസ്തികകളിലായി ആകെ 14 ഒഴിവുകളിലേക്ക് തപാൽ മാർഗ്ഗം അപേക്ഷിക്കാവുന്നതാണ്. ദേശീയ/സംസ്ഥാന/അന്തർസർവ്വകലാശാല/ദേശീയ സ്കൂൾ ഗെയിംസ് എന്നിവയിൽ അത്‌ലറ്റിക്സ്, കബഡി, ഫുട്ബോൾ, ഹോക്കി, ഗോൾഫ്, ബോഡിബിൾഡർ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ ഏതിലെങ്കിലും പങ്കെടുത്തവരായിരിക്കണം അപേക്ഷകർ.
യോഗ്യത : ഇൻസ്പെക്ടർ ഓഫ് ഇൻകം ടാക്സ്, ടാക്സ് അസിസ്റ്റന്റ് തസ്തികയിൽ ബിരുദം അല്ലെങ്കിൽ തത്തുല്യം. ടാക്സ് അസിസ്റ്റന്റ് തസ്തികയിൽ ഡേറ്റാ എൻട്രി വേഗവും ഉണ്ടായിരിക്കണം. സ്റ്റെനോഗ്രാഫർ തസ്തികയിൽ 12–ാം ക്ലാസ് പാസ്സും സ്റ്റെനോഗ്രാഫി പരിജ്ഞാനവുമാണ് യോഗ്യത. മൾട്ടി ടാസ്കിങ് സ്റ്റാഫ് തസ്തികയിൽ മെട്രിക്കുലേഷൻ അല്ലെങ്കിൽ തത്തുല്യം. വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.incometaxdelhi.org എന്ന വെബ്സൈറ്റ് കാണുക. അപേക്ഷകൾ The Deputy Commissioner of Income Tax (Hqrs-Personnel), Room No. 378A, C.R. Building, I.P. Estate, New Delhi- 110002 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 30.
10. **NITയിൽ 55 അനധ്യാപക ഒഴിവുകൾ**
സൂറത്തിലെ സർദാർ വല്ലഭായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സീനിയർ ടെക്നീഷ്യൻ, ടെക്നീഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലായി 55 ഒഴിവുകളിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.
സീനിയർ ടെക്നീഷ്യൻ –13
കെമിക്കൽ എഞ്ചിനീയറിങ്/കെമിസ്ട്രി–2, കമ്പ്യൂട്ടർ സയൻസ്–1, ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ–7, മെക്കാനിക്കൽ–2, സിവിൽ–1
ടെക്നീഷ്യൻ–25
കെമിക്കൽ എഞ്ചിനീയറിങ്–7, കെമിസ്ട്രി–3, കമ്പ്യൂട്ടർ സയൻസ് – 8, ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ–9, മെക്കാനിക്കൽ–3, സിവിൽ–2
ടെക്നിക്കൽ അസിസ്റ്റന്റ് –17
കെമിക്കൽ എഞ്ചിനീയറിങ്–7, കെമിസ്ട്രി–2, കമ്പ്യൂട്ടർ സയൻസ്–4, ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ–5, മെക്കാനിക്കൽ–4, സിവിൽ–2
യോഗ്യത, പ്രായപരിധി എന്നിവ വെബ്സൈറ്റിലുണ്ട്. www.svnit.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിച്ചതിനുശേഷം അപേക്ഷയുടെ പകർപ്പും അവശ്യ രേഖകളും Deputy Registrar (Establishment), Sardar Vallabhai National Institute of Technology (SVNIT), Ichchhanth, Dumas Road, Surat -395007.എന്ന വിലാസത്തിലേക്ക് അയയ്ക്കുക. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 26. അപേക്ഷ തപാലിൽ സ്വീകരിക്കുന്ന അവസാന തീയതി മേയ് 6.

തുജനാരോഗ്യ മേഖലയിൽ ചെലവാക്കുന്ന വിഭവം ചെലവല്ല മറിച്ചു ഭാവിയിലേക്കുള്ള മുതൽമുടക്ക് ആണെന്ന പഴയ സിദ്ധാന്തത്തിനു അടിവരയിടുന്നതായിരുന്നു പുതിയ സംഭവ വികാസങ്ങൾ.

കേന്ദ്രത്തിൽ ഉരുത്തിരിഞ്ഞുവരുന്ന വിദ്യാഭ്യാസ ആരോഗ്യ നയങ്ങൾ ആധുനിക കാലത്തുണ്ടായ പുരോഗതിയിൽ നിന്നും വികസനങ്ങളിൽ നിന്നുമുള്ള ഒരു പിന്തിരിഞ്ഞു പോക്കാണെന്നു വിശ്വസിക്കുന്ന ധാരാളം പേരുണ്ട് . അതിനവരെ കുറ്റംപറയാനും കഴിയില്ല. ഗുണഫലം തെളിയിച്ചിട്ടില്ലാത്തതും, ശാസ്ത്രീയ അടിത്തറയില്ലാത്തതുമായ ചികിത്സ വിഭാഗങ്ങളെ കയ്യയച്ചു പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രീയ ചികിത്സ രീതികളെ അവഗണിക്കുകയും അതോടൊപ്പം സങ്കര ചികിത്സ പ്രോത്സാഹിപ്പിക്കുകയുമൊക്കെ ചെയ്യുന്ന ഏർപ്പാടുകൾ 'പാരമ്പര്യത്തിന്റെയും പുരാതന സംസ്കാരത്തിന്റെയുമൊക്കെ' പേരിൽ വാഴ്ത്തപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. അക്കാഡമിക് മികവ് പുലർത്തിയിരുന്ന ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും ചികിത്സാമേഖലയിലും കടന്നുകയറ്റങ്ങൾ വഴി പിന്നോട്ടടിക്കുന്ന നടപടികൾ ഉണ്ടാകുന്നു. കോവിഡിന് ശേഷമുള്ള കാലത്തു ഓരോ രാജ്യവും അവരുടെ ആരോഗ്യമേഖലയെയും ആരോഗ്യ സംവിധാനങ്ങളെയും ട്രാക്കിലേക്ക് മടക്കി കൊണ്ടുവരാൻ കിണഞ്ഞു പരിശ്രമിക്കുമ്പോൾ ഇവിടെ ലഭ്യമായ വിഭവങ്ങൾ പോലും ഉചിതമായ രീതിയിൽ തന്നെയാണോ ആരോഗ്യമേഖലയിൽ വിനിയോഗിക്കുന്നതെന്ന കാര്യത്തിൽ പുനർവിചിന്തനം ആവശ്യമായി വന്നിരിക്കുന്നു. ആരോഗ്യ മേഖലയും വിദ്യാഭ്യാസ മേഖലയും അടങ്ങുന്ന സേവനമേഖലകളുടെ നിലനിൽപ്പ് തന്നെ അപകടത്തിൽ ആയിരിക്കുന്ന ഈ ഘട്ടത്തിൽ 'ലോകാരോഗ്യ ദിനം' പുതിയ ചുമതലകൾ നമുക്ക് നൽകുന്നു. തകർന്നുപോയ സംവിധാനങ്ങൾ പുനർനിർമിക്കുന്നതോടൊപ്പം പുതിയ സംവിധാനങ്ങൾ ഉണ്ടാക്കുവാനുള്ള വിഭവ സമാഹരണം കൂടി നടത്തേണ്ട ഈ സാഹചര്യത്തിൽ അത്തരം വിഭവം വീതം വയ്ക്കപ്പെടുന്നത് സമൂഹത്തിലെ എല്ലാ തരം പൗരന്മാർക്കും ഒരുപോലെ ഉപകാരപ്രദമായ രീതിയിൽ തന്നെയാണ് എന്നുറപ്പുവരുത്തേണ്ടതുണ്ട്. ആരോഗ്യ മേഖല എല്ലാവർക്കും പ്രാപ്യമായിരിക്കേണ്ടതുണ്ടെന്നും എല്ലാവർക്കും പരാതിയില്ലാത്ത തരത്തിൽ ആരോഗ്യ മേഖലയിലെ വിഭവവിനിയോഗം നടത്തണമെന്നതിനും പുറമെ ഏവർക്കും കുറഞ്ഞ അളവിലെങ്കിലും സംതൃപ്തി നൽകുന്ന ഒരാരോഗ്യ സംവിധാനവും അതിലൂടെ 'എല്ലാവർക്കും ആരോഗ്യമെന്ന' സ്വപ്നസാക്ഷാൽക്കാരവും ആകട്ടെ ഈ വർഷത്തെ ലോകാരോഗ്യ ദിനത്തിൽ നമ്മുടെ ലക്ഷ്യം. ●

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 03-04-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽ പ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിള വിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 03.04.2021 അവസാന തീയതി: 05.05.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യു അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

### ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

### കാറ്റഗറി നമ്പർ : 51/2021
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി
### മെഡിക്കൽ വിദ്യാഭ്യാസം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി
**3 ശമ്പളം** : യു.ജി.സി മാനദണ്ഡപ്രകാരം
**4 ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)
**കുറിപ്പ് 2:** ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10)വർഷത്തെ സേവനത്തിനുള്ളിൽ(പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവന വ്യവസ്ഥ നാൽപ്പത്തിയഞ്ച് (45)വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6 പ്രായം** : 21-46; ഉദ്യോഗാർത്ഥികൾ 02/01/1975നും01-01-2000 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട്2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7 യോഗ്യതകൾ** എം.സി.എച്ച്.(സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി)/ഡി.എൻ.ബി (സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി)
മൂന്നു വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.
സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.
**കുറിപ്പ് :** റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പാളിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

### കാറ്റഗറി നമ്പർ : 52/2021
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ്
### കോളേജ് വിദ്യാഭ്യാസം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ്
**3 ശമ്പളം** : യു.ജി.സി. നിരക്ക്
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന് )
**കുറിപ്പ് :** 17.10.2012 തീയതിയിലെ G.O.(P)No.61/12/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3% ഒഴിവുകൾ ചലന വൈകല്യമുള്ളവർ /സെറിബ്രൽ പാൾസി ബാധിച്ചവർ, ഭാഗികമായോ പൂർണ്ണമായോ കാഴ്ച ശക്തി ഇല്ലാത്തവർ,ശ്രവണ വൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിലുൾപ്പെട്ടവർക്കായി സംവരണം ചെയ്തിരിക്കുന്നു.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 22-40. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്കം എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് Part II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. )
**7. യോഗ്യതകൾ** : 1). അൻപത്തിയഞ്ച് ശതമാന (55 %) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം. 2). യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.
**കുറിപ്പ് :** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)
iii) പട്ടിക ജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്കം (നോൺ ക്രീമിലെയർ വിഭാഗം), ഭിന്നശേഷി എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് അൻപത് ശതമാനം മാർക്ക് മതിയാകുന്നതാണ്. (G.O. (Ms) No. 2/07/H.Edn dated 04.01.2007 & G.O. (P) No. 10/2018/H.Edn dated 13/04/2018)
മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

### കാറ്റഗറി നമ്പർ : 53/2021
### സ്റ്റേറ്റ് മാസ്സ് എഡ്യൂക്കേഷൻ ആൻഡ് മീഡിയാ ഓഫീസർ
### ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : സ്റ്റേറ്റ് മാസ്സ് എഡ്യൂക്കേഷൻ ആൻഡ് മീഡിയാ ഓഫീസർ
**3. ശമ്പളം** : ₹ 95600-153200/-
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 18-50; ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003നും ഇടയില് ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പരമാവധി പ്രായ പരിധി 50 വയസ്സ് കവിയാന് പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പ്രായപരിധി സംബന്ധിച്ച മറ്റ് ആനുകൂല്യങ്ങള്ക്ക് പൊതു വ്യവസ്ഥ ഖണ്ഡിക 2 കാണുക.
**7. യോഗ്യതകൾ:** a) 1) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദം.
11) ഒരു സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിൽനിന്നോ അല്ലെങ്കിൽ സർക്കാർ ഉടമസ്ഥത

**അസാധാരണ ഗസറ്റ് തീയതി: 03.04.2021 അവസാന തീയതി: 05.05.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

യിലുള്ള കോർപ്പറേഷനിൽ നിന്നോ അല്ലെങ്കിൽ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലുമൊരു കമ്പനിയിൽ നിന്നോ ഫീൽഡ് പബ്ലിസിറ്റിയിലോ മാസ്സ് കമ്മ്യൂണിക്കേഷനിലോ 7 (ഏഴ്) വർഷത്തിൽകുറയാത്ത പരിചയം.

b) **അഭികാമ്യം:** വികസന പ്രവർത്തനങ്ങൾ/കൃഷി/ആരോഗ്യം/കുടുംബാസൂത്രണം എന്നീ വിഷയങ്ങളിലൊന്നിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള പരിചയം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ : 54/2021

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം

## സയന്റിഫിക് ഓഫീസർ

**1 വകുപ്പ്** : ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര്** : സയന്റിഫിക് ഓഫീസർ

**3 ശമ്പളം** : ₹ 40,500–85,000/

**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 20–41 ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി /പട്ടികവർഗ്ഗ,മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായവയസ്സിളവ് ഉണ്ടായിരിക്കും.

7. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**യോഗ്യതകൾ** : 1) ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച അനലിറ്റിക്കൽ കെമിസ്ട്രിയിലുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം.

2) ഒരു സർക്കാർ അംഗീകൃത ലബോറട്ടറിയിൽ നാട്ടുമരുന്നുകളുടെ (indigenous medicine) രാസാപഗ്രഥനം നടത്തുന്നതിലോ പരിശോധന നടത്തുന്നതിലോ ഉള്ള മൂന്നു വർഷത്തെ പരിചയം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** 1.ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോട് കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിച്ചിരിക്കണം.

2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെകൊണ്ട്സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ : 55/2021

## ഓർഗനൈസർ ഫോർ സ്പോർട്സ് ഇൻ സ്കൂൾസ്

## പൊതു വിദ്യാഭ്യാസം

**1. വകുപ്പ്** : പൊതു വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഓർഗനൈസർ ഫോർ സ്പോർട്സ് ഇൻ സ്കൂൾസ്

**3. ശമ്പളം** : ₹ 36600–79200

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**കുറിപ്പ്:** വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക രണ്ട് ബാധകമല്ല)

**7. യോഗ്യതകൾ :** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഫിസിക്കൽ എഡ്യൂക്കേഷനിൽ ലഭിച്ചിട്ടുള്ള ബിരുദം (B.PED)

2. ഗവൺമെന്റ് അല്ലെങ്കിൽ എയ്ഡഡ് സ്ക്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനായി കുറഞ്ഞത് പത്ത് വർഷത്തെ പരിചയം(ഹൈസ്ക്കൂളിന് മുൻഗണന).

**അഭിലഷണീയം:** 1. ജില്ലാ/സംസ്ഥാന/ദേശീയ തലത്തിൽ സ്പേർട്സ്/ഗെയിംസ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ള പരിചയം.

2. പാട്യാല/ബാംഗ്ലൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിൽ നിന്നും നേടിയിട്ടുള്ള ട്രയിനിംഗ് സർട്ടിഫിക്കറ്റ്.

4 ഉദ്യോഗാർത്ഥികൾ സേവനം/പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി,സ്ഥാപനത്തിന്റെ പേര് എന്നിവ)രേഖപ്പെടുത്തുകയും അതോടൊപ്പം പരിചയ/സർവ്വീസ് സർട്ടിഫിക്കറ്റിന്റെ Scanned image upload ചെയ്യുകയും ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** 1. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിരിക്കുന്ന പ്രവൃത്തി പരിചയം പ്രസ്തുത തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ആർജ്ജിച്ചതിനു ശേഷം നേടിയതായിരിക്കണം.

2. പരിചയ സർട്ടിഫിറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും,വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും ,അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈകൊള്ളുന്നതുമാണ്.സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മേലൊപ്പോടു കൂടി ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ : 56/2021

## ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് ആന്റ് ബിസിനസ് കറസ്പോണ്ടൻസ്

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

**2. ഉദ്യോഗപ്പേര്** : ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് ആന്റ് ബിസിനസ് കറസ്പോണ്ടൻസ്

**3. ശമ്പളം** : ₹ 30,700–65,400/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും (രണ്ട് തീയതികളും ഉൾപ്പെടെ)ഇടയിൽ ജനിച്ചവരായിരിക്കണം.പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ :** 1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഒരു സ്ഥാപനത്തിലെ റെഗുലർ പഠനത്തിനു ശേഷം കോമേഴ്സിൽ നേടിയ ഒന്നാം ക്ലാസ് ബാച്ചിലർ ബിരുദം.

2) ഒരു സ്ഥാപനത്തിൽ മൂന്ന് വർഷത്തെ റെഗുലർ പഠനത്തിനു ശേഷം കേരള സർക്കാർ നൽകുന്നതോ അംഗീകരിച്ചതോ ആയ കൊമേഴ്സ്യൽ പ്രാക്ടീസ് ഡിപ്ലോമ.

## കാറ്റഗറി നമ്പർ : 57/2021

## അസിസ്റ്റന്റ്/ആഡിറ്റർ

## ഗവണ്മെന്റ് സെക്രട്ടറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/വിജിലൻസ് ട്രിബ്യൂണൽ/ സ്പെഷ്യൽ ജഡ്ജസ് ആൻഡ് എൻക്വയറി കമ്മിഷണർ ഓഫീസ്

## വിജ്ഞാപനം (നേരിട്ടുള്ള നിയമനം)

**1. വകുപ്പ്** : ഗവണ്മെന്റ് സെക്രട്ടറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/വിജിലൻസ് ട്രിബ്യൂണൽ/സ്പെഷ്യൽ ജഡ്ജസ് ആൻഡ് എൻക്വയറി കമ്മിഷണർ ഓഫീസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് /ആഡിറ്റർ

**3. ശമ്പളം** : ₹ 27800–59400

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**കുറിപ്പ്:** (എ) ഈ വിജ്ഞാപനപ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ കാണിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലേയ്ക്കും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകും. ഓരോ വകുപ്പിലേയ്ക്കും അതാതു വകുപ്പിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വീണ്ടും വേറൊരു വകുപ്പിലേയ്ക്ക് നിയമനശിപാർശ ചെയ്യപ്പെടാൻ അർഹത ഇല്ലാതാകുന്നതുമാണ്. ഒന്നിലധികം വകുപ്പുകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു വകുപ്പിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആഫീസിൽ വീണ്ടും രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഇത്തരം കേസുകളിൽ ഉദ്യാഗാർത്ഥിക്ക് ഏതു വകുപ്പിൽ നിന്നാണോ പിരിച്ചുവിട്ടത് ആ വകുപ്പിൽ അയാൾക്കുണ്ടായിരുന്ന പ്രൊബേഷൻ അവകാശം നഷ്ടപ്പെടുന്നതുമാണ്. പിരിച്ചുവിടപ്പെട്ട വകുപ്പിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്ന പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.എന്നാൽ ആദ്യത്തെ വകുപ്പിൽ ഒഴിവ് ഉണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക വകുപ്പിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

(ബി) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3 % ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disabiltiy / Cerebral Palsy, Low Vision, Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി നീക്കി വച്ചിരിക്കുന്നു. ( G.O.(P) No.1/13/SJD dated 03.01.2013)

**7 യോഗ്യതകൾ :** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദം അഥവാ തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 58/2021

## അസിസ്റ്റന്റ് / ആഡിറ്റർ

## ഗവണ്മെന്റ് സെക്രട്ടറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ /അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/വിജിലൻസ് ട്രിബ്യൂണൽ/സ്പെഷ്യൽ ജഡ്ജസ് ആൻഡ്എൻക്വയറി കമ്മിഷണർ ഓഫീസ്

## വിജ്ഞാപനം (തസ്തികമാറ്റം വഴി)

**1. വകുപ്പ്** : ഗവണ്മെന്റ് സെക്രട്ടറിയറ്റ്/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ /അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/വിജിലൻസ് ട്രിബ്യൂണൽ/സ്പെഷ്യൽ ജഡ്ജസ് ആൻഡ് എൻക്വയറി കമ്മിഷണർ ഓഫീസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് / ആഡിറ്റർ

**3. ശമ്പളം** : ₹ 27800–59400

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**5. നിയമന രീതി** : താഴ്ന്ന ശമ്പളമുള്ള ഉദ്യോഗസ്ഥരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായം** : 18–40 ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തിയതികളും ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച് വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**കുറിപ്പ്:** (എ) അസിസ്റ്റന്റ് /ആഡിറ്റർ തസ്തികയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ 2% ഒഴിവുകളിലേയ്ക്ക് സംസ്ഥാന സർക്കാരിലെ ഏതെങ്കിലും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവന ക്കാർക്ക് (ലോവർ ഡിവിഷൻ ക്ലാർക്ക്/ടൈപിസ്റ്റ് എന്നീ തസ്തികകളിലും സമാനമായ മറ്റ് തസ്തികകളിലും ജോലി ചെയ്യുന്നവർ ഒഴികെ) ഈ വിജ്ഞാപനം വഴി തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം താഴ്ന്ന ശമ്പള സ്കെയിലിലെ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ കാറ്റഗറിയിൽ രണ്ടു വർഷത്തെ സർവീസും ഈ തസ്തികയ്ക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം. (G.O.(P) No.531/2007/GAD dated 13.12.2007)

(ബി) ഈ വിജ്ഞാപനത്തിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള മാതൃകയിൽ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് (സർവ്വീസ് വിവരങ്ങൾ അടങ്ങുന്ന) വകുപ്പ് / ഓഫീസ് മേലധികാരിയിൽ നിന്നും ഉദ്യോഗാർത്ഥികൾ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റു വിധേനയോ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാർ ഈ വിജ്ഞാപനമനുസരിച്ചുള്ള 2 % ഒഴിവിലേയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

(സി) സ്വീകാര്യമായ അപേക്ഷ സമർപ്പിക്കുന്ന താഴ്ന്ന സ്കെയിൽ ശമ്പളമുള്ള ജീവനക്കാർ ഈ തസ്തികയ്ക്ക് നേരിട്ടുള്ള നിയമനത്തിനായി നടക്കുന്ന പൊതു പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. ഈ പരീക്ഷയിൽ 40 % മാർക്ക് നേടുന്ന ഉദ്യാഗാർത്ഥികൾക്കായി ഒരു പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും എഴുതി അറിയിക്കുന്ന മൊത്തം ഒഴിവുകളുടെ 2 % ഒഴിവുകളിലേയ്ക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ നടത്തുന്നതുമാണ്. ഈ വിജ്ഞാപന പ്രകാരമുള്ള നിയമന ശിപാർശ തസ്തികമാറ്റം വഴിയുള്ള ഒഴിവുകളിലേക്കായതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ രണ്ടാം ഭാഗത്തിൽ 14 മുതൽ 17 വരെ പ്രതിപാദിക്കുന്ന റൂളുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല. തസ്തികമാറ്റം മുഖേനയുള്ള 2% നിയമനത്തിന് അർഹരായ ഉദ്യോഗാർത്ഥികൾ ആരും തന്നെ ലഭ്യമല്ലെങ്കിൽ ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനത്തിനു തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ മുഴുവൻ പേരെയും നിയമന ശിപാർശ ചെയ്യാതെ വരുന്ന പക്ഷം 'ടി' ഉദ്യോഗാർത്ഥികളുടെ പേരുകൾ തദനുസരണമായി പിന്നീട് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി കമ്മീഷൻ തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റിൽ ആദ്യം ഉൾപ്പെടുത്തുന്നതും നിയമന ശിപാർശ നടത്തുന്നതുമാണ്. (08.12.1989 ലെ ജി.ഒ.(പി) 39/89/ പി.ആർ.ഡി കാണുക)

(ഡി) ഈ വിജ്ഞാപന പ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ കാണിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലേയ്ക്കും പ്രസ്തുത തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകും. ഓരോ വകുപ്പിലേയ്ക്കും അതാതു വകുപ്പിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാർശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വീണ്ടും വേറൊരു വകുപ്പിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹത ഇല്ലാതാകുന്നതുമാണ്. ഒന്നിലധികം വകുപ്പുകളിലേയ്ക്ക് ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു വകുപ്പിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ വീണ്ടും രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഇത്തരം കേസുകളിൽ ഉദ്യോഗാർത്ഥിക്ക് ഏതു വകുപ്പിൽ നിന്നാണോ പിരിച്ചുവിടപ്പെട്ടത് ആ വകുപ്പിൽ അയാൾക്കുണ്ടായിരുന്ന പ്രൊബേഷൻ അവകാശം നഷ്ടപ്പെടുന്നതുമാണ്. പിരിച്ചുവിടപ്പെട്ട വകുപ്പിൽ തന്നെ പുനർ നിയമനം ആഗ്രഹി

ക്കുന്ന പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ആദ്യത്തെ വകുപ്പിൽ ഒഴിവ് ഉണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക വകുപ്പിൽ തന്നെ ആദ്യ നിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**7. യോഗ്യതകൾ :** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദം അഥവാ തത്തുല്യ യോഗ്യത.

**അനുബന്ധം:** കുറിപ്പ് (എ) യിൽ പരാമർശിക്കുന്ന ഉദ്യോഗാർത്ഥികൾ വകുപ്പ് ആഫീസ് മേലധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമായ സർവ്വിസ് സർട്ടിഫിക്കറ്റിന്റെ മാതൃക.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ : 59/2021
## ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I
## പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ച്ചറൽ വിഭാഗം)

**1. വകുപ്പ്** : പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ച്ചറൽ വിഭാഗം)

**2. ഉദ്യോഗപ്പേര്** : ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I

**3. ശമ്പളം** : ₹ 26,500–56,700 /

**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് II ലെ രണ്ടാം ഖണ്ഡിക നോക്കുക.)

കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിഭാഗം) സബോഡിനേറ്റ് സർവ്വീസിലെയും പൊതുമരാമത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെയും ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. (ഭാഗം II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 ലെ കുറിപ്പിലെ വ്യവസ്ഥ പ്രകാരം 'യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല' എന്ന വ്യവസ്ഥ ഈ തസ്തികയ്ക്ക് ബാധകമാണ്.)

*7.* **യോഗ്യതകൾ** : പത്താം തരത്തിനുശേഷം കേരള സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ സാങ്കേതിക വിദ്യാഭ്യാസ ബോർഡിൽ നിന്നും ആർക്കിടെക്ച്ചറിൽ നേടിയ ത്രിവത്സര ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ.

ഓട്ടോ കാഡ് ലെവൽ 1, 2 എന്നിവയിൽ കമ്പ്യൂട്ടർ ഡ്രാഫ്റ്റിംഗിലെ വൈദഗ്ദ്യം അല്ലെങ്കിൽ കാലാകാലങ്ങളിൽ കേരള സർക്കാർ തത്തുല്യമായി അറിയിച്ചിട്ടുള്ള സമാനമായ ഏതെങ്കിലും ആർക്കിടെക്ചറൽ CAD സോഫ്റ്റ് വെയർ.

**കുറിപ്പ്:** തെരഞ്ഞെടുപ്പ് സമയത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രാക്ടിക്കൽ ടെസ്റ്റിൽ കംപ്യൂട്ടർ ഡ്രാഫ്റ്റിംഗിലെ പ്രാവീണ്യം തെളിയിക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ : 60/2021
## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ഓവർസിയർ (സിവിൽ)
## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

**1. വകുപ്പ്** : കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

**2. ഉദ്യോഗപ്പേര്** : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ഓവർസിയർ (സിവിൽ)

**3. ശമ്പളം** : ₹ 26500–56700/

**4. ഒഴിവുകളുടെ എണ്ണം** : 13 (പതിമൂന്ന്)

കുറിപ്പ്: 2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

3. 03.01.2013 ലെ G.O (P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 01.01.2003നും 02.01.1985നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) എസ്സ്.സി /എസ്സ്.ടി വിഭാഗങ്ങൾക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസിളവ് ഉണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2 ആം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ റഗുലറായി ജോലി നോക്കുന്നവർക്ക് അവർ നിശ്ചിത യോഗ്യത നേടിയിട്ടുണ്ടെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :** 1. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2. താഴെ പറയുന്ന യോഗ്യതകളിൽ ഏതെങ്കിലുമൊരു യോഗ്യത നേടിയിരിക്കണം.

(i) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) നടത്തുന്ന സിവിൽ എഞ്ചിനീയറിംഗ് മെമ്പർഷിപ്പ് പരീക്ഷയുടെ 'എ' യും 'ബി' യും സെക്ഷനുകൾ ജയിച്ചിരിക്കണം.

(ii) കേരള സർക്കാരിന്റെ ത്രിവൽസര സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യമായ ഡിപ്ലോമ.

8 പ്രൊബേഷൻ ഈ തസ്തികയിലേയ്ക്ക് നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

12 (a) പൊതുവ്യവസ്ഥകളിലെ 2 ആം ഖണ്ഡികയിലെ (v),(viii),(ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 7 ആം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 61/2021
## പാർട്ട് I (ജനറൽ കാറ്റഗറി)
## പേഴ്സണൽ മാനേജർ
## കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : പേഴ്സണൽ മാനേജർ

**3. ശമ്പളം** : ₹ 22,800–48,000/

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** (i) ഈ ഒഴിവുകൾ ഇപ്പോൾ പേഴ്സണൽ മാനേജർ തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ മേൽ വിഭജനത്തിന് തുടർച്ചയായി ജനറൽ കാറ്റഗറിയിൽ (പാർട്ട് I) നിന്നും സൊസൈറ്റി കാറ്റഗറിയിൽ (പാർട്ട് II) നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. കെ.എസ് ആന്റ് എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

(II) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

(iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ട് വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം :** 18–40. ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ:**

1) മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ ബിരുദം (എം.ബി.എ) അല്ലെങ്കിൽ മാസ്റ്റർ ഓഫ് ബിസിനസ് മാനേജ്മെന്റ് ബിരുദം/മാസ്റ്റർ ഓഫ് പേഴ്സണൽ മാനേജ്മെന്റ് ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച തത്തുല്യ യോഗ്യത

2) യോഗ്യത നേടിയ ശേഷം ഒരു പ്രശസ്ത സ്ഥാപനത്തിൽ നിന്നുമുള്ള പേഴ്സണൽ മാനേജ്മെന്റിലുള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

4) പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്ലോഡ് ചെയ്തതിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**നോട്ട്** : 1)ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X,XI, XII, XIII എന്നീ ഉപഖണ്ഡിക ഖണ്ഡികകളും 5(a), 7 ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 62/2021
## പാർട്ട് II (സൊസൈറ്റി കാറ്റഗറി)
## പേഴ്സണൽ മാനേജർ
## കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : പേഴ്സണൽ മാനേജർ

**3. ശമ്പളം** : ₹ 22,800 –48,000/

**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** (i) ഈ തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ കാറ്റഗറി വിഭാഗത്തിനുള്ളതാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

(iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

(v) ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമന ശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. KS&SSRലെ ജനറൽ റൂൾസ് 14 17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

**5. നിയമനരീതി :** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തു വരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50. ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ:**

1) കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റിഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അംഗമായിട്ടുള്ളതുമായ സഹകരണ സംഘത്തിൽ ഏതെങ്കിലും തസ്തികയിൽ മൂന്നു വർഷത്തിൽ കുറയാത്ത റഗുലർ സർവീസ് ഉള്ളവരും സർവീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരുമായിരിക്കണം.

2) മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ ബിരുദം (എം.ബി.എ) അല്ലെങ്കിൽ മാസ്റ്റർ ഓഫ് ബിസിനസ് മാനേജ്മെന്റ് ബിരുദം/മാസ്റ്റർ ഓഫ് പേഴ്സണൽ മാനേജ്മെന്റ് ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച തത്തുല്യ യോഗ്യത

3) യോഗ്യത നേടിയ ശേഷം ഒരു പ്രശസ്ത സ്ഥാപനത്തിൽ നിന്നുമുള്ള പേഴ്സണൽ മാനേജ്മെന്റിലുള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

8) പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ upload ചെയ്തതിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**നോട്ട് :** 1)ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ട താണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ് :** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

9) ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് upload ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് upload ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

13. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 5(a), 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 63/2021
## എക്സ്റേ ടെക്നീഷ്യൻ
## മൃഗസംരക്ഷണം

**1. വകുപ്പ്** : മൃഗസംരക്ഷണം
**2. ഉദ്യോഗപ്പേര്** : എക്സ്റേ ടെക്നീഷ്യൻ
**3. ശമ്പളം** : ₹ 22200-48000/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായം** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ**: 1. എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഒരു മെഡിക്കൽ കോളേജിൽ നിന്നോ അല്ലെങ്കിൽ ഒരു ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നോ എക്സ്റേ ടെക്നീഷ്യൻ കോഴ്സ് പാസ്സായിരിക്കണം.

## കാറ്റഗറി നമ്പർ : 64/2021
## ലക്ചറർ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്)
## സാങ്കേതിക വിദ്യാഭ്യാസം
## (ഗവ. പോളിടെക്നിക്ക് കോളേജുകൾ)

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (ഗവ. പോളിടെക്നിക്ക് കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : ലക്ചറർ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്)
**3. ശമ്പളം** : ₹15,600-39,100/(AICTE pay band with AGP 5400)
**4. ഒഴിവുകളുടെ എണ്ണം** : 14 (പതിനാല്)

**കുറിപ്പ്:** 17.10.2012 ലെ GO (P)No 61/2012/SWD ,04.09.2019 ലെ GO (P) No 9/2019 /SJD എന്നിവ പ്രകാരം ആകെയുള്ള ഒഴിവുകളുടെ 3% അർഹതപ്പെട്ട ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, കാഴ്ചകുറവുള്ളവർ, ശ്രവണവൈകല്യമുള്ളവർ എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം** : 20-39 , ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ് (യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2021 ൽ 50 വയസ്സ് കവിയാൻ പാടില്ല).

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനു ശേഷം ബന്ധപ്പെട്ട വിഷയത്തിൽ എഞ്ജിനീയറിംഗിലോ, ടെക്നോളജിയിലോ നേടിയ ഒന്നാം ക്ലാസ്സ് ബാച്ചിലർ ബിരുദം.

**കുറിപ്പ്:** അടിസ്ഥാന യോഗ്യതകൾ മുൻഗണനാ ക്രമത്തിൽ
1. ഡിഗ്രി ഇൻ കമ്പ്യൂട്ടർ എൻജിനീയറിംഗ്
2. ഡിഗ്രി ഇൻ കമ്പ്യൂട്ടർ ടെക്നോളജി

**പ്രതിരോധ സേവനം:** മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധ വകുപ്പിലെ ഈ സേവന ബാധ്യത സർവ്വീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ : 65/2021
## ലക്ചറർ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്)
## സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്ക് കോളേജുകൾ)

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്ക് കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : ലക്ചറർ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്)
**3. ശമ്പളം** : ₹ 15600-39,100/-(AICTE pay band with AGP 5400)
**4. ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ്:** 17-10-2012 ലെ GO (P) No 61/2012/SWD , 04-09-2019 ലെ GO (P) No 9/2019 SJD എന്നിവ പ്രകാരം ആകെയുള്ള ഒഴിവുകളുടെ 3% അർഹതപ്പെട്ട ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, കാഴ്ചകുറവുള്ളവർ, ശ്രവണവൈകല്യമുള്ളവർ എന്നീ ഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം .
**6. പ്രായം** : 20-39 , ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2001ത്തിനും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**കുറിപ്പ്:** സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ് (യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2021 ൽ 50 വയസ്സ് കവിയാൻ പാടില്ല).

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനു ശേഷം മെക്കാനിക്കൽ എഞ്ജിനീയറിംഗിൽ നേടിയ ഒന്നാം ക്ലാസ്സ് ബിരുദം.

**പ്രതിരോധ സേവനം:** മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധ വകുപ്പിലെ ഈ സേവന ബാധ്യത സർവ്വീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ : 66/2021
## വിഭാഗം I (ജനറൽ കാറ്റഗറി)
## വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III
## കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III
**3. ശമ്പളം** : ₹ 16500-38650 /
**4. ഒഴിവുകളുടെ എണ്ണം** : 24 (ഇരുപത്തിനാല്)

**കുറിപ്പ്:** 1. മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവുകൾ ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളവയാണ്. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും സൊസൈറ്റി വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

3. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18-40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത.

ബിരുദധാരികൾ ഈ തസ്തികയ്ക്ക് യോഗ്യരായിരിക്കുന്നതല്ല.

11. പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (2) ഖണ്ഡികയിലെ V,VIII,IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും 5 (a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 67/2021
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)
## വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III
**3. ശമ്പളം** : ₹ 16500-38650 /
**4. ഒഴിവുകളുടെ എണ്ണം** : 23 (ഇരുപത്തിമൂന്ന്)

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവുകൾ ഈ തസ്തികയുടെ സൊസൈറ്റി വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതും കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെട്ടിട്ടുള്ള 47 (നാൽപത്തിയേഴ്) ഒഴിവുകൾ, ജനറൽ കാറ്റഗറി, സൊസൈറ്റി കാറ്റഗറി വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ, സൊസൈറ്റി കാറ്റഗറിക്ക് മാത്രമായി ലഭിച്ചിട്ടുള്ളതുമാകുന്നു. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം) നിന്നും സൊസൈറ്റി വിഭാഗത്തിൽ (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള വിഭാഗം) നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവുകളിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3. ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

4. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

5. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സ്ഥിരമായി ജോലി ചെ

യ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50. ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ:** അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത.

**കുറിപ്പ് :** ബിരുദധാരികൾ ഈ തസ്തികയ്ക്ക് യോഗ്യരായിരിക്കുന്നതല്ല.

**കുറിപ്പ്: 4.** ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11. പൊതു വ്യവസ്ഥകളിലെ 2, 5(a), 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 68/2021
## ഓവർസിയർ
## കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : ഓവർസിയർ |
| 3 | **ശമ്പളം** | : ₹ 16,300–28,600/ |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ് :** ടി തസ്തികയുടെ 3 % ഒഴിവുകൾ ചലന വൈകല്യം / സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, കാഴ്ചവൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013ലെ GO(P)No.1/13/SJD ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്നു.

മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം

**6. പ്രായം :** 18–36 ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

**7. യോഗ്യതകൾ :**

(1) എസ്എസ്എൽസി അല്ലെങ്കിൽ തത്തുല്യ യോഗ്യത

(2)കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നൽകുന്ന സിവിൽ/ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള മൂന്ന് വർഷ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 69/2021
## ലോവർ ഡിവിഷൻ ക്ലർക്ക്
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ |
| **2. ഉദ്യോഗപ്പേര്** | : ലോവർ ഡിവിഷൻ ക്ലർക്ക് |
| **3. ശമ്പളം** | : ₹ 14,140-27,940/ |
| **4. ഒഴിവുകളുടെ എണ്ണം** | : 05 (അഞ്ച്.) |

03/01/13 ലെ G.O.(P) No. 1/13/SJD പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision) ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.

**കുറിപ്പ്:** i) ഈ ഒഴിവുകൾ (05) ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിച്ച 10 (പത്ത്) ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ വിഭാഗത്തിന് നല്കിയിട്ടുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്. സഹകരണ മേഖലയിലെ ഓരോ അപ്പെക്സ് സൊസൈറ്റികളിൽ നിന്നും സമാന യോഗ്യത ആവശ്യമായ ഇതേ തസ്തികയിലേക്ക് ഈ ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകളെ ഈ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതാണ്. ഓരോ അപ്പെക്സ് സൊസൈറ്റിയിലെയും ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ് ആന്റ് എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

II) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ട് വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–40. ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ:**

(1) (A) കോമേഴ്സിലുള്ള ബിരുദം അല്ലെങ്കിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും കോ-ഓപ്പറേഷൻ പ്രത്യേക വിഷയമായി നേടിയ ബിരുദം.

**അല്ലെങ്കിൽ**

(B) (I) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബി.എ/ബി.എസ്.സി/ബി.കോം. (3വർഷം) ബിരുദവും

(ii) HDC അല്ലെങ്കിൽ തത്തുല്യ യോഗ്യതയും ( കേരളത്തിലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ നൽകുന്ന HDC അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോഓപ്പറേറ്റീവ് ട്രെയിനിംഗ് നൽകുന്ന HDC/HDCM) അല്ലെങ്കിൽ സബോർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (JDC) വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

(C) കേരള അഗ്രിക്കൾച്ചറൽ സർവകലാശാലയിൽനിന്നും നേടിയ ബി.എസ്.സി. (കോഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ബിരുദം.

(2) കേരള ഗവൺമെന്റ് അല്ലെങ്കിൽ കേന്ദ്രഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ച കംപ്യൂട്ടർ ആപ്ലിക്കേഷൻ/ഡാറ്റാ എൻട്രി സർട്ടിഫിക്കറ്റ്.

11. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2ാം ഖണ്ഡികയിലെ v, viii,ix, x, xi, xii, xiii എന്നീ ഉപഖണ്ഡികകളും 7-ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 70/2021
## ലോവർ ഡിവിഷൻ ക്ലർക്ക്
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്. |
| **2. ഉദ്യോഗപ്പേര്** | : ലോവർ ഡിവിഷൻ ക്ലർക്ക് |
| **3. ശമ്പളം** | : ₹ 14,140–27,940/ |
| **4. ഒഴിവുകളുടെ എണ്ണം** | : 05 (അഞ്ച്) |

03/01/2013ലെ GO(P)No.1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു

**കുറിപ്പ്:** i) ഈ ഒഴിവുകൾ (05) ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിച്ച 10 (പത്ത്) ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് നൽകിയിട്ടുള്ളതാണ്. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേക്ക് എഴുതി അറിയിക്കുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറി (പാർട്ട് I) ൽ നീന്നും സൊസൈറ്റി കാറ്റഗറി (പാർട്ട് II)ൽ നിന്നും മാറി മാറി നിയമനം നടത്തുന്നതാണ്. ഈ തസ്തികയ്ക്ക് ഇനി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളും 1:1 എന്ന അനുപാതത്തിൽ മേൽ വിഭജനത്തിന് തുടർച്ചയായി വിഭജിച്ച് സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേയ്ക്ക് ഈ വിജ്ഞാന പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

v) ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമന ശിപാർശ നടത്തുന്നതാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958ലെ KS&SSRലെ ജനറൽ റൂൾസ് 14 17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

**5. നിയമനരീതി :** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തു വരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–50, ഉദ്യോഗാർത്ഥികൾ 02/01/1971നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ:** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ 3 വർഷത്തിൽ കുറയാത്ത സ്ഥിരം സേവനം ഉള്ളവരും നിശ്ചിത യോഗ്യതയുള്ളവരുമായിരിക്കണം. അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവീസിൽ തുടരുന്നവരുമായിരിക്കണം.

(A) കോമേഴ്സിലുള്ള ബിരുദം അല്ലെങ്കിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും കോ ഓപ്പറേഷൻ പ്രത്യേക വിഷയമായി നേടിയ ബിരുദം.

**അല്ലെങ്കിൽ**

(B) (i) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബി.എ/ബി.എസ്.സി/ബി.കോം. (3 വർഷം) ബിരുദവും

(ii) HDC അല്ലെങ്കിൽ തത്തുല്യ യോഗ്യതയും (കേരളത്തിലെ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് യൂണിയൻ നൽകുന്ന HDC അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോഓപ്പറേറ്റീവ് ട്രെയിനിംഗ് നൽകുന്ന HDC/HDCM) അല്ലെങ്കിൽ സബോർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (JDC) വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

(C) കേരള അഗ്രിക്കൾച്ചറൽ സർവകലാശാലയിൽ നിന്നും ബി.എസ്.സി. (കോ ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ബിരുദം.

3) കേരള ഗവൺമെന്റ് അല്ലെങ്കിൽ കേന്ദ്രഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും നേടിയ കംപ്യൂട്ടർ ആപ്ലിക്കേഷൻ/ഡാറ്റാ എൻട്രി ഓപ്പറേഷൻ സർട്ടിഫിക്കറ്റ്.

(3) കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

8) ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

12. പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്ററി നമ്പർ : 71/2021
## ഫയർമാൻ ഗ്രേഡ് II
## കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്** : കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ഫയർമാൻ ഗ്രേഡ് II
**3 ശമ്പളം** : ₹ 12070 – 32830/-
**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

**കുറിപ്പ് :** ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ് : വനിതകളും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളും ഈ തസ്തികയിൽ നിയമിക്കപ്പെടാൻ അർഹരല്ല.**

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi) & (xii) നോക്കുക.)

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യം.

2. വ്യോമസേനയിലോ, സംസ്ഥാന അഗ്നിശമന സേനയിലോ, ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനത്തിന്റെ ഫയർ സർവ്വീസിലോ ഫയർഫൈറ്റിംഗിൽ ഉള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

3. ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 165 സെ.മീ. ഉയരം, 50 കി.ഗ്രാം ഭാരം, 81 സെ.മീ. സാധാരണ നെഞ്ചളവ്, 86.6 സെ.മീ വികസിത നെഞ്ചളവ് എന്നീ ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനുശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തിയതിക്കു മുൻപായി നേടിയതായിരിക്കണം.

2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി /മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. പ്രവൃത്തി പരിചയം സംബന്ധിച്ച വിവരങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19, 20, 21-ാം ഖണ്ഡിക കാണുക.

4. ജോലിചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (vii), (viii), (ix), (x) (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 72/2021
## ജൂനിയർ ടൈപ്പിസ്റ്റ്
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപെക്സ് സൊസൈറ്റികൾ
**2. ഉദ്യോഗപ്പേര്** : ജൂനിയർ ടൈപ്പിസ്റ്റ്
**3. ശമ്പളം** : ₹ 11,770 – 28,670/-
**4. ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** i) ഈ തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ (HOUSEFED) നിന്നും അറിയിച്ചിട്ടുള്ള 03 (2 Fresh + 1 NJD) ഒഴിവുകൾ ജനറൽ വിഭാഗത്തിനുമാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. സഹകരണ മേഖലയിലെ ഓരോ അപെക്സ് സൊസൈറ്റിയിൽ നിന്നും സമാന യോഗ്യത ആവശ്യമായ ഇതേ തസ്തികയിലേക്ക് ഈ ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകളെ ഈ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതാണ്. ഓരോ അപെക്സ് സൊസൈറ്റിയിലെയും ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ് & എസ്.എസ്.ആർ.ലെ ജനറൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 8–40, ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ:**

1) എസ്. എസ്. എൽ. സി പാസായിരിക്കണം

2) ടെപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) കെ. ജി. റ്റി. ഇ അല്ലെങ്കിൽ എം. ജി. റ്റി. ഇ.

3) ടെപ്പ് റൈറ്റിംഗ് മലയാളം (ലോവർ) കെ. ജി. റ്റി. ഇ

11. പൊതു വ്യവസ്ഥകളിലെ രണ്ടാം (2) ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും 7-ാം ഖണ്ഡികയും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 73/2021
## ജൂനിയർ ടൈപ്പിസ്റ്റ്
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## പാർട്ട് II (സൊസൈറ്റി കാറ്റഗറി)

**1 സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ജൂനിയർ ടൈപ്പിസ്റ്റ്
**3 ശമ്പളം** : ₹ 11,770 – 28,670/-
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Pasly, Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്** i) ഈ തസ്തികയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ കാറ്റഗറി വിഭാഗത്തിനുള്ളതാണ്. ജനറൽ ഓപ്പൺ മാർക്കറ്റ് കാറ്റഗറിക്കും സൊസൈറ്റി കാറ്റഗറിക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ജനറൽ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടേയും റാങ്കുലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമനം ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ചുകിട്ടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ടു വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) എസ്. എസ്. എൽ. സി പാസായിരിക്കണം

3) ടെപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) കെ. ജി. റ്റി. ഇ അല്ലെങ്കിൽ എം. ജി. റ്റി. ഇ.

4) ടെപ്പ് റൈറ്റിംഗ് മലയാളം (ലോവർ) കെ. ജി. റ്റി. ഇ

4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. Service Certificate പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 74/2021
## അക്കൗണ്ട്സ് ഓഫിസർ
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

1 **വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : അക്കൗണ്ട്സ് ഓഫിസർ
3 **ശമ്പളം** : ₹ 10790–18000/-
4 **ഒഴിവുകളുടെ എണ്ണം** : 01(ഒന്ന്)

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്** :ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ പിന്നീടും 6(ആറ് ) മാസം കൂടെ ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

6 **പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി /പട്ടിക വർഗ്ഗ,മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(xii)&(xiv) നോക്കുക.)

**യോഗ്യതകൾ** : കൊമേഴ്സിൽ ഒന്നാം ക്ലാസ്സോടെയുള്ള ബിരുദത്തോടൊപ്പം CA/ICWA ഇന്റർമീഡിയേറ്റ് പരീക്ഷയും വിജയിച്ചിരിക്കണം, കൂടാതെ വൻകിട അല്ലെങ്കിൽ ഇടത്തരം വ്യവസായശാലകളിലെ അക്കൗണ്ട്സ് വിഭാഗത്തിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

(5) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം (ലേബർ ഓഫിസർ സാഷ്യപെടുത്തിയത്)

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : 1. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.

2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സംസ്ഥാന /കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. പരിചയസർട്ടിഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19,20,21-ാം ഖണ്ഡിക കാണുക .

4. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v,viii, ix,x,xi&xiii എന്നീ ഉപഖണ്ഡികകളും,ഖണ്ഡികകൾ 5(a),6,7 എന്നിവയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 11/2020/ID),അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 75/2021
## ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രോണിക്സ്)
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

1 **സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രോണിക്സ്)
3. **ശമ്പളം** : ₹10405 – 24245/-
4. **ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിതം

**കുറിപ്പ്:** i) കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ടെക്നീഷ്യൻ ഗ്രേഡ് - II (ഇലക്ട്രോണിക്സ്) തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള കാറ്റഗറി), സൊസൈറ്റി കാറ്റഗറി (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള കാറ്റഗറി) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ, ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ, വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൻ നിന്നും (പാർട്ട് II) നികത്തുന്നതാണ്. കെ.എസ്.&എസ്.എസ്.ആർ, 1958ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം

6. **പ്രായം** : 18–40, ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് ii പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ് /സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

7. **യോഗ്യതകൾ:**

1. എസ്. എസ്. എൽ. സി. ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. ഇലക്ട്രോണിക്സിലുള്ള ഐ.ടി.ഐ.(ITI) / എൻ.എ.സി.(NAC)/ എൻ.ടി.സി. (NTC).

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

11. പൊതു വ്യവസ്ഥകളിലെ രണ്ടാം (2) ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 76/2021
## ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രോണിക്സ്)
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

1 **സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രോണിക്സ്)
3 **ശമ്പളം** : ₹10405 – 24245/-
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്** : i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതും, കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ടെക്നീഷ്യൻ ഗ്രേഡ് ii (ഇലക്ട്രോണിക്സ്) തസ്തികയ്ക്ക് എഴുതി അറിയിച്ച 2 (രണ്ട്) ഒഴിവുകളിൽ ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥി കൾക്കായുള്ള കാറ്റഗറി), സൊസൈറ്റി കാറ്റഗറി (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ, ജീവനക്കാർക്കായുള്ള കാറ്റഗറി) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി കാറ്റഗറിക്ക് മാത്രമായി ലഭിച്ചിട്ടുള്ളതാകുന്നു. ഈ തസ്തികയ്ക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ മേൽവിഭജനത്തിന് തുടർച്ചയായി വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് i) സൊസൈറ്റി കാറ്റഗറിയിൽ നിന്നും (പാർട്ട് ii) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്.

iii) ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14,17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

v) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമന രീതി** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ, സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോ ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) എസ്.എസ്.എൽ.സി. ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത

3)ഇലക്ട്രോണിക്സിലുള്ള ഐ.ടി.ഐ.(ITI) / എൻ.എ.സി.(NAC)/ എൻ.ടി.സി. (NTC).

**കുറിപ്പ്**: iv) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

v) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നുംവാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതുവ്യവസ്ഥകളിലെ 2, 5a, 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 77/2021
## അക്കൗണ്ട്സ് അസിസ്റ്റന്റ്
## കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്

1 **സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : അക്കൗണ്ട്സ് അസിസ്റ്റന്റ്
3 **ശമ്പളം** : ₹ 9190–15780/- (PR)
4 **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്** : (ii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.

(iii) 03.01.2013 തീയതിയിലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ചശക്തി കുറഞ്ഞവർ) നീക്കിവെച്ചിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാ

നുസൃത വയസ്സ് ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi)(vii) ,(xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ:**(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.കോം ബിരുദം
(2) ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ചുരുങ്ങിയത് മൂന്ന് മാസത്തെ കോഴ്സ് പഠനത്തിന് ശേഷം നേടിയ ഡി സി എ യോഗ്യത

**പ്രൊബേഷൻ:** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നയാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

10 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 78/2021
## കമ്പ്യൂട്ടർ ഓപ്പറേറ്റർ
## കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : കമ്പ്യൂട്ടർ ഓപ്പറേറ്റർ
**3 ശമ്പളം** : ₹ 9190–15780/ (PR)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്** : (ii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.
(iii) 03.01.2013 തീയതിയിലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, അന്ധത/ കാഴ്ചാ വൈകല്യമുള്ളവർ) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi)(vii) ,(xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ:** (1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ നേടിയ ബാച്ചിലർ ബിരുദം
(2) ഗവണ്മെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡേറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ അല്ലെങ്കിൽ ഡേറ്റാ എൻട്രി ആൻഡ് കൺസോൾ ഓപ്പറേഷനിൽ നേടിയ സർട്ടിഫിക്കറ്റ്

**പ്രൊബേഷൻ:** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നയാൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

1. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 79/2021
## ബോയ്‌ലർ അറ്റന്റന്റ്
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ബോയ്‌ലർ അറ്റന്റന്റ്
**3 ശമ്പളം** : ₹ 8790–13610/–
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**കുറിപ്പ് :** ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും. ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ പിന്നീടും 6(ആറ്) മാസം കൂടെ ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

**6 പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റുപിന്നോക്കവിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും .
**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(xii)&(xiv) നോക്കുക.)

**യോഗ്യതകൾ** : ഒന്നാം ക്ലാസ്സോടെയുള്ള ബോയ് ലർ അറ്റന്റന്റ് സർട്ടിഫിക്കറ്റും, വൻകിട/ഇടത്തരം വ്യവസായശാലകളിൽ ബോയ്‌ലർ പ്രവർത്തിപ്പിക്കുന്നതിൽ /പരിപാലിക്കുന്നതിൽ (operating and maintaining) ഉള്ള അഞ്ചു വർഷത്തെ പ്രവർത്തിപരിചയവും.
(5) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം (ലേബർ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : 1. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.
2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.
3. പരിചയസർട്ടിഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19,20,21–ാം ഖണ്ഡിക കാണുക
4. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v,viii, ix,x,xi&xiii എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 5(a),6,7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 11/2020/ID), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 80/2021
## അസിസ്റ്റന്റ് കെമിസ്റ്റ്
## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

1. വകുപ്പ് : ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
2. ഉദ്യോഗപ്പേര് : അസിസ്റ്റന്റ് കെമിസ്റ്റ്
3. ശമ്പളം : ₹ 5890 – 15210/–
4. ഒഴിവുകളുടെ എണ്ണം : 06 (ആറ്)

**കുറിപ്പ്** : (ii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01. 2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv), (vi), (vii), (xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ഒന്നാം ക്ലാസ് ബി എസ് സി. കെമിസ്ട്രി ബിരുദം (കുറഞ്ഞത് 60% മാർക്ക്)

അല്ലെങ്കിൽ

ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ എം എസ് സി. കെമിസ്ട്രി ബിരുദം
**കുറിപ്പ്** :ടി തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഫാക്ടറീസ് ആക്ട്/റൂൾസ് അനുസരിച്ച് 3 ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യേണ്ടതായിട്ടുണ്ട്.

11.(a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 81/2021
## സൂപ്പർവൈസർ
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : സൂപ്പർവൈസർ
**3 ശമ്പളം** : ₹ 5250–8150/ -(Pre-Revised)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**കുറിപ്പ്** :ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ പിന്നീടും 6 (ആറ് ) മാസം കൂടെ ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

**6 പ്രായം** :18–36 ;ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി /പട്ടിക വർഗ്ഗ,മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
കുറിപ്പ്: വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(xii)&(xiv) നോക്കുക.)

**7 യോഗ്യതകൾ** : മെക്കാനിക്കൽ/ ഇലക്ട്രിക്കൽ /കെമിക്കൽ എൻജിനീയറിങ്ങിൽ ഡിപ്ലോമയും പ്ലൈവുഡ് വ്യവസായം/ തൊഴിൽശാലയിൽ മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും.
(5) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം (ലേബർ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : 1. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.
2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സംസ്ഥാന /കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.
3. പരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19,20,21–ാം ഖണ്ഡിക കാണുക
4. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ v,viii, ix,x,xi&xiii എന്നീ ഉപഖണ്ഡികകളും,ഖണ്ഡികകൾ 5(a),6,7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b)മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 11/2020/ID),അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 82/2021
## സ്റ്റോർ അസിസ്റ്റന്റ്
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : സ്റ്റോർ അസിസ്റ്റന്റ്
**3 ശമ്പളം** : ₹5250–8390/–
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന് )

iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
03.01.2013 ലെ GO(P)No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/ സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച കുറവുള്ളവർ എന്നീ

വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു .

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്** : ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ 6(ആറ്) മാസം കൂടി ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

**6 പ്രായം** : 18–36 ; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും .

കുറിപ്പ്: വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക.)

**7 യോഗ്യതകൾ** : എസ്.എസ്.എൽസി.യും ഫിറ്റർ/ഇലക്ട്രീഷ്യൻ/ മെക്കാനിക്കൽ/സിവിൽ ട്രേഡിലുള്ള ഐ.ടി.ഐ അല്ലെങ്കിൽ ഐ.ടി.സി ട്രേഡ് സെർട്ടിഫിക്കറ്റും.

11 (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix , x, xi & xiii എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 6,7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 11/2020/ID), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 83/2021
## സ്റ്റോർ കീപ്പർ
## കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**1 വകുപ്പ്** : കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : സ്റ്റോർ കീപ്പർ

**3 ശമ്പളം** : ₹ 5000–8150/-(Pre-Revised)

**4 ഒഴിവുകളുടെ എണ്ണം** : 01(ഒന്ന്)

**കുറിപ്പ്** iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

03.01.2013 ലെ GO(P)No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്നു ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/ സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച കുറവുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്** :ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തെ സർവീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.ഇത് കൂടാതെ പ്രൊബേഷൻ കാലാവധി ആവശ്യമെങ്കിൽ പിന്നീടും 6(ആറ്)മാസം കൂടെ ദീർഘിപ്പിക്കുന്നതിനു നിയമനാധികാരിക്ക് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

**6 പ്രായം** : 18–36 ;ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി /പട്ടിക വർഗ്ഗ,മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും .

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(xii)&(xiv) നോക്കുക.)

**7 യോഗ്യതകൾ** : ബിരുദത്തോടൊപ്പം വൻകിട അല്ലെങ്കിൽ ഇടത്തരം വ്യവസായശാലയിലെ സ്റ്റോർ വിഭാഗത്തിൽ സ്റ്റോർകീപ്പർ തസ്തികയിലുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും .

5.പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം (ലേബർ ഓഫിസർ സാഷ്യപെടുത്തിയത്)

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : 1. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം .

2. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സംസ്ഥാന /കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. പരിചയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19,20,21–ാം ഖണ്ഡിക നോക്കുക

4. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11 (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix ,x, xi & xiii എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 6,7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (13/01/2020 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 11/2020/ID), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 84/2021
## ഇലക്ട്രീഷ്യൻ ഗ്രേഡ് 2
## കേരള സിറാമിക്സ് ലിമിറ്റഡ്

**1. വകുപ്പ്** : കേരള സിറാമിക്സ് ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ ഗ്രേഡ് 2

**3. ശമ്പളം** : ₹ 3560–4935/- (PR)

**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്** (ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം

(iii) ടി തസ്തികയുടെ 3% ഒഴിവുകൾ ചലനവൈകല്യം / സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി 03.01.2013 ലെ GO(P)No.1/13/SJD ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ ). പട്ടികജാതി/ പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ**: എസ്.എസ്.എൽ.സി. യോടൊപ്പം ഐ.റ്റി.ഐ. ഇലക്ട്രീഷ്യൻ

അല്ലെങ്കിൽ

ഐ. റ്റി. ഐ. (വയർമാൻ ട്രേഡ്)

അല്ലെങ്കിൽ

കെ. ജി. സി. ഇ. (ഇലക്ട്രിക്കൽ)

11 (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 7 –ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(യ) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# ജനറൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 85/2021
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)
## എൽ. പി. എസ്
## വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾ ടൈം ജൂനിയർ ലാംഗേജ് ടീച്ചർ (അറബിക്) എൽ.പി.എസ്

**3. ശമ്പളം** : ₹ 25200–54000/- (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോട്ടയം – 03 (മൂന്ന്)

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്

iv)ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള കോട്ടയം ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% 07.05.2019ലെ G.O(P)No.5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1981നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബിക്) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

അല്ലെങ്കിൽ

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിക് എടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽ പരാമർശിച്ച യോഗ്യതകൾക്കു പുറമെ14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/ സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** : 1. GO(P) No 15/2020/G.Edn dated 09.10.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTETന് പകരമായി നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ല

2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3. 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21/01/1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ.(എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11.1965, ജി.ഒ.(എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ എന്നതിൽ ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച

വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ് ) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്** : താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 86/2021
## ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
## പഞ്ചായത്ത്

| | | |
|---|---|---|
| **1. വകുപ്പ്** | : | പഞ്ചായത്ത് |
| **2. ഉദ്യോഗപ്പേര്** | : | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II |
| **3. ശമ്പളം** | : | ₹ 22,200–48,000/– |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ :<br>പത്തനംതിട്ട – 02 (രണ്ട്)<br>പാലക്കാട് – 01 (ഒന്ന്)<br>കോഴിക്കോട് – 01 (ഒന്ന്) |

**കുറിപ്പ്:** ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/01/1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 04/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36 (ഉദ്യോഗാർത്ഥികൾ 02.01.1985നും 1.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

(1) എസ്.എസ്.എൽ.സി.

(2) കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ബോംബയിലെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെല്ഫ് ഗവണ്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ള സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

നാഷണൽ കൌൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷനിൽ നിന്നും ലഭിച്ചിട്ടുള്ള സാനിറ്ററി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

മറ്റേതെങ്കിലും തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 87/2021
## പ്ലംബർ കം ഓപ്പറേറ്റർ
## ആരോഗ്യം

| | | |
|---|---|---|
| **1. വകുപ്പ്** | : | ആരോഗ്യം |
| **2. ഉദ്യോഗപ്പേര്** | : | പ്ലംബർ കം ഓപ്പറേറ്റർ |
| **3. ശമ്പളം** | : | ₹ 18,000 – 41,500/– |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ<br>മലപ്പുറം – 01 (ഒന്ന്)<br>കണ്ണൂർ – 01 (ഒന്ന്) |

**കുറിപ്പ്** : (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ G.O (M.S) 154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G.O (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കകലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** (എ) പൊതു വിദ്യാഭ്യാസ യോഗ്യത : ഏഴാം സ്റ്റാൻഡേർഡോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണം.

(ബി) സാങ്കേതിക യോഗ്യത :

1. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ചിട്ടുള്ള പ്ലംബേർസ് ട്രേഡ് സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

2. മറ്റേതെങ്കിലും തത്തുല്യമായ യോഗ്യത.

**കുറിപ്പ്** : ഇപ്പോൾ നിലവിലില്ലാത്ത താഴെപ്പറയുന്ന യോഗ്യതകളും ഈ ഉദ്യോഗത്തിന് മതിയായ സാങ്കേതിക യോഗ്യതയായി പരിഗണിക്കുന്നതാണ്.

i) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നും പ്ലംബിംഗിൽ ഉള്ള സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

ii) ഇൻഡ്യ ഗവൺമെന്റിന്റെ ടി.ടി സ്കീം അനുസരിച്ചുള്ള പ്ലംബിങ്ങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം. കൂടാതെ പ്ലംബിങ്ങിലുള്ള രണ്ടു വർഷത്തിൽ കുറയാതെയുള്ള പരിചയവും ഉണ്ടായിരിക്കണം.

iii) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ നിന്നും ലഭിച്ചിട്ടുള്ള പ്ലംബിങ്ങിലുള്ള ഡിപ്ലോമ.

iv) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ നിന്നും ലഭിച്ചിട്ടുള്ള പ്ലംബേർസ് ട്രേഡ് സർട്ടിഫിക്കറ്റ്.

(സി) പമ്പുകൾ പ്രവർത്തിപ്പിക്കലും വൈദ്യുത മോട്ടോറുകളുടെ പരിപാലനവും നന്നാക്കലും സംബന്ധിച്ച പ്രാവീണ്യം (തെരഞ്ഞെടുപ്പ് സമയത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ വിലയിരുത്തുന്നതാണ്).

8. യോഗ്യതയോടൊപ്പം ചേർത്തിട്ടുള്ള കുറിപ്പിൽ ഇനം (ii) പ്രകാരമുള്ള യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കുക (യോജിക്കാത്ത ഇനം വെട്ടിക്കളയുക).

ii) യോഗ്യതയോടൊപ്പം ചേർത്തിട്ടുള്ള കുറിപ്പിലെ ഇനം (ii) പ്രകാരം യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തുകയും പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കപ്പെടുകയില്ല.

iii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്തിരിക്കേണ്ടതാണ്.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

## കാറ്റഗറി നമ്പർ : 88/2021
## ഓഫീസ് അറ്റൻഡന്റ്(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ കേരള നിയമസഭാ സെക്രട്ടേറിയറ്റ്, അക്കൗണ്ടന്റ് ജനറൽ

| | | |
|---|---|---|
| **1 വകുപ്പ്** | : | ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ/ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്/ കേരള നിയമസഭാ സെക്രട്ടേറിയറ്റ്, അക്കൗണ്ടന്റ് ജനറൽ |
| **2 ഉദ്യോഗപ്പേര്** | : | ഓഫീസ് അറ്റൻഡന്റ്(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം) |
| **3 ശമ്പളം** | : | ₹ 16500–35700/– |
| **4 ഒഴിവുകളുടെ എണ്ണം** | : | 02 (രണ്ട്)<br>(പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം) |

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:**പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 . ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ്:** 1ഈ വിജ്ഞാപന പ്രകാരം ഒരു റാങ്ക് ലിസ്റ്റ് മാത്രം തയ്യാറാക്കപ്പെടുന്നതും അതിൽ നിന്നും മുകളിൽ കാണിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലേയ്ക്കും പ്രസ്തുത തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതുമാകയാൽ ഒരു ഉദ്യോഗാർത്ഥി ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകും. ഓരോ വകുപ്പിലേയ്ക്കും അതാത് വകുപ്പിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയനുസരിച്ച് ഉദ്യോഗാർത്ഥികളെ സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അവരുടെ റാങ്ക് അനുസരിച്ച് നിയമന ശിപാരശ നടത്തുന്നതാണ്. ഒരിക്കൽ നിയമന ശിപാർശ ചെയ്യപ്പെട്ടാൽ അയാളുടെ ഊഴം അവസാനിക്കുന്നതും ഇതേ ലിസ്റ്റിൽ നിന്നും വീണ്ടും വേറൊരു വകുപ്പിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹത ഇല്ലാതാകുന്നതുമാണ്. ഒന്നിലധികം വകുപ്പുകളിലേയ്ക്ക് ഒരു പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുകയും അതിൽ നിന്നും നിയമനം നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു വകുപ്പിലേയ്ക്ക് ഒരിക്കൽ നിയമനം ലഭിച്ച ശേഷം ഒഴിവുകളുടെ അഭാവത്തിൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗാർത്ഥിക്ക് തന്റെ പേര് പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ വീണ്ടും രജിസ്റ്റർ ചെയ്യാവുന്നതും പിന്നീട് മേൽപ്പറഞ്ഞ വകുപ്പുകളിൽ ഏതെങ്കിലും ഒന്നിൽ ആദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതുമാണ്. ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലാവധി കണക്കാക്കുമ്പോൾ പിരിച്ചുവിടപ്പെട്ട വകുപ്പിലെ സേവനകാലം കണക്കിലെടുക്കുന്നതാണ്. പ്രസ്തുത ഉദ്യോഗാർത്ഥിയുടെ സീനിയോരിറ്റി കമ്മീഷൻ ആദ്യം ശിപാർശ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുമായിരിക്കും (G.O.(P).No.07/1991/P&ARD തീയതി 15.02.1991). പിരിച്ചുവിടപ്പെട്ട വകുപ്പിൽ തന്നെ പുനർ നിയമനം ആഗ്രഹിക്കുന്നപക്ഷം പബ്ളിക് സർവ്വീസ് കമ്മീഷനിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ആദ്യത്തെ വകുപ്പിൽ ഒഴിവ് ഉണ്ടാകുന്നതുവരെ ഉദ്യോഗാർത്ഥി കാത്തിരിക്കേണ്ടതാണ്. ഒരു പ്രത്യേക വകുപ്പിൽതന്നെ ആദ്യനിയമനം ആവശ്യപ്പെടുവാൻ ഉദ്യോഗാർത്ഥിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

**7. യോഗ്യതകൾ:** എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം.

11. പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25 ലെ റൂൾ 3(c)സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന് പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**(ശേഷം പേജ് 22ൽ)**



# കലയും സാഹിത്യവും-30

# "ഓരോ കലാകാരന്റെയും മനസ്സിലുമുണ്ട്, ഒരു മാസ്റ്റർപീസ്"



1. "ഓരോ കലാകാരന്റെയും മനസ്സിലുമുണ്ട്, ഒരു മാസ്റ്റർപീസ്" - ആരുടെ വരികൾ?
   **കായ് ഗ്രീൻ** (പ്രശസ്ത ബോഡി ബിൽഡർ, കലാകാരൻ)
2. ഇന്ത്യക്ക് പുറത്ത് ഇന്ത്യൻ ക്ലാസിക്കൽ നൃത്തം പ്രചരിപ്പിച്ചതാര്?
   **ഉദയ് ശങ്കർ**
3. രഘു റായി ഏത് മേഖലയിലാണ് പ്രശസ്തി നേടിയത്?
   **ഫോട്ടോഗ്രാഫി**
4. കിഷങ്കർ ചിത്രകല സ്കൂളിൽ രൂപപ്പെട്ട പ്രശസ്ത പെയിന്റിങ്ങ്
   **ബനി തനി**
5. രുദാലി എന്ന സിനിമയുടെ സംഗീത സംവിധായകൻ
   ഭുപൻ ഹസാരിക
6. ശങ്കരദേവ രൂപം കൊടുത്ത ആസാമിലെ പ്രശസ്തമായ നൃത്തരൂപമേത്?
   **സാത്രിയ**
7. രാംകിങ്കർ ബൈജ് ഏത് മേഖലയിലാണ് പ്രശസ്തി നേടിയത്?
   **ശിൽപകല**
8. "ഒരു സുന്ദര ശരീരം നശിക്കും, എന്നാൽ ഒരു കലാവസ്തുവിനു ഒരിക്കലും മരണമില്ല" - ഏത് പ്രമുഖ കലാകാരന്റേതാണ് ഈ വാക്കുകൾ?
   **ലിയാർണാഡോ ഡാവിഞ്ചി**



9. ലൂയിസ് വെറോണിക്ക സിക്കോൺ എന്ന പോപ് ഗായിക അറിയപ്പെട്ടത് മറ്റൊരു പേരിലാണ്. പേരെന്ത്?
   **മഡോണ**
10. ഹിന്ദുസ്ഥാനി സംഗീതജ്ഞരായ മല്ലികാർജുൻ മൻസൂർ, ഭീംസെൻ ജോഷി, ശോഭ ഗുർത്തു, കിശോരി അമോങ്കർ തുടങ്ങിയവർ ജനിച്ചത് ദക്ഷിണേന്ത്യയിലാണ്. ഏത് സംസ്ഥാനത്തിൽ?
    **കർണ്ണാടക**
11. ചിത്രരചനയ്ക്കായി പസിഫിക് സമുദ്രത്തിലെ തഹീതി ദ്വീപിൽ വാസമുറപ്പിച്ച ഫ്രഞ്ച് ചിത്രകാരൻ
    **പോൾ ഗോഗിൻ**
12. വീണവാദകനായ ഏത് ഗുപ്തഭരണാധികാരിയാണ് വീണ വായിക്കുന്ന രൂപത്തിൽ നാണയങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നത്?
    **സമുദ്രഗുപ്തൻ**



13. കേരളത്തിലെ പ്രധാന ഉത്സവമായ തെയ്യം തിറയിൽ സ്ത്രീകൾ കെട്ടിയാടുന്ന തെയ്യത്തിന്റെ പേര്
    **ദേവക്കൂത്ത് തെയ്യം**
14. സാൽ വദോർ ദാലിയുടെ 'ദ ലിമ്പ് വാച്ചസ്' എന്നറിയപ്പെടുന്ന പെയിന്റിങ്ങിന്റെ മറ്റൊരു നാമധേയം
    **പെഴ്സിസ്റ്റൻസ് ഓഫ് മെമ്മരി**
15. ആർട്ട് ഗാലറികളെക്കുറിച്ച് പഠിക്കുന്ന വിജ്ഞാനശാഖയേത്?
    **മ്യൂസിയോളജി**
16. പിയെത്ത (Pieta) എന്ന ശിൽപം നിർമ്മിച്ചതാര്?
    മൈക്കലാഞ്ചലോ
17. 'ഹന്ന ആന്റ് ഹെർ ഗോട്ട്സ്' എന്ന ചിത്രം വരച്ച മലയാളി.
    **എ. രാമചന്ദ്രൻ**
18. ചിത്രകാരനായ രാജാരവിവർമ്മയുടെ ചിത്രകാരിയായ സഹോദരിയാണ് 'രവിവർമ്മ' എന്ന ഛായാചിത്രം വരച്ചത്. ആരാണ് ഈ ചിത്രകാരി?
    **മംഗളാഭായി തമ്പുരാട്ടി**
19. രാജ്യസഭാംഗമായ സോനൽ മാൻസിങ്ങ് ഏത് മേഖലയിലാണ് പ്രശസ്തി നേടിയത്?
    **ക്ലാസിക്കൽ നൃത്തം**
20. പണ്ഡ്വാനി കലാരൂപത്തിന് പേരുകേട്ട ഗായിക
    **തീജൻ ഭായി**



21. യുനെസ്കൊ പൈതൃക പട്ടികയിലുൾപ്പെട്ട ജാപ്പനീസ് പാവ നാടകം
    **ബുൺറാകു**
22. വിവിധ രൂപത്തിലും വലിപ്പത്തിലുമുള്ള കടലാസ് നുറുങ്ങുകളും ചിത്രങ്ങളും ചേർത്ത് ഒട്ടിച്ചെടുക്കുന്ന കലാസൃഷ്ടി
    **കൊളാഷ്**
23. 1997ൽ ബ്രിട്ടനിൽ ഡയാനാ രാജകുമാരി കാറപകടത്തിൽ മരിച്ചപ്പോൾ അവരുടെ സ്മരണാർത്ഥം പ്രശസ്ത ഗായകൻ എൽറ്റൺ ജോൺ പാടിയ ഗാനമേത്?
    **കാൻഡിൽ ഇൻ ദ വിൻഡ്**
24. 'ഐ ലവ് യു മൊസാർട്ട്' എന്ന ഫ്യൂഷൻ ആൽബം ഒരുക്കിയ പ്രശസ്ത ദക്ഷിണേന്ത്യൻ സംഗീതസംവിധായകനാര്?
    **ഇളയരാജ**
25. ഭംഗ്ര രാജകുമാരൻ എന്നറിയപ്പെടുന്ന പഞ്ചാബ് ഗായകൻ
    **സുഖ്ബീർ സിങ്**
26. 'റിക്ലൈനിങ് ഫിഗർ' ശിൽപപരമ്പര ഏത് ബ്രിട്ടീഷ് ശിൽപിയുടേതാണ്?
    **ഹെൻറി മൂർ**
27. ജലഛായ ചിത്രരചന ആരംഭിച്ചത് ഏത് രാജ്യത്ത്?
    **ചൈന**
28. ഇന്ത്യയിലെ ഏത് ക്ഷേത്രത്തെയാണ് യൂറോപ്പ്യർ 'ബ്ലാക്ക് പഗോഡ' എന്ന് വിളിച്ചത്?
    **കൊണാർക്ക് സൂര്യക്ഷേത്രം**
29. ഏത് സംഗീത ഉപകരണത്തിലാണ് പന്നലാൽ ഘോഷ് കഴിവ് തെളിയിച്ചത്?
    **പുല്ലാങ്കുഴൽ**
30. ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ പാടിയ ഇന്ത്യൻ സംഗീതജ്ഞ?
    **എം. എസ്. സുബ്ബലക്ഷ്മി**







'സുഗതം' ശലഭോദ്യാനം ഉദ്ഘാടനം

# ഡിജിറ്റൽ ഉദ്യാനമുള്ള ഇന്ത്യയിലെ ആദ്യ പി.എസ്.സി. - കേരള പി.എസ്.സി.


455 കോടി വർഷങ്ങൾ പഴക്കമുള്ള ഭൂമിയിൽ ജീവൻ ഉത്ഭവിച്ചിട്ട് ഏകദേശം 380 കോടി വർഷങ്ങളായി എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുള്ളത്. മരുഭൂമിയിലും മഴക്കാടുകളിലും ധ്രുവങ്ങളിലും സമുദ്രാന്തർ ഭാഗങ്ങളിലും ജീവന്റെ തുടിപ്പുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങളിലൂടെ നടന്ന വിവിധതരം പ്രക്രിയകളിലൂടെയാണ് ഇന്ന് കാണുന്ന ജൈവവൈവിധ്യം പരിണമിച്ച് ഉരുത്തിരിഞ്ഞുവന്നത്.

ജൈവവൈവിധ്യ പഠനത്തിലൂടെ ഓരോ പ്രദേശത്തെയും സസ്യസമ്പത്ത് എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഒരു പ്രദേശത്തെ സസ്യങ്ങളുടെയും ജീവികളുടെയും സമ്പത്ത് പൊതുജനങ്ങളുടെ അറിവിലേയ്ക്കും ഉപയോഗത്തിനുമായി കരുതിവയ്ക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഇങ്ങനെ ഒരു പ്രദേശത്തെ സസ്യസമ്പത്തിനെ മുഴുവൻ ഡിജിലൈസ് ചെയ്ത് പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ എത്തിച്ചുനൽകുന്നതാണ് ഡിജിറ്റൽ ഗാർഡൻ. മൊബൈൽ ഫോൺ വഴി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് സസ്യത്തെക്കുറിച്ച് സമ്പൂർണ്ണ വിവരം വിരൽത്തുമ്പിലെത്തിക്കുന്നു. ഇങ്ങനെ രൂപപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ഉദ്യാനമുള്ളത് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിലാണ്. സസ്യത്തിന്റെ ഫോട്ടോഗ്രാഫ്, ശാസ്ത്രീയനാമം, പ്രാദേശികനാമം, സസ്യകുടുംബം, പൂക്കുന്ന കാലഘട്ടം, ലോകത്ത് എവിടെയൊക്കെ ഏത് കാലാവസ്ഥയിലാണ് കാണപ്പെടുന്നത്- ഇവയെല്ലാം വിരൽത്തുമ്പിൽ ക്യൂ.ആർ. കോഡ് വഴി ലഭിക്കും.

കേരള പബ്ലിക് സർവീസ് കമ്മിഷനിലെ മരങ്ങളുടെയും പൂന്തോട്ട സസ്യങ്ങളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കി. പി.എസ്.സി.യിൽ 144 സസ്യങ്ങൾ 121 ജനുസ്സുകളിലും 60 സസ്യകുടുംബങ്ങളിലുമായി തരംതിരിച്ചു കിടക്കുന്നു. ഇന്ത്യയുടെ തനത് സസ്യങ്ങളായ മരോട്ടി, കരിവെട്ടി, വെള്ളിതാലി, ആഞ്ഞിലി, വയന, കല്ലുവാഴ, മഞ്ഞമരുത് തുടങ്ങിയവ ഇവിടെ സംരക്ഷിച്ചുപോരുന്നു. സസ്യങ്ങളുടെ വിവരങ്ങൾ എല്ലാം ഡിജിറ്റലൈസ് ചെയ്തു. ഒരോ ചെടിയിലും മരത്തിലും ക്യൂ.ആർ. കോഡ് സ്ഥാപിച്ച ഈ ഡിജിറ്റൽ ഉദ്യാനം ഇന്ത്യയിലെ പബ്ലിക് സർവീസ് കമ്മിഷനുകളിൽ ആദ്യത്തേതാണ്. 144 സസ്യങ്ങളെ പറ്റിയുള്ള വിവരണവും ക്യൂ.ആർ കോഡും പി.എസ്.സി.യുടെ പുസ്തകത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റ് ലിങ്ക് https://treesofkeralapsc.blogspot.com/. കേരള സർവകലാശാല സെന്റർ ഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഡയറക്ടറും സസ്യശാസ്ത്ര പ്രൊഫസറുമായ ഡോ. എ. ഗംഗാപ്രസാദ്, കേരള സർവ്വകലാശാലയിൽ സസ്യശാസ്ത്ര വകുപ്പിൽ ഗവേഷണം നടത്തുന്ന അഖിലേഷ് എസ്.വി. നായർ എന്നിവർ ചേർന്നാണ് ഗാർഡൻ ഡിജിറ്റലൈസ് ചെയ്യുന്നതിന് നേതൃത്വം നൽകുന്നത്.

### 'സുഗതം' ശലഭോദ്യാനം

കേരള പബ്ലിക് സർവീസ് കമ്മിഷൻ ആസ്ഥാന ഓഫീസ് വളപ്പിൽ യശ:ശരീരയായ സുഗതകുമാരിയുടെ സ്മരണാർത്ഥം 'സുഗതം' എന്ന പേരിലുള്ള ശലഭോദ്യാനത്തിന്റെ ഉദ്ഘാടനം ചെയർമാൻ അഡ്വ. എം കെ സക്കീർ നിർവ്വഹിച്ചു. കമ്മിഷൻ ആസ്ഥാന ഓഫീസ് പരിസരത്തുള്ള സസ്യജാലങ്ങളുടെ വിവരണങ്ങളും ക്യൂ.ആർ.കോഡും ഉൾപ്പെടുത്തിയ Trees and Garden Plants of Kerala Public Service Commission - India's first PSC with Digital Garden എന്ന പുസ്തകം കമ്മിഷനംഗം ശ്രീമതി. ആർ. പാർവ്വതി ദേവിക്ക് നൽകി ചെയർമാൻ പ്രകാശനം ചെയ്തു.



### നവീകരിച്ച പൈതൃകമന്ദിരവും ഓട്ടോമേറ്റഡ് ലൈബ്രറിയും

പി.എസ്.സി. ആഫീസ് തുളസികുന്നിൽ പ്രവർത്തനം തുടങ്ങിയത് തുളസിഹിൽ ബംഗ്ലാവിലാണ്. പഴക്കംകൊണ്ടും രാജകീയ പ്രൗഢികൊണ്ടും ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്ന, ഓടുമേഞ്ഞ ഒരു ഇരുനിലമാളികയാണ് തുളസിഹിൽ ബംഗ്ലാവ്. പഴയ ബംഗ്ലാവിന്റെ ഒരു ഭാഗം മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ഇന്ന് ഇതൊരു സംരക്ഷിത സ്മാരകമാണ്. ഇവിടെയാണ് പൂർണ്ണമായും ആധുനിക സംവിധാനത്തോടെ പ്രവർത്തിക്കുന്ന ലൈബ്രറി സജ്ജമാക്കിയത്. KOHA എന്ന ഓപ്പൺ സോഴ്സ് സോഫ്ട്വെയർ ഉപയോഗിച്ചാണ് ലൈബ്രറി ആധുനികവത്കരിച്ചത്. ഗുണഭോക്താക്കളായ ജീവനക്കാർക്ക് ആഫീസിലെ കമ്പ്യൂട്ടറിൽ ലഭ്യമാകത്തക്ക തരത്തിൽ ലൈബ്രറി കാറ്റലോഗ് ക്രമീകരിച്ചിരിക്കുന്നു. ഗവേഷണ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ചില പുരാരേഖകളും പഴയ ഗ്രന്ഥങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. 21438 പുസ്തകങ്ങളും 40 ഓളം ആനുകാലികങ്ങളും 12 ഓളം ദിനപ്പത്രങ്ങളും അടങ്ങിയതാണ് ഗ്രന്ഥശേഖരം. സംരക്ഷിതസ്മാരകത്തിന്റെയും ഉള്ളിലെ ആട്ടോമേറ്റഡ് ലൈബ്രറിയുടെയും ഉദ്ഘാടനം മാർച്ച് 29 ന് നടന്നു. നവീകരിച്ച പൈതൃക മന്ദിരത്തിന്റെ ഉദ്ഘാടനം കമ്മിഷനംഗം അഡ്വ. രഘുനാഥൻ എം.കെ.യും ആട്ടോമേറ്റഡ് ലൈബ്രറിയുടെ ഉദ്ഘാടനം ടി.ആർ. അനിൽകുമാറും നിർവ്വഹിച്ചു. സെക്രട്ടറി സാജു ജോർജ്ജ് സ്വാഗതവും അഡീഷണൽ സെക്രട്ടറി വി.ബി. മനുകുമാർ കൃതജ്ഞതയും രേഖപ്പെടുത്തി. •



പൈതൃക മന്ദിരം



നവീകരിച്ച പൈതൃക മന്ദിരം ഉദ്ഘാടനം



ആട്ടോമേറ്റഡ് ലൈബ്രറി ഉദ്ഘാടനം




# ചരിത്രത്തോടൊപ്പം നടന്നവർ

**ലോക ചരിത്ര വീഥിയിൽ ഇടം പിടിച്ച ചില മഹത് വ്യക്തികളെ പരിചയപ്പെടാം**

## ചട്ടമ്പി സ്വാമികൾ (1853-1924)

പഴയ തിരുവിതാംകൂറിൽ തിരുവനന്തപുരം ജില്ലയിൽ കണ്ണമ്മൂലയ്ക്കടുത്ത് കൊല്ലൂരിൽ 1853 ആഗസ്ത് 25ന് (കൊല്ലവർഷം 1029 ചിങ്ങമാസത്തിലെ ഭരണി നക്ഷത്രം) ചട്ടമ്പി സ്വാമികൾ ജനിച്ചു. പിതാവ് മാവേലിക്കര സ്വദേശി വാസുദേവശർമ (താമരശ്ശേരിൽ അനന്തശർമൻ എന്ന പേരും ഉണ്ട്). മാതാവ് കൊല്ലൂർ സ്വദേശിനി നങ്ങ (നങ്ങാദേവി). ഈ ദമ്പതികളുടെ ആദ്യ സന്താനമായിരുന്നു ചട്ടമ്പി സ്വാമികൾ. ചട്ടമ്പി സ്വാമികളുടെ ബാല്യകാല നാമം അയ്യപ്പൻ എന്നായിരുന്നു. കുഞ്ഞൻ എന്നായിരുന്നു ഓമനപ്പേര്. പിൽക്കാലത്ത് കുഞ്ഞൻപിള്ള എന്നും അറിയപ്പെട്ടു.

പേട്ടയിൽ രാമൻപിള്ള ആശാന്റെ പാഠശാലയിൽ വിദ്യാർഥിയായിരിക്കെ ക്ളാസിലെ ചട്ടമ്പി അഥവാ മോണിട്ടർ ആയി നിയോഗിക്കപ്പെട്ടു. ഇത് പിൽക്കാലത്ത് ചട്ടമ്പി സ്വാമികൾ എന്ന പേരിന് കാരണമായി. സ്വപ്രയത്നംമൂലം മലയാളം, തമിഴ്, സംസ്കൃതം എന്നീ മൂന്ന് ഭാഷകളിലും അദ്ദേഹം പാണ്ഡിത്യം നേടി. കുറച്ചുകാലം കുഞ്ഞൻപിള്ള ഹജൂർക്കച്ചേരിയിൽ കണക്കപ്പിള്ളയായി സേവനമനുഷ്ഠിച്ചു. ഇരുപത്തിനാലാം വയസ്സിൽ ചട്ടമ്പിസ്വാമികൾ ദേശാടനത്തിനിറങ്ങി. ദക്ഷിണേന്ത്യ മുഴുവൻ ചുറ്റിസഞ്ചരിച്ചു. ഹൈന്ദവ ദർശനങ്ങളിലും അതോടൊപ്പം ക്രിസ്തുമതം, ഇസ്ലാം എന്നീ മതങ്ങളിലെ തത്ത്വസംഹിതകളിലും അദ്ദേഹം പാണ്ഡിത്യം നേടി. വിജ്ഞാനത്തിന്റെ ഖനിയായിരുന്ന ചട്ടമ്പിസ്വാമികളെ ജനം വിദ്യാധിരാജൻ എന്നു വിളിച്ചു. അദ്ദേഹം സ്വീകരിച്ച സന്ന്യാസ നാമമാണ് ഷൺമുഖദാസൻ. ചട്ടമ്പി സ്വാമികൾക്ക് സംസ്കൃതത്തിലും വേദോപനിഷത്തുകളിലും യോഗവിദ്യയിലും അറിവു പകർന്ന വേദാന്ത പണ്ഡിതനാണ് സുബ്ബജടാപാഠികൾ.



ബ്രാഹ്മണമേധാവിത്വം, പ്രാകൃതമായ ചടങ്ങുകൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരെ ചട്ടമ്പി സ്വാമികൾ പ്രതികരിച്ചു. ജാതി സമ്പ്രദായത്തെ ശക്തമായി എതിർത്ത അദ്ദേഹം അദ്വൈത ദർശനം പ്രചരിപ്പിക്കുകയും ചെയ്തു. ചട്ടമ്പിസ്വാമികൾക്ക് ആത്മീയോന്നതി കൈവന്നത് വടിവീശ്വരം എന്ന സ്ഥലത്തുവച്ചാണ്. തമിഴ്നാട്ടിലാണ് വടിവീശ്വരം. അണിയൂർ ക്ഷേത്രത്തിൽവച്ച് (1883) ചട്ടമ്പി സ്വാമികൾ മറ്റൊരവധൂതനായ, പിൽക്കാലത്ത് ശ്രീ നാരായണ ഗുരു എന്നറിയപ്പെട്ട, നാണു ആശാനെ കണ്ടുമുട്ടി.

കേരളഗാനത്തിന്റെ കർത്താവ് ബോധേശ്വരൻ ( പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ അച്ഛൻ, യഥാർഥപേര് കേശവപിള്ള) , കോൺഗ്രസ് നേതാവ് കുമ്പളത്ത് ശങ്കുപ്പിള്ള , പെരുനെല്ലി കൃഷ്ണൻ വൈദ്യൻ എന്നിവർ ചട്ടമ്പി സ്വാമികളുടെ ഗൃഹസ്ഥാശ്രമികളായ ശിഷ്യരായിരുന്നു. ചട്ടമ്പിസ്വാമികളുടെ ശിഷ്യരിൽ പ്രധാനിയാണ് നീലകണ്ഠതീർഥപാദർ. 1924 ആഗസ്ത് അഞ്ചിന് കൊല്ലം ജില്ലയിലെ പന്മനയിൽ ചട്ടമ്പി സ്വാമികൾ സമാധിയായി.

ചട്ടമ്പിസ്വാമികളുടെ സമാധി സ്ഥാനത്ത് ശിഷ്യർ പണികഴിപ്പിച്ചതാണ് ബാലഭട്ടാരകക്ഷേത്രം. കേരളം പരശുരാമൻ ബ്രാഹ്മണർക്ക് ദാനമായി നൽകിയ ഭൂമിയാണെന്ന വാദത്തെ ഖണ്ഡിക്കുന്ന ചട്ടമ്പിസ്വാമികളുടെ പുസ്തകമാണ് പ്രാചീന മലയാളം. വേദങ്ങൾ ബ്രാഹ്മണരുടെ മാത്രം കുത്തകയല്ല എന്ന് വാദിക്കുന്ന രചനയാണ് വേദാധികാര നിരൂപണം. ജാതിഭേദങ്ങൾക്കതീതമായി എല്ലാ ഹിന്ദുക്കൾക്കും വേദങ്ങൾ ഹൃദ്യസ്ഥമാക്കാം എന്ന് ദ്ദേഹം സമർഥിക്കുന്നു. ബ്രഹ്മാനന്ദശിവയോഗിയുടെ മോക്ഷപ്രദീപത്തിനുള്ള മറുപടിയാണ് മോക്ഷപ്രദീപ ഖണ്ഡനം. സർവമതസാരസ്യം, തർക്ക രഹസ്യരത്നം, ബ്രഹ്മതത്ത്വനിർഭാസം, സ്തവരത്നഹാരാവലി, പരമശിവസ്തവം, അദ്വൈതപഞ്ജരം, ജീവകാരുണ്യം, ഭാഷയുടെ ഉദ്ഭവം എന്നീ കൃതികളും ചട്ടമ്പിസ്വാമികളാണ് രചിച്ചത്. കാഷായവും കമണ്ഡലുവുമില്ലാത്ത സന്ന്യാസി എന്നറിയപ്പെട്ടത് ചട്ടമ്പിസ്വാമികളാണ്. ചട്ടമ്പിസ്വാമികളുടെ ആശയങ്ങളും വീക്ഷണങ്ങളും ജാതിമത ചിന്തകൾക്ക് അതീതമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനം ഏറ്റവും കൂടുതൽ പ്രകടമായത് നായർ സമുദായത്തിലാണ്.


ചട്ടമ്പി സ്വാമികളുടെ ആശയങ്ങൾ നായർ സർവീസ് സൊസൈറ്റിക്ക് നിത്യപ്രചോദനം ആയിരുന്നു. ജാതി വ്യവസ്ഥയുടെ കെടുതികൾ ഇല്ലാതാക്കുന്നതിന് പരിഹാരം ക്ഷേത്രങ്ങൾ സ്ഥാപിക്കൽ അല്ല എന്നും ക്ഷേത്രങ്ങളിൽനിന്ന് ജാതിഭൂതങ്ങളെ അടിച്ചുപുറത്താക്കുകയാണ് വേണ്ടതെന്നും അഭിപ്രായപ്പെട്ടത് ചട്ടമ്പി സ്വാമികളാണ്. 'ചട്ടമ്പിസ്വാമികൾ; ജീവിതവും കൃതികളും' എന്ന പുസ്തകം രചിച്ചത് ഡോ.കെ.മഹേശ്വരൻ നായരാണ്. ചട്ടമ്പിസ്വാമികളുടെ ജന്മദിനമാണ് ജീവകാരുണ്യദിനമായി ആചരിക്കാൻ കേരള സർക്കാർ തീരുമാനിച്ചത്.

## ശ്രീനാരായണഗുരു (1856-1928)

കേരള നവോത്ഥാനത്തിന്റെ പിതാവ് എന്നതാണ് ശ്രീനാരായണഗുരുവിന്റെ ഏറ്റവും നല്ല വിശേഷണം. മുൻ തിരുവിതാംകൂറിൽ ഇപ്പോഴത്തെ തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരം വീട്ടിലാണ് 1856 ആഗസ്ത് 20ന് ശ്രീനാരായണഗുരു ജനിച്ചത്. പിതാവ് മാടനാശാൻ. മാതാവ് കുട്ടിയമ്മ. യഥാർഥ പേര് നാരായണൻ. ഓമനപ്പേരായിരുന്നു നാണു. ഔപചാരിക വിദ്യാഭ്യാസത്തിന് തൊട്ടടുത്ത സ്കൂളിൽ ചേർന്നു. സ്കൂളിലെ പഠനത്തിനു പുറമേ അച്ഛനും അമ്മാവനും തമിഴ്, സംസ്കൃതം, മറ്റു പരമ്പരാഗത വിഷയങ്ങളിൽ അറിവു പകർന്നു. ഉപരിപഠനത്തിനായി കുമ്മമ്പള്ളി രാമൻ പിള്ള ആശാന്റെ കീഴിൽ ചേർന്നു. പഠനം പൂർത്തിയാക്കിയശേഷം വീടിനു സമീപത്തുള്ള വിദ്യാലയത്തിൽ അധ്യാപകനായി.

ചട്ടമ്പി സ്വാമികളെ അണിയൂർ ക്ഷേത്രത്തിൽവച്ച് കണ്ടുമുട്ടി. ചട്ടമ്പി സ്വാമികൾ നാണുവാശാനെ തന്റെ ഗുരുവായ തൈക്കാട് അയ്യയുടെ സമീപത്തേക്ക് കൂട്ടിക്കൊണ്ടുപോയി. തൈക്കാട് അയ്യയിൽനിന്നാണ് യോഗയുടെ പാഠങ്ങൾ അഭ്യസിച്ചത്. തുടർന്ന് മരുത്വാമലയിലേക്ക് പോയി (ഇപ്പോൾ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ). അവിടെ പിള്ളത്തടം ഗുഹയിൽ താമസിച്ച് വർഷങ്ങൾ നീണ്ട ഏകാന്തജീവിതവും ധ്യാനവും നടത്തി. അവർണർക്ക് ആരാധന നടത്തുന്നതിന് 1888-ൽ നെയ്യാറിന്റെ തീരത്തുള്ള അരുവിപ്പുറത്ത് ശ്രീനാരായണഗുരു പ്രതിഷ്ഠ നടത്തി. അരുവിപ്പുറത്തുള്ള കൊടിതൂക്കിമലയിലുള്ള ഗുഹയിലും ഗുരു തപസ്സനുഷ്ഠിച്ചിട്ടുണ്ട്. ബ്രാഹ്മണർ ചെയ്തിരുന്ന പ്രതിഷ്ഠാകർമം ഒരു ഈഴവസമുദായാംഗം ചെയ്തതിനെ യാഥാസ്ഥിതികർ ചോദ്യം ചെയ്തു. 'നാം പ്രതിഷ്ഠിച്ചത് നമ്മുടെ ശിവനെയാണ്' എന്നായിരുന്നു നാരായണഗുരുവിന്റെ മറുപടി. 'അരുവിപ്പുറം വിപ്ലവ'മെന്നും ഈ സംഭവം വിശേഷിപ്പിക്കപ്പെട്ടു. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണ് അരുവിപ്പുറത്ത് ഗുരു വിഭാവനം ചെയ്തത്. ആദ്യത്തെ ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് ഗുരു ഉപയോഗിച്ചത് നെയ്യാറിൽനിന്ന് സ്വയം മുങ്ങിയെടുത്ത ഒരു കരിങ്കല്ലായിരുന്നു. ശങ്കരൻകുഴി എന്നു നാട്ടുകാർ വിളിക്കുന്ന ഒരു കയത്തിൽനിന്നാണ് ഗുരു കല്ല് മുങ്ങിയെടുത്തത്.

കേരളത്തിലുടനീളം ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ക്ഷേത്രപ്രതിഷ്ഠകൾ നടത്തി. പ്രതിഷ്ഠ കഴിഞ്ഞ് അവിടെ വിദ്യാലയമുണ്ടാവണമെന്ന് ഗുരു അനുയായികളോട് പറഞ്ഞു. കാലക്രമേണ അത് ഫലിക്കുകയും ചെയ്തു. 1920-ൽ തൃശ്ശൂർ കാഞ്ഞാണിയ്ക്കടുത്ത് കാരമുക്കിൽ ചിദംബരനാഥവിഗ്രഹം പ്രതിഷ്ഠിക്കാനാണ് ഗുരു ഉദ്ദേശിച്ചത്. എന്നാൽ, ദീപമാണ് പ്രതിഷ്ഠിച്ചത്. തിരുവനന്തപുരം ജില്ലയിലെ മുരുക്കുംപുഴയിലെ ക്ഷേത്രത്തിൽ ഓം എന്നു രേഖപ്പെടുത്തിയ തിളക്കമുള്ള തകിടാണ് സ്ഥാപിച്ചത്. ചുറ്റും സത്യം, ധർമം, ദയ, ശാന്തി എന്നും എഴുതിയിട്ടുണ്ട്. ബില്ലവർക്കുവേണ്ടി മംഗലാപുരത്ത് ഗുരു സ്ഥാപിച്ച ക്ഷേത്രമാണ് തിരുപ്പതീശ്വരക്ഷേത്രം. കോഴിക്കോട്ട് ശ്രീനാരായണഗുരു ആരംഭിച്ച ശ്രീകണ്ഠേശ്വര ക്ഷേത്രത്തിന് തറക്കല്ലിട്ടത് ആനി ബസന്റാണ്. ഒടുവിൽ കണ്ണാടിയാണ് പ്രതിഷ്ഠയ്ക്കായി ഉപയോഗിച്ചത്. അഹം ബ്രഹ്മാസ്മി അഥവാ ഞാൻ തന്നെയാണ് ദൈവം എന്ന ആശയമാണ് അദ്ദേഹം ഇതിലൂടെ മുന്നോട്ടുവച്ചത്. ആദ്യത്തെ കണ്ണാടി പ്രതിഷ്ഠ നടത്തിയത് കളവങ്കോട് എന്ന സ്ഥലത്താണ് (1927 ജൂൺ 4). വൈക്കം താലൂക്കിലെ ഉല്ലല എന്ന സ്ഥലത്താണ് രണ്ടാമത്തെ കണ്ണാടി പ്രതിഷ്ഠ നടത്തിയത്.



ഒട്ടാകെ 20 ശിവക്ഷേത്രങ്ങളും 4 ദേവീക്ഷേത്രങ്ങളും 6 സുബ്രഹ്മണ്യക്ഷേത്രങ്ങളും വിഗ്രഹങ്ങളില്ലാത്ത രണ്ട് ക്ഷേത്രങ്ങളും ഗുരു സ്ഥാപിച്ചു. ഗുരു സ്ഥാപിച്ച അരുവിപ്പുറം ക്ഷേത്രയോഗമാണ് പിൽക്കാലത്ത് ശ്രീനാരായണ ധർമപരിപാലന യോഗം സ്ഥാപിക്കാൻ പ്രേരണയായത്. വിദ്യാഭ്യാസത്തിലൂടെ മാന്യമായി ജോലി സമ്പാദിക്കാനും വ്യവസായങ്ങൾ ആരംഭിച്ച് സാമ്പത്തികമായി ഉന്നമനം നേടാനും അതുവഴി വിദ്യാഭ്യാസപരവും സാമ്പത്തികവുമായ രംഗങ്ങളിൽ മുന്നേറാനും സ്വസമുദായാംഗങ്ങളോട് സ്വാമികൾ ആഹ്വാനം ചെയ്തു.

1891-ൽ കുമാരനാശാൻ ആദ്യമായി ശ്രീനാരായണഗുരുവിനെ കണ്ടു. 1903 മെയ് 15നാണ് ശ്രീനാരായണ ധർമ പരിപാലന യോഗം രജിസ്റ്റർ ചെയ്തത്. ശ്രീനാരായണ ഗുരു ആജീവനാന്ത അധ്യക്ഷൻ. സെക്രട്ടറി കുമാരനാശാൻ. യോഗ രൂപീകരണത്തിന് നിർണായക പങ്കുവഹിച്ചത് ഡോ.പൽപുവാണ്. എസ്എൻഡിപി യോഗത്തിന്റെ പ്രഥമ വാർഷിക സമ്മേളനം നടന്നത് അരുവിപ്പുറത്താണ്. എസ്എൻഡിപി യോഗത്തിന്റെ ആസ്ഥാനം കൊല്ലത്താണ്. •

# ജീവിതം, ഭാഷ, വ്യാകരണം

## ഉള്ളിലുള്ളതാണ് വ്യാകരണം

**മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട് മുൻ അദ്ധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര തുടങ്ങുന്നു**

സവു എന്ന കുട്ടി എന്നും വൈകിയാണ് ക്ലാസ്സിൽ വരുന്നത്. അന്നടീച്ചർ പഠിപ്പിക്കുകയാണ്. സവു ഓടിക്കിതച്ച് ക്ലാസ്സുമുറിയുടെ വാതിലിനരികെ എത്തി.

"റ്റീച്ചറേ........... ക്ലാസ്സിൽ കേറിക്കോട്ടെ"

"എന്റെ പൊന്നു സവൂ, നീ ഇന്നും താമസിച്ചു.''

"അത് റ്റീച്ചറേ................"

"ഒന്നും പറയണ്ട, കയറി ഇരുന്നോളൂ'' റ്റീച്ചർക്ക് ദേഷ്യവും സങ്കടവും വന്നു

"ആ, ശാരി, അപ്പോൾ നാമത്തിന് ഉദാഹരണങ്ങൾ പറയൂ''

"മേശ, കസേര, ബഞ്ച്, ലെനിൻ............" കുട്ടികൾ തുരുതുരെ പറഞ്ഞു തുടങ്ങി.

"ശിശിരത്തിലെ ഓക്കുമരം''

കുട്ടികൾ ആർത്തു ചിരിച്ചു.

"മണ്ടൻ സവുവാണ് റ്റീച്ചറേ............" ഒരു കുട്ടി വിളിച്ചു പറഞ്ഞു.

"സവൂ, 'ശിശിരത്തിലെ' ഒഴിവാക്കൂ, 'ഓക്കുമരം' എന്നു തന്നെ പറയണം''

'പ്രിയമുള്ളവരേ, ശിശിരത്തിലെ ഓക്കുമരം (യൂറി നഗീബിൻ) എന്ന റഷ്യൻ കഥയിലെ ഒരു സന്ദർഭമാണ് ചേർത്തിരിക്കുന്നത്.

അതിമനോഹരമായ ഈ കഥയുടെ അവസാനഭാഗത്ത് അന്നറ്റീച്ചർ സവു എന്ന സവുഷ്കിന്റെ ശിശിരത്തിലെ ഓക്കുമരം കാണാൻ പോകുന്നുണ്ട്. കഥ നിങ്ങൾ വായിച്ച് ആസ്വദിക്കൂ.

അന്ന റ്റീച്ചർ പഠിച്ച വ്യാകരണ പുസ്തകത്തിൽ നാമപദത്തിന് ശരിയായ നിർവചനം കൊടുത്തിട്ടുണ്ട്.

(എന്തിന്റെയെങ്കിലും പേരായ ശബ്ദമാണ് നാമം)

ഉദാ: കുഞ്ഞ്, മരം, വെയിൽ, ഉറക്കം............. ഇങ്ങനെ ധാരാളമുണ്ട്.

ഒരു വ്യക്തിയെ കുറിക്കുന്ന നാമത്തെ സംജ്ഞാനാമം എന്നു പറയുന്നു.

ഉദാ: അന്ന, ഗുൽഷൻ, വോൾഗ, സൈബീരിയ

അപ്പോൾ ഓക്കുമരം മാത്രമെടുത്താൽ, അതിനെ നാമം എന്നു നാം പറയുന്നു. പക്ഷേ അത് ഒരു വ്യക്തിയെയോ, ഒരു വസ്തുവിനെയോ കുറിക്കുന്ന നാമമാണോ?

ഓക്കുമരം ഒരു പ്രത്യേക വൃക്ഷവർഗ്ഗത്തെയാണ് കുറിക്കുന്നത്. അതിനാൽ സാമാന്യനാമം.

പക്ഷേ ഒരു പ്രത്യേക പേരിട്ട് ഓക്കുമരത്തെ സംബോധന ചെയ്താൽ അത് സംജ്ഞാനാമമാകും. 'ശിശിരത്തിലെ' എന്നത് വിശേഷണ പദമാണല്ലോ. കഥയിൽ സവുഷ്കിനറിയാവുന്ന ഒരു പ്രത്യേക മരത്തെയാണ് ശിശിരത്തിലെ ഓക്കുമരം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. 'ശിശിരത്തിലെ ഓക്കുമരം' എന്ന് ഒറ്റയായി തിരിച്ചറിയാനാവില്ലാത്തതുകൊണ്ടാണ് റ്റീച്ചർ അത് ശരിയല്ല എന്നു ശഠിച്ചത്. എന്നാൽ സവു അതിനെ ഒരു മരമായാണ് മനസ്സിലാക്കിയിരിക്കുന്നത്.



നദി, പർവതം, സമുദ്രം, മനുഷ്യൻ, ഇതൊക്കെ ഒരു വർഗത്തെ സാമാന്യമായി സൂചിപ്പിക്കുന്നു. പെരിയാർ, സഹ്യപർവ്വതം, അറബിക്കടൽ, ഇ.എം.എസ് ഈ പേരുകളെല്ലാം ഒറ്റയെ സൂചിപ്പിക്കുകയാണ്.

'ഞാനെന്തിനാണ് ഇവിടെയിങ്ങനെ ഇരിക്കുന്നത്' ഒരു ദിവസം അയാൾ സ്വയം ചോദിച്ചു.

'നിങ്ങൾക്ക്' സ്വീകരണ മുറിയിൽ യാതൊരു പ്രസക്തിയുമില്ല.



മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു വാക്യങ്ങളിലെയും അടിവരയിട്ട പദങ്ങൾ ശ്രദ്ധിക്കുക. ഞാൻ, അയാൾ, നിങ്ങൾ എന്നീ വാക്കുകൾ ഏതെങ്കിലും ഒരു നാമത്തിന് പകരം പ്രയോഗിച്ചവയാണ്. ഇങ്ങനെ സർവ്വത്തിന്റെയും നാമമായി വരുന്നതാണ് സർവ്വനാമം.

നിരവധി സർവ്വനാമങ്ങൾ ഭാഷയിലുണ്ട്.

ഉത്തമപുരുഷൻ (സംസാരിക്കുന്ന ആൾ) ഞാൻ ഞങ്ങൾ

മധ്യമപുരുഷൻ (ആരോട് സംസാരിക്കുന്നുവോ ആ ആൾ) : നീ നിങ്ങൾ

പ്രഥമ പുരുഷൻ : അവൻ, അവർ, അവ, അവൾ, ഇവൾ, ഇവ, അദ്ദേഹം, ഇയാൾ, ഇദ്ദേഹം, ഇവർ, ഇത്

കൃത്യമായ ആകൃതി ഇല്ലാത്ത വസ്തുവിനെയോ, പ്രതിഭാസത്തെയോ മേയനാമം എന്നു പറയുന്നു.

ഉദാ: മഴ, വെള്ളം, ആകാശം

ഒരു നിശ്ചിത കൂട്ടം എന്ന തരത്തിൽ വരുന്ന നാമപദങ്ങളെ സമൂഹ നാമം എന്ന് വിളിക്കുന്നു.

ഉദാ: പറ്റം, വൃന്ദം, ഗണം, കുലം

ഗുണത്തെ കുറിക്കുന്ന നാമമാണ് ഗുണനാമം

ഉദാ: ചെമപ്പ്, കള്ളത്തരം, കയ്പ്, മധുരം

സംജ്ഞ, സാമാന്യം, മേയം, സമൂഹം, സർവ്വം, എന്നീ നാമങ്ങളെല്ലാം ദ്രവ്യ നാമങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്നു.

ഒരു പ്രവൃത്തിയെ/അവസ്ഥയെ കുറിക്കുന്ന നാമമാണ് ക്രിയാനാമം

| | | |
|---|---|---|
| ഉദാ: | ഓടുക | ഓട്ടം |
| | ചാടുക | ചാട്ടം |
| | ഉറങ്ങുക | ഉറക്കം |
| | കറങ്ങുക | കറക്കം |

വിഭക്തി പ്രത്യയങ്ങൾക്ക് കീഴടങ്ങുന്ന/നമിക്കുന്ന ശബ്ദമാണ് നാമം. നാമങ്ങളോട് മാത്രമേ വിഭക്തി പ്രത്യയങ്ങൾ ചേരൂ.

"കുട്ടികൃഷ്ണൻ" "അയ്യേ, കുട്ടിക്കൃഷ്ണൻ എന്നെഴുതൂ". അതാണ് ശരിപാഠം

"അല്ല, എന്റെ പേരിന്റെ ശരിപാഠം ഇതാണ് കാരണമറിയണ്ടേ?"

"എന്റെ അമ്മ 'കുട്ടികൃഷ്ണാ' എന്നാണ് വാത്സല്യപൂർവ്വം വിളിച്ചിരുന്നത്."

ഈ സ്നേഹപാഠ സ്മരണയിലാണ് മലയാളത്തിന്റെ മർമം അറിഞ്ഞ ആ പ്രതിഭാശാലി, 'കുട്ടികൃഷ്ണമാരാര്' എന്ന പേര് ഉറപ്പിച്ചെഴുതിയത്.

(തുടരും)

# പൊതുവിജ്ഞാനം

PLUS POINTS 2.0

**സമാഹരണം: രാജേഷ്കുമാർ.എസ്**

1. വിക്രംശില സർവ്വകലാശാല സ്ഥാപിക്കുകയും നളന്ദ സർവ്വകലാശാല പുനരുദ്ധരിക്കുകയും ചെയ്ത പാലവംശ രാജാവ്?
(എ) ഗോപാലൻ (ബി) ധർമപാലൻ
(സി) ദേവപാലൻ (ഡി) രാമപാലൻ
2. ബംഗാളിലെ മോങ്ഗിർ ആസ്ഥാനമായി ഭരണം നടത്തിയിരുന്ന രാജവംശം?
(എ) പ്രതിഹാരർ (ബി) പാലർ
(സി) രാഷ്ട്രകൂടർ (ഡി) ചാലൂക്യർ
3. 'കവിരാജമാർഗ', 'രത്നമാലിക' എന്നീ കൃതികളുടെ കർത്താവ്?
(എ) അമോഘവർഷൻ (ബി) ഗോവിന്ദൻ-II
(സി) കൃഷ്ണൻ-I (ഡി) ദന്തിദുർഗൻ
4. കൈലാസനാഥക്ഷേത്രം സ്ഥിതിചെയ്യുന്നത് എത്രാമത്തെ എല്ലോറ ഗുഹയിലാണ്?



(എ) 12-ാമത്തെ (ബി) 15-ാമത്തെ
(സി) 16-ാമത്തെ (ഡി) 17-ാമത്തെ
5. ഇൽബാരിവംശം, മേമലുക് വംശം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന രാജവംശം
(എ) ലോധിവംശം (ബി) തുഗ്ലക്വംശം
(സി) ഖിൽജിവംശം (ഡി) അടിമവംശം
6. 'ജിതൽ' എന്ന പേരിൽ ചെമ്പ് നാണയം പുറത്തിറക്കിയ ഭരണാധികാരി?
(എ) കുത്തബ്ദീൻ ഐബക് (ബി) മുഹമ്മദ്ബിൻ തുഗ്ലക്
(സി) ഇൽത്തുമിഷ് (ഡി) ബാൽബൻ
7. ആരുടെ ഭരണനയമാണ് 'ചോരയുടെയും ഇരുമ്പിന്റെയും നയം' എന്നറിയപ്പെടുന്നത്?
(എ) ബാൽബൻ (ബി) അക്ബർ
(സി) ഔറംഗസീബ്
(ഡി) അലക്സാണ്ടർ ചക്രവർത്തി
8. വ്യക്തിയെ തിരിച്ചറിയുക
1. മുസ്ലീം ഇന്ത്യയുടെ സമുദ്രഗുപ്തൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടു
2. യഥാർത്ഥ നാമമാണ് അലി ഗുർഷപ്പ്
3. അലൈ ദർവാസ, പാലസ് ഓഫ് തൗസന്റ് പില്ലേഴ്സ് എന്നിവ പണികഴിപ്പിച്ച ഭരണാധികാരി
(എ) നെപ്പോളിയൻ (ബി) ചന്ദ്രഗുപ്തൻരണ്ടാമൻ
(സി) ഔറംഗസീബ് (ഡി) അലാവുദ്ദീൻഖിൽജി
9. അമീർഖുസ്രുവിന്റെ 'താരിഖ്-ഇ-അലാ' എന്ന കൃതിയിൽ പരാമർശിക്കുന്ന വ്യക്തി
(എ) അലാവുദ്ദീൻഖിൽജി (ബി) കൃഷ്ണദേവരായർ
(സി) സിയാവുദ്ദീൻ ബർണി (ഡി) ഫിറോസ്ഷാ തുഗ്ലക്
10. ചുവടെപ്പറയുന്ന യുദ്ധഭൂമികൾ, സംസ്ഥാനങ്ങൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. ചൗസയുദ്ധം 1. ഹരിയാന
B. ഹാൽഡിഘട്ട് 2. ബീഹാർ
C. പാനിപ്പട്ട് യുദ്ധം 3. രാജസ്ഥാൻ
D. തളിക്കോട്ടയുദ്ധം 4. കർണ്ണാടകം
(എ) A-3, B-2, C-1, D-4 (ബി) A-1, B-2, C-3, D-4
(സി) A-2, B-3, C-4, D-1 (ഡി) A-2, B-3, C-1, D-4
11. വ്യക്തിയെ തിരിച്ചറിയുക
1. ഗുൽരുഖ് എന്ന തൂലികാനാമത്തിൽ സാഹിത്യരചന നടത്തിയ വ്യക്തി
2. ആഗ്ര നഗരത്തിന്റെ സ്ഥാപകൻ
(എ) ബഹ്‌ലുൽ ലോധി (ബി) സിക്കന്ദർ ലോധി
(സി) ഇബ്രാഹിം ലോധി (ഡി) ദൗലത്ഖാൻ ലോധി
12. 1526-ലെ ഒന്നാം പാനിപ്പട്ട് യുദ്ധത്തിൽ ബാബർ പരാജയപ്പെടുത്തിയത് ആരെയാണ്?
(എ) സിക്കന്ദർ ലോധി (ബി) ഇബ്രാഹിം ലോധി
(സി) ബഹ്‌ലുൽ ലോധി (ഡി) ദൗലത്ത്ഖാൻ ലോധി
13. ഡൽഹിക്കുസമീപം 'ദിൻപന' എന്ന നഗരം പണികഴിപ്പിച്ച മുഗൾ ഭരണാധികാരി?
(എ) ജഹാംഗീർ (ബി) ഷാജഹാൻ
(സി) അക്ബർ (ഡി) ഹുമയൂൺ
14. 'ജഹൻപന' എന്ന നഗരം സ്ഥാപിച്ച ഭരണാധികാരി
(എ) ഹുമയൂൺ (ബി) ഫിറോസ് ഷാ തുഗ്ലക്
(സി) മുഹമ്മദ്ബിൻ തുഗ്ലക്(ഡി) അക്ബർ
15. 'ലീലാവതി' എന്ന കൃതി പേർഷ്യൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത്
(എ) അബുൾഫസൽ (ബി) അബുൾഫെയ്സി
(സി) അൽബറൂണി (ഡി) സിയാവുദ്ദീൻ ബർണി
16. മുഗൾ ഭരണാധികാരിയായ അക്ബറുമായി ബന്ധമില്ലാത്ത പ്രസ്താവന ഏതാണ്?
(എ) അക്ബറുടെ സദസ്സിലെ പണ്ഡിതശ്രേഷ്ഠരായിരുന്നു നവരത്നങ്ങൾ
(ബി) അക്ബറുടെ സൈനിക തലവനായിരുന്നു രാജാ തോഡർമാൽ
(സി) 'ഇബാദത്ഖാന' പണികഴിപ്പിച്ചത് അക്ബറാണ്.
(ഡി) അക്ബർ വികസിപ്പിച്ചെടുത്ത ചിത്രകലാ രീതിയാണ് 'കാർഘാന'.
17. ചുവടെപ്പറയുന്ന മുഗൾ ഭരണാധികാരികൾ, പേരിന്റെ അർത്ഥം എന്നിവയിൽ ശരിയായത് ഏതെല്ലാം?
1. ബാബർ-സിംഹം
2. ഹുമയൂൺ-ഭാഗ്യവാൻ
3. ജഹാംഗീർ-ലോകജേതാവ്
4. ഷാജഹാൻ-ലോകത്തിന്റെ രാജാവ്
(എ) 1, 2 എന്നിവ മാത്രം (ബി) 1, 3 എന്നിവ മാത്രം
(സി) 1,4 എന്നിവ മാത്രം (ഡി) 1, 2, 3, 4 എന്നിവ
18. ചൗത്, സർദേശ്മുഖി എന്നീ നികുതികൾ നടപ്പിലാക്കിയത് ആരാണ്?
(എ) കൃഷ്ണദേവരായർ (ബി) ശിവജി
(സി) സാംബാജി (ഡി) നാനാഫഡ്നവിസ്
19. ശിവജിയുടെ മന്ത്രിസഭ
(എ) അഷ്ടദിഗ്ഗജങ്ങൾ (ബി) നവരത്നങ്ങൾ
(സി) പ്രവര പരിഷത്ത് (ഡി) അഷ്ടപ്രധാൻ
20. ഏത് സിഖ് ഗുരുവാണ് 'പഹുൾ സമ്പ്രദായം' നടപ്പാക്കിയത്?
(എ) അംഗദ് (ബി) ഹർകിഷൻ
(സി) ഗോബിന്ദ്സിങ് (ഡി) നാനാക്
21. ഗുരുമുഖി ലിപി നടപ്പാക്കിയ സിഖ് ഗുരു
(എ) അംഗദ് (ബി) രാംദാസ്
(സി) തേജ്ബഹാദൂർ (ഡി) അർജുൻദേവ്
22. ആദിഗ്രന്ഥം ക്രോഡീകരിച്ച സിഖ് ഗുരു
(എ) തേജ്ബഹാദൂർ (ബി) അർജുൻദേവ്
(സി) അംഗദ് (ഡി) ഹർഗോവിന്ദ്
23. ചുവടെപ്പറയുന്ന രാജവംശങ്ങൾ, സ്ഥാപകർ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. വിജയനഗരം 1. ഹരിഹരനും ബുക്കനും
B. തുളുവവംശം 2. വീര നരസിംഹൻ
C. സലുവവംശം 3. നരസിംഹ ദേവരായർ
D. അരവിഡുവംശം 4. തിരുമലനായക്
(എ) A-1, B-2, C-3, D-4 (ബി) A-2, B-1, C-4, D-3
(സി) A-1, B-3, C-2, D-4 (ഡി) A-1, B-2, C-4, D-3
24. ഷെർഷയുടെ ശവകുടീരം എവിടെയാണ്?



(എ) ആഗ്ര (ബി) സസറം
(സി) ഡൽഹി (ഡി) പാട്ന
25. 'പാവങ്ങളുടെ താജ്മഹൽ' എന്നറിയപ്പെടുന്നത്?
(എ) ബീബി കി മഖ്ബാര (ബി) ലോട്ടസ് ടെമ്പിൾ
(സി) ബുലന്ദ് ദർവാസ (ഡി) അലൈ ദർവാസ
26. താജ്മഹലിന്റെ മുഖ്യ ശിൽപി:
(എ) ഉസ്താദ് അഹമ്മദ് ലാഹോറി
(ബി) ലാൽചന്ദ്
(സി) ഹെൻറി ഇർവിൻ (ഡി) സുലൈമാൻ
27. ആരുടെ പ്രതിനിധിയായിട്ടാണ് സർ തോമസ് റോ ഇന്ത്യയിൽ വന്നത്?
(എ) ചാൾസ് ഒന്നാമൻ (ബി) ജെയിംസ് ഒന്നാമൻ
(സി) എഡ്വേർഡ് ഒന്നാമൻ (ഡി) ജോൺ രണ്ടാമൻ
28. എവിടെനിന്നാണ് അക്ബർ മൻസബ്ദാരി സമ്പ്രദായം കടംകൊണ്ടത്?
(എ) അഫ്ഗാനിസ്ഥാൻ (ബി) തുർക്കി
(സി) മംഗോളിയ (ഡി) പേർഷ്യ
29. വ്യക്തിയെ തിരിച്ചറിയുക
1. സബ്ദി എന്ന ഭൂനികുതി സമ്പ്രദായം നടപ്പിലാക്കിയ മുഗൾ ഭരണാധികാരി
2. അലഹബാദ് നഗരത്തിന് ആ പേരുനൽകിയ വ്യക്തി
3. സർദാർ കെ എം പണിക്കരുടെ 'കല്യാണമൽ' എന്ന നോവലിൽ പ്രമേയമാക്കിയിരിക്കുന്ന ഭരണാധികാരി
(എ) അക്ബർ (ബി) ഷാജഹാൻ
(സി) ജഹാംഗീർ (ഡി) ബാബർ
30. റസിയ സുൽത്താന വധിക്കപ്പെട്ട വർഷം?



(എ) 1232 (ബി) 1236
(സി) 1240 (ഡി) 1244
31. ചുവടെപ്പറയുന്ന കൃതികൾ, ഗ്രന്ഥകർത്താക്കൾ എന്നിവയിൽ തെറ്റായ ജോഡി ഏതാണ്?
(എ) പാദ്ഷാനാമ-അബ്ദുൾ ഹമീദ് ലാഹോറി
(ബി) ഷാനാമ-ഫിർദൗസി
(സി) പദ്മാവത്-മാലിക് മുഹമ്മദ് ജെയ്സി
(ഡി) തുഗ്ലക്നാമ-ഫിറോസ്ഷാ തുഗ്ലക്
32. ചുവടെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
1. ബ്ലാക്ക് ഹോൾ ട്രാജഡി നടന്നത് 1756ലാണ്
2. പിറ്റിന്റെ ഇന്ത്യാ നിയമം ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയത് 1784ലാണ്.
3. 'ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ' സ്ഥാപിച്ചത് വാറൻ ഹേസ്റ്റിങ്സാണ്.
(എ) 1, 2 എന്നിവ (ബി) 1, 3 എന്നിവ
(സി) 2, 3 എന്നിവ (ഡി) 1, 2, 3 എന്നിവ
33. ഗവർണർ ജനറലായ വാറൻഹേസ്റ്റിങ്സുമായി ബന്ധപ്പെട്ട പ്രസ്താവന ഏതാണ്?
(എ) ദ്വിഭരണം നിർത്തലാക്കിയ ഗവർണർ ജനറൽ
(ബി) ബ്രിട്ടീഷ് പാർലമെന്റ് ഇംപീച്ച്മെന്റിന് വിധേയനാക്കിയ ഗവർണർ ജനറൽ
(സി) പിണ്ഡാരികൾ എന്ന കൊള്ള സംഘത്തെ അമർച്ചചെയ്ത ഗവർണർ ജനറൽ
(ഡി) മേൽപറഞ്ഞവയെല്ലാം ശരിയാണ്
34. 1888-ൽ ഇന്ത്യൻ പാട്രിയോട്ടിക് അസോസിയേഷൻ സ്ഥാപിച്ചതാര്?
(എ) ആഗാഖാൻ
(ബി) ഖാൻ അബ്ദുൾ ഗാഫർഖാൻ
(സി) നവാബ് അബ്ദുൾലത്തീഫ്
(ഡി) സയ്യദ് അഹമ്മദ്ഖാൻ
35. വാൻഗാർഡ് എന്ന പ്രസിദ്ധീകരണം തുടങ്ങിയത് ആരാണ്?
(എ) സുഭാഷ്ചന്ദ്രബോസ് (ബി) സുരേന്ദ്രനാഥ് ബാനർജി
(സി) എം എൻ റോയ് (ഡി) രാജാറാം മോഹൻറോയ്
36. ഞാൻ എന്തുകൊണ്ട് നിരീശ്വരവാദി (Why I am an Atheist?) എന്ന പുസ്തകം രചിച്ചത്?
(എ) ഭഗത്സിംഗ് (ബി) രാജ്ഗുരു
(സി) സുഖ്ദേവ് (ഡി) സുഭാഷ്ചന്ദ്രബോസ്
37. ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെ തൂക്കിലേറ്റിയ തീയതി?
(എ) 1930 മാർച്ച് 23 (ബി) 1931 മാർച്ച് 23
(സി) 1932 മാർച്ച് 23 (ഡി) 1933 മാർച്ച് 23
38. 1935-ലെ 'സപ്രുകമ്മിറ്റി' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) പോലീസ് (ബി) വ്യവസായം
(സി) വിദ്യാഭ്യാസം (ഡി) തൊഴിലില്ലായ്മ
39. താഴെപ്പറയുന്നവരിൽ ആരാണ് ബനാറസ് ഗൂഢാലോചനക്കേസുമായി ബന്ധപ്പെട്ടിരിക്കുന്നത്?
(എ) ഭഗത്സിംഗ് (ബി) സച്ചിന്ദ്രനാഥ് സന്യാൽ
(സി) വി ഡി സവർക്കർ (ഡി) അരവിന്ദഘോഷ്
40. ശാരദാ ആക്ടിലൂടെ ഉന്മൂലനംചെയ്യാൻ ലക്ഷ്യമിട്ട സാമൂഹിക വിപത്ത്?

(എ) സതി സമ്പ്രദായം (ബി) അഴിമതി
(സി) സ്ത്രീധന സമ്പ്രദായം (ഡി) ശിശുവിവാഹം

41. കോൺഗ്രസിന്റെ ശതാബ്ദിസമ്മേളനത്തിന് വേദിയായ നഗരം?
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) മദ്രാസ് (ഡി) ലക്നൗ

42. സർ സി ശങ്കരൻനായർ അധ്യക്ഷതവഹിച്ച കോൺഗ്രസ് സമ്മേളനത്തിന്റെ വേദി
(എ) മദ്രാസ് (ബി) ബോംബെ
(സി) അമരാവതി (ഡി) നാഗ്പൂർ

43. ഏത് വർഷമാണ് മഹാത്മാഗാന്ധി കോൺഗ്രസ് വിട്ടത്?
(എ) 1934 (ബി) 1935
(സി) 1936 (ഡി) 1937

44. കിങ്മേക്കർ എന്ന അപരനാമത്തിലറിയപ്പെട്ട കോൺഗ്രസ് പ്രസിഡന്റ്
(എ) ആചാര്യ കൃപലാനി (ബി) കെ കാമരാജ്
(സി) നീലം സഞ്ജീവറെഡ്ഡി(ഡി) ശങ്കർദയാൽ ശർമ്മ

45. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ എ ഒ ഹ്യൂം വഹിച്ചിരുന്ന പദവി?
(എ) പ്രസിഡന്റ് (ബി) ചെയർമാൻ
(സി) ട്രഷറർ (ഡി) സെക്രട്ടറി

46. സ്വതന്ത്രഭാരതത്തിൽ കോൺഗ്രസിന്റെ ആദ്യ തിരഞ്ഞെടുപ്പ് ചിഹ്നം എന്തായിരുന്നു?
(എ) കൈപ്പത്തി (ബി) പശുവും കിടാവും
(സി) നുകമേന്തിയ കാളകൾ(ഡി) കർഷകനും കലപ്പയും

47. ലോക്സഭാ സ്പീക്കർ, രാഷ്ട്രപതി എന്നീ പദവികളിലെത്തിയ ഏക കോൺഗ്രസ് അധ്യക്ഷൻ
(എ) നരസിംഹറാവു (ബി) ശങ്കർദയാൽ ശർമ്മ
(സി) ഗ്യാനി സെയിൽസിങ്(ഡി) നീലം സഞ്ജീവറെഡ്ഡി

48. വാസ്കോഡഗാമ തന്റെ ആദ്യ ഇന്ത്യൻ യാത്രയ്ക്ക് ഉപയോഗിച്ചിരുന്ന കപ്പലിന്റെ പേര്?
(എ) സാവോ ഗബ്രിയേൽ (ബി) സാവോ റാഫേൽ
(സി) സാവോ മിഗേൽ (ഡി) ഇവയൊന്നുമല്ല

49. ഗാന്ധിജി ആദ്യമായി ജയിൽവാസം അനുഭവിച്ച സ്ഥലം ഏതാണ്?
(എ) ജൊഹന്നാസ്ബർഗ് (ബി) ഡർബൻ
(സി) കേപ്ടൗൺ (ഡി) പ്രിട്ടോറിയ

50. ഗാന്ധിജിയുടെ ചരമവൃത്താന്തം അറിഞ്ഞപ്പോൾ 'രണ്ടാമത്തെ ക്രിസ്തുവും കുരുശിൽ തറയ്ക്കപ്പെട്ടു' എന്നു പറഞ്ഞത്?
(എ) വിർജിനിയ വൂൾഫ് (ബി) പേൾ എസ് ബക്ക്
(സി) ബർണാഡ്ഷാ (ഡി) ഐൻസ്റ്റീൻ

51. സ്വതന്ത്ര ഇന്ത്യയിൽ എത്രദിവസമാണ് ഗാന്ധിജി ജീവിച്ചിരുന്നത്?
(എ) 168 (ബി) 158
(സി) 148 (ഡി) 138

52. സ്വാതന്ത്ര്യദിന സന്ദേശം ആവശ്യപ്പെട്ട ഏത് പത്രത്തിന്റെ റിപ്പോർട്ടറോടാണ് തന്റെ സ്രോതസ്സുകൾ വറ്റിപ്പോയി എന്ന് ഗാന്ധിജി പറഞ്ഞത്?
(എ) ഹിന്ദുസ്ഥാൻ ടൈംസ് (ബി) ടൈംസ് ഓഫ് ഇന്ത്യ
(സി) ലക്നൗ ഹെറാൾഡ് (ഡി) ദ ഹിന്ദു

53. ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം പങ്കെടുത്ത ആദ്യത്തെ പൊതു ചടങ്ങ് ഏതാണ്?
(എ) ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടനം
(ബി) 1916ലെ കോൺഗ്രസ് സമ്മേളനം
(സി)വിശ്വഭാരതി സർവ്വകലാശാലയുടെ ഉദ്ഘാടനം
(ഡി) ഇതൊന്നുമല്ല

54. ഗാന്ധിസ്മാരക നിധിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ ഏതാണ്?
(എ) കപൂർ കമ്മീഷൻ (ബി) കൂടൽ കമ്മീഷൻ
(സി) ജെ എ പാട്ടീൽ കമ്മീഷൻ
(ഡി) ഉദയഭാനു കമ്മീഷൻ

55. ഗാന്ധിജിയുടെ സമാധിസ്ഥലമായ രാജ്ഘട്ട് ഏത് നദീതീരത്താണ് സ്ഥിതിചെയ്യുന്നത്
(എ) ഗംഗ (ബി) ഭാഗീരഥി
(സി) യമുന (ഡി) അളകനന്ദ

56. 'തനിക്കത് അമ്മയെപ്പോലെയാണ്' എന്ന് ഗാന്ധിജി പറഞ്ഞത് ഏത് ഗ്രന്ഥത്തെക്കുറിച്ചാണ്?
(എ) രാമായണം (ബി) ഭഗവദ്ഗീത
(സി) മനുസ്മൃതി (ഡി) ബൈബിൾ

57. ആസൂത്രണകമ്മീഷനിൽ അംഗമായ ആദ്യ വനിത?
(എ) സരോജിനി നായിഡു (ബി) ദുർഗാഭായ് ദേശ്മുഖ്
(സി) ഇന്ദിരാഗാന്ധി (ഡി) രാജ്കുമാരി അമൃത്കൗർ

58. സതീഷ്ധവാൻ സ്പേസ് സെന്റർ എവിടെയാണ്?
(എ) തുമ്പ (ബി) ബാംഗ്ലൂർ
(സി) ചാന്ദിപ്പൂർ (ഡി) ശ്രീഹരിക്കോട്ട

59. ഇന്ത്യ ആദ്യമായി ഒളിമ്പിക്സിൽ വ്യക്തിഗത സ്വർണ്ണം നേടിയ വർഷം?
(എ) 2000 (ബി) 2004
(സി) 2008 (ഡി) 2012

60. ഇന്ത്യ പ്രഥമ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ വർഷം?
(എ) 2005 (ബി) 2006
(സി) 2007 (ഡി) 2008

61. ഇന്ത്യ ആദ്യമായി ക്രിക്കറ്റിൽ ലോകകപ്പ് കിരീടം നേടിയ വർഷം?
(എ) 1980 (ബി) 1981
(സി) 1982 (ഡി) 1983

62. ഇന്ത്യ ആദ്യമായി ഹോക്കി ലോകകപ്പ് സ്വന്തമാക്കിയ വർഷം?
(എ) 1975 (ബി) 1983
(സി) 1985 (ഡി) 1973

63. ഇന്ത്യയിൽ സ്പേസ് കമ്മീഷൻ രൂപംകൊണ്ടത്
(എ) 1965 ഓഗസ്റ്റ് (ബി) 1972 ജൂൺ
(സി) 1971 മേയ് (ഡി) 1972 ജനുവരി

64. ബാങ്ക് ദേശസാൽക്കരണത്തിന് മുൻകൈയെടുത്ത മലയാളിയായ കേന്ദ്ര നിയമമന്ത്രി?
(എ) വി കെ കൃഷ്ണമേനോൻ
(ബി) ജോൺ മത്തായി (സി) എം ജി കെ മേനോൻ
(ഡി) പനമ്പിള്ളി ഗോവിന്ദമേനോൻ

65. തിരുവിതാംകൂറിൽ അടിമക്കച്ചവടം നിരോധിച്ച ഭരണാധികാരി
(എ) സ്വാതിതിരുനാൾ (ബി) ആയില്യം തിരുനാൾ
(സി) ധർമ്മരാജാവ് (ഡി) റാണി ലക്ഷ്മീഭായി

66. ബോസ്റ്റൺ ടീ പാർടി നടന്ന വർഷം
(എ) 1789 (ബി) 1773
(സി) 1776 (ഡി) 1783

67. വിമ്പിൾഡൺ മത്സരങ്ങൾ നടക്കുന്ന സ്ഥലം
(എ) ലണ്ടൻ (ബി) പാരീസ്
(സി) മെൽബൺ (ഡി) എഡിൻബറോ

68. 'ബുള്ളി' എന്ന പദം ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഹോക്കി (ബി) ക്രിക്കറ്റ്
(സി) ഫുട്ബോൾ (ഡി) ടെന്നീസ്

69. ഇംഗ്ലണ്ടിൽ 1688-ലെ മഹത്തായ വിപ്ലവത്തെതുടർന്ന് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവ്?
(എ) ചാൾസ് ഒന്നാമൻ (ബി) ചാൾസ് രണ്ടാമൻ
(സി) ജെയിംസ് ഒന്നാമൻ (ഡി) ജെയിംസ്രണ്ടാമൻ

70. മികച്ച നടനുള്ള ദേശീയ അവാർഡിന് ആദ്യമായി അർഹനായതാര്?
(എ) ഉത്തംകുമാർ (ബി) അശോക്കുമാർ
(സി) ഉത്പൽദത്ത് (ഡി) സഞ്ജീവ്കുമാർ

71. 'കലിംഗപ്രൈസ്' ഏർപ്പെടുത്തിയിരിക്കുന്ന സംഘടന
(എ) യുനിസെഫ് (ബി) യുഎൻഒ
(സി) യുനെസ്കോ (ഡി) കോമൺവെൽത്ത്

72. 1857ലെ കലാപത്തെ 'ആദ്യത്തേതുമല്ല, ദേശീയവുമല്ല, സ്വാതന്ത്ര്യസമരവുമല്ല' എന്ന് വിശേഷിപ്പിച്ച ചരിത്രകാരൻ?
(എ) വി ഡി സവാർക്കർ (ബി) എസ് എൻ സെൻ
(സി) ആർ സി മജുംദാർ (ഡി) വിൻസെന്റ് സ്മിത്ത്

73. ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റായ വർഷം?
(എ) 1924 (ബി) 1930
(സി) 1917 (ഡി) 1920

74. കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം ആദ്യമായി ആലപിക്കപ്പെട്ട വർഷം
(എ) 1896 (ബി) 1912
(സി) 1906 (ഡി) 1882

75. ഡൽഹിയിൽ സുൽത്താൻ ഭരണകാലത്തെ വംശങ്ങളുടെ ശരിയായ ക്രമം ഏത്?
(എ) അടിമ, തുഗ്ലക്, ഖിൽജി, സയ്യിദ്, ലോദി
(ബി) അടിമ, സയ്യിദ്, തുഗ്ലക്, ഖിൽജി, ലോദി
(സി) അടിമ, ഖിൽജി, സയ്യിദ്, തുഗ്ലക്, ലോദി
(ഡി) അടിമ, ഖിൽജി, തുഗ്ലക്, സയ്യിദ്, ലോദി

76. ഐക്യരാഷ്ട്രസഭയിലെ എത്രാമത്തെ അംഗമാണ് മോണ്ടിനെഗ്രോ?
(എ) 190 (ബി) 193
(സി) 191 (ഡി) 192

77. 'ഇന്റർപോൾ' എന്ന സംഘടനയുടെ ആസ്ഥാനം
(എ) ലിയോൺസ് (ബി) ജനീവ
(സി) ലണ്ടൻ (ഡി) ന്യൂയോർക്ക്

78. ഐക്യരാഷ്ട്രസഭയുടെ ഭരണനിർവഹണ ഘടകമാണ്?
(എ) പൊതുസഭ
(ബി) അന്താരാഷ്ട്ര നീതിന്യായ കോടതി
(സി) സെക്രട്ടേറിയറ്റ് (ഡി) രക്ഷാസമിതി

79. ഐക്യരാഷ്ട്രസഭ ഇടപെട്ട ആദ്യത്തെ യുദ്ധം
(എ) വിയറ്റ്നാം യുദ്ധം (ബി) കൊറിയൻ യുദ്ധം
(സി) ഇറാഖ് യുദ്ധം (ഡി) അഫ്ഗാനിസ്താൻ യുദ്ധം

80. ജർമൻ ഏകീകരണത്തിന് നേതൃത്വം നൽകിയത്?
(എ) ഗാരിബാൾഡി (ബി) മസ്സിനി
(സി) നെപ്പോളിയൻ (ഡി) ബിസ്മാർക്ക്

81. ജനകീയ ചൈനയുടെ പ്രഥമ ചെയർമാൻ
(എ) ചിയാങ് കൈഷക് (ബി) സൺയാത്സെൻ
(സി) മാവോ സേതൂങ് (ഡി) ഡെങ് സിയാവോപിങ്

82. ഹഡ്സൺ ഉൾക്കടൽ ഏതു സമുദ്രത്തിന്റെ ഭാഗമാണ്?
(എ) പസഫിക് (ബി) ഇന്ത്യൻ
(സി) ആർട്ടിക് (ഡി) അത്‌ലാന്റിക്

83. 'ബർമുഡ ത്രികോണം' ഏതു സമുദ്രത്തിലാണ്?
(എ) ഉത്തര അത്‌ലാന്റിക് (ബി) ദക്ഷിണ അത്‌ലാന്റിക്
(സി) ഉത്തര പസഫിക് (ഡി) ദക്ഷിണ പസഫിക്

84. ലോക വ്യാപാര സംഘടന മുമ്പ് ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
(എ) ഗാട്ട് (ബി) സാർക്ക്
(സി) ഒപ്പെക് (ഡി) നാറ്റോ

85. തെറ്റായ ജോഡി ഏതാണ്?
(എ) ടെന്നീസ് കോർട്ട് പ്രതിജ്ഞ-1789
(ബി) ബാസ്റ്റൈൽ ജയിലിന്റെ തകർച്ച-1790
(സി) പാരീസ് കമ്യൂൺ-1871
(ഡി) ലൂയി പതിനാറാമന്റെ ശിരച്ഛേദം-1793

86. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ്?
(എ) വള്ളത്തോൾ നാരായണമേനോൻ
(ബി) മാനവേദൻ നമ്പൂതിരി
(സി) കൊട്ടാരക്കര തമ്പുരാൻ (ഡി) വെട്ടത്തുരാജാവ്

87. 'മാനവ് അധികാർ ഭവൻ' ഏതു സ്ഥാപനത്തിന്റെ ആസ്ഥാനമാണ്?
(എ) ഇലക്ഷൻ കമ്മീഷൻ (ബി) യുപിഎസ്സി
(സി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ
(ഡി) യുജിസി

88. ഏത് രാജാവിന്റെ പണ്ഡിതസദസ്സായിരുന്നു അഷ്ടദിഗ്ഗിജങ്ങൾ?
(എ) അക്ബർ (ബി) ശിവജി
(സി) കൃഷ്ണദേവരായർ (ഡി) ഷാജഹാൻ

89. എമറാൾഡ് ഐലന്റ്സ് എന്നറിയപ്പെടുന്നത്
(എ) ലക്ഷദ്വീപ് (ബി) ആൻഡമാൻ-നിക്കോബാർ
(സി) പസഫിക് (ഡി) ഇന്ത്യൻ മഹാസമുദ്രം

90. മൊഹാലി സ്റ്റേഡിയം സ്ഥിതിചെയ്യുന്നത്
(എ) ചണ്ഡിഗഢ് (ബി) ഉത്തരാഖണ്ഡ്
(സി) ബാംഗ്ലൂർ (ഡി) ചെന്നൈ

91. ആഗമസിദ്ധാന്തം ഏതു മതക്കാരുടെ ഗ്രന്ഥമാണ്
(എ) ജൈനർ (ബി) ബുദ്ധമതം
(സി) പാഴ്സി (ഡി) സിഖ്

92. 'ഹംബോൾട്ട് പ്രവാഹം' ഏതു സമുദ്രത്തിലാണ്?
(എ) അത്‌ലന്റിക് സമുദ്രം (ബി) പസഫിക് സമുദ്രം
(സി) ഇന്ത്യൻ മഹാസമുദ്രം (ഡി) ആർട്ടിക് സമുദ്രം

93. 'ക്വീൻസ്ബെറി നിയമങ്ങൾ' ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ബോക്സിങ് (ബി) ഷൂട്ടിങ്
(സി) ചെസ് (ഡി) ഹോക്കി

94. ചുവടെപ്പറയുന്ന ചരിത്രസ്മാരകങ്ങൾ, നിർമ്മാതാക്കൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക
A. സാഞ്ചി സ്തൂപം — 1. നരസിംഹൻ-1
B. കൊണാർക്കിലെ സൂര്യക്ഷേത്രം — 2. അശോകൻ
C. ആഗ്രഫോർട്ട് — 3. ഷാജഹാൻ
D. റെഡ്ഫോർട്ട് — 4. അക്ബർ
(എ) A-2, B-1, C-3, D-4 (ബി) A-1, B-2, C-4, D-3
(സി) A-2, B-1, C-4, D-3 (ഡി) A-1 B-2, C-3, D-4

95. 1565-ൽ തളിക്കോട്ട യുദ്ധം നടന്ന നദീതീരം?
(എ) കാവേരി (ബി) കൃഷ്ണ
(സി) പാലാർ (ഡി) ഗോദാവരി

96. ഇന്ത്യയിൽ പോർച്ചുഗീസുകാരുടെ ആദ്യ തലസ്ഥാനം?
(എ) കൊച്ചി (ബി) കോഴിക്കോട്
(സി) ഗോവ (ഡി) ഹൂഗ്ലി

97. ഇന്ത്യയിൽ ഫ്രഞ്ചുകാരുടെ പതനത്തിന് ഇടയാക്കിയ വന്തിവാഷ് യുദ്ധം നടന്ന വർഷം
(എ) 1764 (ബി) 1664
(സി) 1760 (ഡി) 1660

98. ഇന്ത്യൻ നിയമങ്ങളെ ക്രോഡീകരിക്കുന്നതിനായി ലണ്ടനിൽ ലാ കമ്മീഷൻ നിയമിച്ചത് ഏത് ആക്ട് പ്രകാരമാണ്?
(എ) ചാർട്ടർ ആക്ട് 1793 (ബി) ചാർട്ടർ ആക്ട് 1813
(സി) ചാർട്ടർ ആക്ട് 1833 (ഡി) ചാർട്ടർ ആക്ട് 1853

99. 1857-ലെ വിപ്ലവത്തിന്റെ പരിണതഫലങ്ങളിൽ ഉൾപ്പെടാത്തത്?
(എ) 1858-ലെ രാജ്ഞിയുടെ വിളംബരം
(ബി) ഗവർണർ ജനറൽ സ്ഥാനത്തിനുപകരം വൈസ്രോയി സ്ഥാനം നിലവിൽവന്നു
(സി) 1858-ൽ വിക്ടോറിയ രാജ്ഞി അധികാരമേറ്റെടുത്തു
(ഡി) വൈസ്രോയിമാർക്ക് പകരമായി സ്റ്റേറ്റ് സെക്രട്ടറിയെ നിയമിച്ചു

100. മദ്രാസ് മഹാജനസഭ സ്ഥാപിച്ചവരിൽ ഉൾപ്പെടാത്തത് ആരാണ്?
(എ) വിജയ രാഘവാചാര്യർ (ബി) ആനന്ദ്മോഹൻബോസ്
(സി) പി സുബ്രഹ്മണ്യഅയ്യർ(ഡി) അനന്ദ് ചാർലു

## ഉത്തരങ്ങൾ

1 (ബി), 2 (ബി), 3 (എ), 4 (സി), 5 (ഡി), 6 (സി), 7 (എ), 8 (ഡി), 9 (എ), 10 (ഡി), 11 (ബി), 12 (ബി), 13 (ഡി), 14 (സി), 15 (ബി), 16 (ബി), 17 (ഡി), 18 (ബി), 19 (ഡി), 20 (സി), 21 (എ), 22 (ബി), 23 (എ), 24 (ബി), 25 (എ), 26 (എ), 27 (ബി), 28 (ബി), 29 (എ), 30 (സി), 31 (ഡി), 32 (എ), 33 (ഡി), 34 (ഡി), 35 (സി), 36 (എ), 37 (ബി), 38 (ഡി), 39 (ബി), 40 (ഡി), 41 (ബി), 42 (സി), 43 (എ), 44 (ബി), 45 (ഡി), 46 (സി), 47 (ഡി), 48 (എ), 49 (എ), 50 (ബി), 51 (എ), 52 (എ), 53 (എ), 54 (ബി), 55 (സി), 56 (ബി), 57 (ബി), 58 (ഡി), 59 (സി), 60 (സി), 61 (ഡി), 62 (എ), 63 (ബി), 64 (ഡി), 65 (ഡി), 66 (ബി), 67 (എ), 68 (എ), 69 (ഡി), 70 (എ), 71 (സി), 72 (സി), 73 (എ), 74 (എ), 75 (ഡി), 76 (ഡി), 77 (എ), 78 (സി), 79 (ബി), 80 (ഡി), 81 (സി), 82 (ഡി), 83 (എ), 84 (എ), 85 (ബി), 86 (സി), 87 (സി), 88 (സി), 89 (ബി), 90 (എ), 91 (എ), 92 (ബി), 93 (എ), 94 (സി), 95 (ബി), 96 (എ), 97 (സി), 98 (ഡി), 99 (ഡി), 100 (ബി)






കാർത്തിക് ചേതനത്ത്

# ഭിന്നസംഖ്യകൾ

## FRACTIONS-PART OF A WHOLE

1. എന്താണ് ഭിന്നസംഖ്യ?

$\frac{x}{y}$ ; y $\neq$ O എന്ന രൂപത്തിലുള്ളതിനെ ഭിന്നസംഖ്യ എന്നു വിളിക്കുന്നു.




$\frac{x}{y} = \frac{\text{അംശം}}{\text{ഛേദം}}$ $\frac{\textbf{Numerator}}{\textbf{Denominator}}$

ഉദാ: $\frac{1}{2}, \frac{1}{4}, \frac{3}{4}, \frac{5}{7} etc$

**സാധാരണ ഭിന്നം (Proper fraction)**

അംശം ഛേദത്തേക്കാൾ ചെറുത്

**Numerator < Denominator**

ഉദാ: $\frac{2}{5}, \frac{3}{4}, \frac{7}{9} etc$

**വിഷമഭിന്നം (Improper fraction)**

അംശം ഛേദത്തേക്കാൾ വലുത്

**Numerator > Denominator**

ഉദാ: $\frac{5}{2}, \frac{4}{3}, \frac{9}{7} etc$

**മിശ്രഭിന്നം (Mixed fraction)**

ഒരു പൂർണ്ണ സംഖ്യയും സാധാരണ ഭിന്നവും ചേർന്നതിനെ മിശ്രഭിന്നം എന്ന് വിളിക്കുന്നു.

ഉദാ: $1\frac{1}{3}$

മിശ്രഭിന്നം $A\frac{B}{C}$ എന്ന രൂപത്തിലാണ്.

**ഭിന്നക്രിയകൾ**

**1. സങ്കലനം (Addition)**

$$\frac{a}{b} + \frac{c}{d} = \frac{ad + bc}{bd}$$

ഉദാ: $\frac{1}{2}+\frac{3}{4} = \frac{(1\times4)+(2\times3)}{2\times4} = \frac{4+6}{8} = \frac{10}{8} = \frac{5}{4}$

**2. വ്യവകലനം (Subtraction)**

$$\frac{a}{b} - \frac{c}{d} = \frac{ad - bc}{bd}$$

ഉദാ: $\frac{3}{2}-\frac{1}{4} = \frac{(3\times4)-(1\times2)}{(2\times4)} = \frac{12-2}{8} = \frac{10}{8} = \frac{5}{4}$

**3. ഗുണനം (Multiplication)**

$$\frac{a}{b} \times \frac{c}{d} = \frac{ac}{bd}$$

ഉദാ: $\frac{5}{2}\times\frac{3}{4} = \frac{5\times3}{2\times4} = \frac{15}{8}$

**4. ഹരണം (division)**

$$\frac{a}{b} \div \frac{c}{d} = \frac{a}{b}\times\frac{d}{c} = \frac{ad}{bc}$$

ഉദാ: $\frac{3}{5}\div\frac{2}{7} = \frac{3}{5}\times\frac{7}{2} = \frac{21}{10}$

*ഈ ചോദ്യങ്ങൾ പരിശീലിച്ച് നോക്കൂ...*

1) $\frac{1}{4}+\frac{1}{2}+\frac{3}{4}$ 2) $\frac{5}{2}\times\frac{10}{11}\times\frac{3}{8}$

3) $\frac{5}{2}-\frac{3}{4}$ 4) $\frac{7}{9}\div\frac{3}{8}$

5) $\frac{3}{11}\times\frac{12}{7}\times\frac{1}{2}$ 6) $\frac{3}{2}+\frac{5}{7}+\frac{1}{3}$

*മാതൃകാ ചോദ്യങ്ങൾ* :

1. ഒരു സംഖ്യയുടെ മൂന്നിലൊന്നിന്റെ പകുതി 2 ആണ്. എന്നാൽ ആ സംഖ്യയുടെ നാലിൽ ഒന്നിന്റെ ഇരട്ടി എത്ര?

(a) 8 (b) 4 (c) 6 (d) 10

**ഉത്തരം:** സംഖ്യ= $x$ എങ്കിൽ

$x$ ന്റെ മൂന്നിലൊന്ന് $\frac{1}{3}x$

$\frac{1}{3}x$ ന്റെ പകുതി = $\frac{1}{2}\left(\frac{1}{3}x\right)$

$\frac{1}{2}\left(\frac{1}{3}x\right) = 2$

$\frac{1}{6}x = 2$

സംഖ്യ, $x = 2\times6 = 12$

സംഖ്യയുടെ നാലിലൊന്ന് = $\frac{1}{4}x$

അതിന്റെ ഇരട്ടി = $2\left(\frac{1}{4}x\right) = 2x\frac{1}{4}\times12$

=6 (option-c)

2. $\frac{\frac{1}{1+1}}{1+1\frac{1}{2}}$ = ..................?

(a) $\frac{2}{5}$ (b) $\frac{3}{5}$ (c) $\frac{4}{5}$ (d) $\frac{1}{5}$

$\frac{\frac{1}{1+1}}{1+\frac{1}{2}} = \frac{\frac{1}{1+1}}{\frac{3}{2}} = \frac{1}{1+\frac{2}{3}}$

$= \frac{1}{\frac{3+2}{3}} = \frac{1}{\frac{5}{3}} = \frac{3}{5}(option-b)$

3. $1\frac{5}{16}$ അതിന്റെ വ്യുൽക്രമം (Reciprocal)തമ്മിലുള്ള വ്യത്യാസം എത്ര?

(a) $\frac{441}{256}$ (b) $\frac{256}{441}$ (c) $\frac{185}{336}$ (d) $\frac{336}{185}$

**ഉത്തരം:** $1\frac{5}{16} = \frac{(1\times16)+5}{16} = \frac{21}{16}$

Reciprocal = $\frac{16}{21}$

വ്യത്യാസം = $\frac{21}{16}-\frac{16}{21} = \frac{(21\times21)-(16\times16)}{(16\times21)}$

= $\frac{185}{336}$ (option-c)

4. $\frac{99}{x} = \frac{11}{15}$, $x$ എത്ര?

(a) 25 (b) 45 (c) 105 (d) 135

**ഉത്തരം:** $\frac{99}{x} = \frac{11}{15}$ = ($\frac{a}{b} = \frac{c}{d}$ എങ്കിൽ ad=bc)

$99\times15 = 11\times x$

$x = \frac{99\times15}{11} = 9\times15 = 135$ (option-d)

5. ഒരു സംഖ്യയുടെ മൂന്നിലൊന്നിന്റെ മൂന്നിലൊന്ന് 10 ആണ്. സംഖ്യ എത്ര?

(a) 90 (b) 60 (c) 100 (d) 160

ഉത്തരം: $\frac{1}{3}$ of $\frac{1}{3}$ of $x$ = 10

$\frac{1}{3}\left(\frac{1}{3}x\right) = 10$

$\frac{x}{9} = 10$

x =90 (option-a)

6. $\frac{1\frac{1}{3}-\frac{1}{4}}{1\frac{1}{5}-\frac{1}{3}}$ ഇതിൽ നിന്ന് എത്ര കുറച്ചാൽ 1 കിട്ടും?

(a) $2\frac{1}{4}$ (b) $\frac{1}{4}$ (c) $\frac{1}{2}$ (d) $1\frac{1}{4}$

**ഉത്തരം:** $\frac{1\frac{1}{3}-\frac{1}{4}}{1\frac{1}{5}-\frac{1}{3}} = \frac{\frac{4}{3}-\frac{1}{4}}{\frac{6}{5}-\frac{1}{3}} = \frac{\frac{16-3}{12}}{\frac{18-5}{15}} = \frac{\frac{13}{12}}{\frac{13}{15}} = \frac{13}{12}\times\frac{15}{13} = \frac{15}{12} = \frac{5}{4}$

$\frac{5}{4} - x - 1$

$x = \frac{5}{4} - 1 = \frac{5-4}{4} = \frac{1}{4}$ (Option b)

7. $\frac{1}{4}, \frac{1}{2}$ എന്നിവയ്ക്കിടയിൽ മൂന്ന് ഭിന്നസംഖ്യകൾ കണ്ടുപിടിക്കുക. (രണ്ടു ഭിന്നസംഖ്യകൾക്കിടയിലുള്ള ഭിന്നസംഖ്യ കാണാൻ അവ തമ്മിൽ കൂട്ടിയിട്ട് 2 കൊണ്ട് ഭാഗിക്കുക)

$\frac{\frac{1}{4}+\frac{1}{2}}{2} = \frac{\frac{2+4}{8}}{2} = \frac{\frac{6}{8}}{2} = \frac{\frac{3}{4}}{2} = \frac{3}{8}$

$\frac{\frac{1}{4}+\frac{3}{8}}{2} = \frac{\frac{8+12}{32}}{2} = \frac{\frac{20}{32}}{2} = \frac{\frac{5}{8}}{2} = \frac{5}{16}$

$\frac{\frac{1}{4}+\frac{5}{16}+}{2} = \frac{\frac{16+20}{64}}{2} = \frac{\frac{36}{64}}{2} = \frac{\frac{9}{16}}{2} = \frac{9}{32}$

8. $3\frac{2}{7}$ എന്ന മിശ്രഭിന്നത്തിന്റെ വ്യുൽക്രമം കണ്ടെത്തുക?

**ഉത്തരം:** = $3\frac{2}{7}$ = $\frac{(3\times7)+2}{7} = \frac{23}{7}$

Multiplicative inverse = $\frac{7}{23}$

9. $3\frac{1}{2}+1\frac{1}{4}+2\frac{1}{3}$=?

**ഉത്തരം:** 3+1+2 = 6

$\frac{1}{2}+\frac{1}{4}+\frac{1}{3}$

LCM=3x2x2=12

$\frac{1}{2}+\frac{1}{4}+\frac{1}{3} = \frac{6+3+4}{12} = \frac{13}{12} = 1\frac{1}{12}$

$6+1\frac{1}{12} = 7\frac{1}{12}$

10. $20-8\frac{3}{5}-9\frac{4}{5} = ?$

**ഉത്തരം:** $20-8\frac{3}{5}-9\frac{4}{5}$

$= 20-\frac{43}{5}-\frac{49}{5}$ LCM = 5

= $\frac{100-43-49}{5}$ = $\frac{8}{5} = 1\frac{3}{5}$

11. $8\frac{1}{3}\div10\frac{5}{7}\div2\frac{2}{9} = ?$

$= \frac{25}{3}\div\frac{75}{7}\div\frac{20}{9} = \frac{25}{3}\times\frac{7}{75}\times\frac{9}{20}$

$\frac{21}{60} = \frac{7}{20}$

12. $\left[1-\frac{1}{2}\right]\left[1-\frac{1}{3}\right]\left[1-\frac{1}{4}\right] = ?$

**ഉത്തരം:** $\left(\frac{2-1}{2}\right)\left(\frac{3-1}{3}\right)\left(\frac{4-1}{4}\right) = \frac{1}{2}\times\frac{2}{3}\times\frac{3}{4} = \frac{1}{4}$

Rank Making

$\left[1-\frac{1}{2}\right]\left[1-\frac{1}{3}\right]\left[1-\frac{1}{4}\right]$ .......... $\left[1-\frac{1}{10}\right] = \frac{1}{10}$

13. $a = \frac{1}{3}, b = \frac{1}{5}$ എങ്കിൽ $\frac{a+b}{ab}$ എത്ര?

**ഉത്തരം:** $\frac{a+b}{ab} = \frac{\frac{1}{3}+\frac{1}{5}}{\left(\frac{1}{3}\times\frac{1}{5}\right)} = \frac{\frac{5+3}{15}}{\frac{1}{15}} = \frac{\frac{8}{15}}{\frac{1}{15}} = \frac{8}{15}\times\frac{15}{1} = 8$

14. ഇവയിൽ ഏറ്റവും വലിയ ഭിന്നമേത് -$\frac{8}{11}, \frac{8}{3}, \frac{8}{13}, \frac{8}{5}$

**ഉത്തരം:** അംശങ്ങൾ തുല്യമാകുമ്പോൾ ചെറിയ ഛേദം വരുന്ന സംഖ്യ വലിയ ഭിന്നം ആയിരിക്കും

ചെറിയ ഛേദം: 3

വലിയ ഭിന്നം:= $\frac{8}{3}$

(പേജ് 14ൽ നിന്ന്)

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാതലം

### കാറ്റഗറി നമ്പർ : 89/2021
### സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)
### (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)
### എക്സൈസ്

**1 വകുപ്പ്** : എക്സൈസ്
**2 ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)

(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം )

***(കുറിപ്പ്: ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)***

**3 ശമ്പളം** : ₹ 20000–45800/-
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തൃശൂർ – 1 (ഒന്ന്)

**കുറിപ്പ്** : (1) 10.11.2010ലെ G.O.(P)No.264/10/TD (SRO 1025/10) ഉം 03.10.2015ലെ G.O.(P)No.178/2015/TD (SRO No.669/2015) ഉം 09.10.2012ലെ G.O.(MS)No.192/2012/TD ഉം 21.10.2018ലെ G.O.(Ordinary)No.766/2018/TD ഉം പ്രകാരമാണ് ഈ തസ്തികയുടെ പേര് വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ.(എം.എസ്.)154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.)4/61/പി.ഡി. വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപന പ്രകാരം നേരിട്ടുള്ള നിയമനത്തിൽ വിമുക്തഭടന്മാർക്ക് മുൻഗണന നൽകുന്നതാണ്.

(v) എൻ.സി.സി.യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ.(എം.എസ്.)നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നല്കുന്നതാണ്.

(vi) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തി ദിവസമെങ്കിലും) അടിസ്ഥാന പരിശീലനം സിവിൽ എക്സൈസ് ഓഫീസർ വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ, രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും, പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 19 – 36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** (I) നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ 50 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**7 യോഗ്യതകൾ:** (1) വിദ്യാഭ്യാസ യോഗ്യത : പ്ലസ്ടു (+2) പരീക്ഷ വിജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ്:** (2) ശാരീരിക യോഗ്യത : ഉയരം കുറഞ്ഞത് 160 സെ.മീ, നെഞ്ചളവ് കുറഞ്ഞത് 76സെ.മീ ഉം പൂർണ്ണ ഉഛ്വാസത്തിൽ 5 സെ.മീ വികാസവും

(3)കായിക ശേഷിയും കാഴ്ചശക്തിയും:

(I) ഔട്ട്ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായിക ശേഷിയും ശാരീരിക യോഗ്യതയും കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തുന്നതുമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b)സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) കളർവിഷൻ | സാധാരണ | സാധാരണ |
| d) നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

**കുറിപ്പ്** : (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധനാ സമയത്ത് അവരവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനെയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നല്കുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(4) കായികക്ഷമതാ പരീക്ഷ:

ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിച്ചിരിക്കേണ്ടതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്** : ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് അല്ലെങ്കിൽ എൻഡ്യൂറൻസ് ടെസ്റ്റിന് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

5) എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test): എല്ലാ ഉദ്യോഗാർത്ഥികളും 2.5 കിലോമീറ്റർ ഓട്ടം 13 (പതിമൂന്ന്) മിനിട്ടുകൊണ്ട് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി ) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരെഞ്ഞെടുപ്പിന് ബാധകമല്ല.

13. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 90/2021
### ക്ലാർക്ക് (വിമുക്തഭടന്മാർക്ക് മാത്രം )
### (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### സൈനികക്ഷേമ വകുപ്പ്

**1 വകുപ്പ്** : സൈനികക്ഷേമ വകുപ്പ്
**2 ഉദ്യോഗപ്പേര്** : ക്ലാർക്ക് (വിമുക്തഭടന്മാർക്ക് മാത്രം ) (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3 ശമ്പളം** : ₹ 19000 – 43600/-
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 01 SR for SC/ST

**കുറിപ്പ്:** 2. ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06.02.2013ലെ GO(P) No.5/13/P&ARD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 GO(P) No12/96/P& ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

3. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(വിമുക്ത ഭടന്മാരായ പട്ടികജാതി പട്ടിവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്**:പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത വിമുക്ത ഭടന്മാരായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6. പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്) വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടില്ല.

**7. യോഗ്യതകൾ** :1. എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഒരു വിമുക്ത ഭടനായിരിക്കണം

12.പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13.നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 91/2021
### ക്ലാർക്ക് (വിമുക്ത ഭടന്മാർക്ക് മാത്രം )
### (പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### സൈനികക്ഷേമ വകുപ്പ്

**1. വകുപ്പ്** : സൈനികക്ഷേമ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ക്ലാർക്ക് (വിമുക്ത ഭടന്മാർക്ക് മാത്രം ) (പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3. ശമ്പളം** : ₹ 19000–43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
പത്തനംതിട്ട 01
(പട്ടിക വർഗ്ഗക്കാർക്ക് മാത്രം)
(വിമുക്ത ഭടന്മാർ മാത്രം)

കുറിപ്പ്: 2. ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06.02.2013ലെ GO(P) No.5/13/P&ARD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 GO(P) No12/96/P& ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

3. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം

(പട്ടിവർഗ്ഗക്കാരായ വിമുക്ത ഭടന്മാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിമുക്ത ഭടന്മാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6. പ്രായം** : 18-41 ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്) വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടില്ല.

**7. യോഗ്യതകൾ** :

1. എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

2. ഒരു വിമുക്ത ഭടനായിരിക്കണം.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13.നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്രമത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 92/2021

## ആയ (യോഗ്യതയുള്ള തദ്ദേശീയരായ പട്ടികവർഗ്ഗ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം. പ്രത്യേക നിയമനം)

## പട്ടിക വർഗ്ഗ വികസനം

**1. വകുപ്പ്** : പട്ടിക വർഗ്ഗ വികസനം

**2. ഉദ്യോഗപ്പേര്** : ആയ (യോഗ്യതയുള്ള തദ്ദേശീയരായ പട്ടികവർഗ്ഗ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം. പ്രത്യേക നിയമനം)

**3. ശമ്പളം** : ₹16500–35700/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| 1) | കൊല്ലം | 4 |
| 2) | പത്തനംതിട്ട | 1 |
| 3) | ആലപ്പുഴ | 1 |
| 4) | കോട്ടയം | 2 |
| 5) | ഇടുക്കി | 7 |
| 6) | എറണാകുളം | 3 |
| 7) | തൃശ്ശൂർ | 4 |
| 8) | പാലക്കാട് | 23 |
| 9) | മലപ്പുറം | 8 |
| 10) | കോഴിക്കോട് | 2 |
| 11) | വയനാട് | 20 |
| 12) | കണ്ണൂർ | 8 |
| 13) | കാസർഗോഡ് | 1 |

**കുറിപ്പ് :** (ii) ഈ വിജ്ഞാപനം പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1961ലെ ജി.ഒ. (എം.എസ്) നം. 4/61/പി.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഏതെങ്കിലും മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഒരു ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (യോഗ്യതയുള്ള തദ്ദേശീയരായ പട്ടികവർഗ്ഗ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം. പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത വനിതകളല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് പ്രത്യേകമായി നിരസന അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :** (1) ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം. എന്നാൽ ബിരുദധാരികൾ ആയിരിക്കുവാൻ പാടില്ല.

(2) ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860 ലെ സെൻട്രൽ ആക്ട് XXI ) അഥവാ 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 ലെ XII) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ സർക്കാർ ഗ്രാന്റോടു കൂടി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും ഓട്ടോണമസ് ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിൽ നിന്നോ കുട്ടികളുടെ 'ആയ' ആയിട്ടുള്ള ഒരു വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ്:** i) മുകളിൽ രണ്ടാം ഇനമായി കാണിച്ചിട്ടുള്ള പരിചയം ഒന്നാം ഇനത്തിൽ പറയുന്ന വിദ്യഭ്യാസ യോഗ്യത നേടിയതിനു ശേഷം ലഭിച്ചതായിരിക്കണം.

ii) SC /ST വിഭാഗങ്ങൾക്കായുള്ള തെരെഞ്ഞെടുപ്പുകളിൽ നിശ്ചിത പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി തസ്തികയിലേക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള SC /ST ഉദ്യോഗാർത്ഥികളെ ടി തസ്തികയുടെ തെരെഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ഇത്തരത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ പ്രൊബേഷൻ കാലയളവിൽ പ്രവൃത്തി പരിചയം ലഭിക്കുന്നതിനായി പരിശീലനത്തിന് നിയോഗിക്കുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്രമത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻ.സി.എ. വിജ്ഞാപനം സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 93/2021– 95/2021

## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യോളജി

## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യോളജി

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾ ക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി -01 (ഒന്ന്)
കാറ്റഗറി നമ്പർ : 93/2021
പട്ടികവർഗ്ഗം 01 (ഒന്ന്)
കാറ്റഗറി നമ്പർ : 94/2021
എൽ.സി/എ.ഐ01 (ഒന്ന്)
കാറ്റഗറി നമ്പർ : 95/2021

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 17.04.2018 | 276/16 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി, പട്ടികവർഗ്ഗ, എൽ.സി/ എ.ഐ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–50, (പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ) ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ.)

2) 21–49, (എൽ.സി/എ.ഐ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ) ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2 (i)ലെ ആനുകൂല്യം ഉൾപ്പെടെ).

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ.

**7. യോഗ്യതകൾ**

1) എം.ഡി. (അനസ്തേഷ്യോളജി)/ ഡി.എൻ.ബി. (അനസ്തേഷ്യോളജി)

2) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 2. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3. ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

4. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

5. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലന കാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ : 96/2021– 99/2021

## അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോ ഡയഗ്നോസിസ്

## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയോ ഡയഗ്നോസിസ്

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : എൽ.സി/എ.ഐ -01 (ഒന്ന്)
കാറ്റഗറി നമ്പർ 96/2021
വിശ്വകർമ്മ - 01 (ഒന്ന്)
കാറ്റഗറി നമ്പർ 97/2021
മുസ്ലീം - 02 (രണ്ട്)
കാറ്റഗറി നമ്പർ 98/2021
ഹിന്ദു നാടാർ - 01 (ഒന്ന്)
കാറ്റഗറി നമ്പർ 99/2021

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പ്രത്യേകം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 31.12.2018 | 423/16 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

(എൽ.സി/എ.ഐ, വിശ്വകർമ്മ, മുസ്ലീം, ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49, (എൽ.സി/എ.ഐ, വിശ്വകർമ്മ, മുസ്ലീം, ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ) ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2 (i)ലെ ആനുകൂല്യം ഉൾപ്പെടെ.)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ** : 1) എം.ഡി. (റേഡിയോ ഡയഗ്നോസിസ്)/ ഡി.എൻ.ബി. (റേഡിയോ ഡയഗ്നോസിസ്)

2) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 2. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3. ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

4. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

5. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങ

ളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലന കാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ :100/2021
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ജനറൽ സർജറി
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ജനറൽ സർജറി
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : വിശ്വകർമ്മ 02 (രണ്ട്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 19.12.2018 | 419/16 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
(വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21-49, (വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ) ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2 (i)ലെ ആനുകൂല്യം ഉൾപ്പെടെ.)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ** : 1) എം.എസ്. (ജനറൽ സർജറി)/ ഡി.എൻ.ബി.(ജനറൽ സർജറി)

2) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

3) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 2. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3. ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

4. ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

5. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ടേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ (പരിശീലന കാല മുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്കും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ :101/2021
## അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
## ആരോഗ്യ വകുപ്പ്
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യ വകുപ്പ്
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ
**3. ശമ്പളം** : ₹ 45800-89000/
**4. ഒഴിവുകളുടെ എണ്ണം** : പട്ടിക വർഗ്ഗം48 ഒഴിവുകൾ (നാൽപത്തിയെട്ട്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2013ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 567/2012; ഗസറ്റ് തീയതി: 19.11.2012) കാലയളവിൽ മുകളിൽ പറഞ്ഞിരിക്കുന്ന സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതു വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30.12.2016ലെ ഗസറ്റിൽ 487/2016 കാറ്റഗറി നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരവും 15.10.2019ലെ ഗസറ്റിൽ 161/2019 കാറ്റഗറി നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത രണ്ടാം എൻ.സി.എ വിജ്ഞാപന പ്രകാരവും പട്ടിക വർഗ്ഗ സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ആവശ്യാനുസരണം ലഭിക്കാതിരുന്നതിനാൽ പ്രസിദ്ധീകരിക്കുന്ന മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) കുറഞ്ഞത് നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ്സ് തികഞ്ഞവർക്ക് ബാധകമല്ല.

**കുറിപ്പ്:** 17.10.2012ലെ GO(P)No.61/2012/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മാത്രമേ ഈ തസ്തികയിലെ 3% നിയമനത്തിന് യോഗ്യരായി സർക്കാർ കണ്ടെത്തിയിട്ടുള്ളൂ.ആയതിനാൽ കാഴ്ച വൈകല്യമുള്ള/ അന്ധതയുള്ള ഭിന്നശേഷി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടിക വർഗ്ഗ സമുദായത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ മാത്രം)

**6. പ്രായം** : 18-47; ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2 (i) ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i) ഒഴികെ))

**7. യോഗ്യതകൾ** : 1. മോഡേൺ മെഡിസിനിലുള്ള (എം.ബി.ബി.എസ്) ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

2. തിരുവിതാംകൂർകൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സാധുതയുള്ള രജിസ്ട്രേഷൻ

**കുറിപ്പ് :** 1. പ്രതിരോധ സേവനത്തിലായിരുന്നവർ അവരുടെ ഒന്നാം വർഷ സേവന കാലയളവ് ഹൗസ് സർജൻസിയായി കണക്കാക്കുന്നതാണ്.

2. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചുവരവെ എം.ബി.ബി.എസ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികൾക്ക് നേരിട്ടുള്ള നിയമനത്തിനായുള്ള ഉയർന്ന പ്രായ പരിധി വരെയും വയസ്സിളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സിൽ കൂടാൻ പാടില്ല.

## കാറ്റഗറി നമ്പർ : 102/2021
## ജൂനിയർ കൺസൾട്ടന്റ്
## (ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി)
## ആരോഗ്യം
## നാലാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടന്റ് (ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി)
**3. ശമ്പളം** : ₹ 45800-89000/ (₹ 3400/sp)
**4. ഒഴിവുകളുടെ എണ്ണം** : ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ - 01(ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 29.03.2011 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക്പട്ടികയുടെ, (ഗസറ്റ് തീയതി 27.10.2010, Cat. No:- 282/2010)കാലയളവിൽ ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ , സംവരണ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടക്കുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ സംവരണ സമുദായത്തിനു വേണ്ടിയുള്ള ഒന്നാം NCA (ഗസറ്റ് തീയതി 31.12.2012, Cat. No:-718/2012) വിജ്ഞാപനപ്രകാരവും, രണ്ടാം NCA (ഗസറ്റ് തീയതി 29.12.2015, Cat. No:- 579/2015) വിജ്ഞാപനപ്രകാരവും, മൂന്നാം NCA(ഗസറ്റ് തീയതി: 30.12.2019, Cat.No:- 430/2019) വിജ്ഞാപനപ്രകാരവും നികത്താനാവാതെ അവശേഷിക്കുന്ന ഒഴിവിന് വേണ്ടി പ്രസിദ്ധീകരിക്കുന്ന നാലാം NCA വിജ്ഞാപനമാണിത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6 പ്രായം**: 18-45; ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2003 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് കക പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2 (i) ഒഴികെ)

**7 യോഗ്യതകൾ** : 1 മോഡേൺ മെഡിസിനിലുള്ള ബിരുദം (എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2 ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിൽ ഡി.എൻ.ബി. യോഗ്യത.

3 ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് I** : മറ്റെല്ലാ യോഗ്യതകളും തുല്യമാണെങ്കിൽ നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയുള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ്.

**കുറിപ്പ് II**: 1. ഈ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ബിരുദം/ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ/ ബിരുദാനന്തര ബിരുദം/ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകൃത യൂണിവേഴ്സിറ്റിയോ തത്തുല്യ സ്ഥാപനമോ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ഉള്ളവയും ഡി.എൻ.ബി. യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നൽകിയതും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ നൽകിയതായിരിക്കണം.

2. തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം.

## കാറ്റഗറി നമ്പർ : 103/2021
## വെറ്ററിനറി സർജൻ ഗ്രേഡ് –II
## മൃഗസംരക്ഷണം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മൃഗസംരക്ഷണം
**2. ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ്- II
**3. ശമ്പളം** : ₹ 39500-83000/
**4. ഒഴിവുകളുടെ എണ്ണം** : ധീവര 01 (ഒന്ന്)

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 14.12.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ :279/2016, ഗസറ്റ് തീയതി 29.09.2016) കാലയളവിൽ ധീവര സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** സർക്കാർ ഉത്തരവ് നമ്പർ G.O.(P)No.61/2012/SWD dated 17.10.2012 പ്രകാരം ലോക്കോമോട്ടോർ ഡിസെബിലിറ്റി /സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാരെ മാത്രമേ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ Blindness/Low vision, Hearing Impairment എന്നീ വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാർ ഈ തസ്തികയിലെ തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (ധീവര സംവരണ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം )

6 പ്രായം : 18-42. ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2003 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2 (i) ഒഴികെ)

**7 യോഗ്യതകൾ** 1. വെറ്ററിനറി സയൻസിൽ ബിരുദം.

2. 1984ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (1984ലെ സെൻട്രൽ ആക്ട് 52) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

3. മലയാള ഭാഷ കൈകാര്യം ചെയ്യാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.

**കുറിപ്പ് :** 1 കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 പാർട്ട് 2 റൂൾ 10ലെ ക്ലോസ്സ് (എഎഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ, കേരള സംസ്ഥാനത്തിലെ ഭാഷാന്യൂനപക്ഷങ്ങൾക്ക് മൂന്നാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.

2 ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതായിരിക്കും

**1. ട്രെയിനിംഗ്** : വെറ്ററിനറി സർജൻ ഗ്രേഡ് II ആയി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളവർക്കും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്കും ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.

3. കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി. ആന്റ് എ.എച്ച് കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 104/2021
## ലക്ചറർ (സിവിൽ എഞ്ചിനീയറിംഗ്)
## സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്ക് കോളേജുകൾ)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (പോളിടെക്നിക്ക് കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : ലക്ചറർ (സിവിൽ എഞ്ചിനീയറിംഗ്)
**3. ശമ്പളം** : ₹15600-39,100/- (AICTE pay band with AGP 5400)
**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ. പട്ടിക ജാതി -01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 17/08/2018തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 211/2015) കാലയളവിൽ പട്ടിക ജാതി സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ് :** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

**6. പ്രായം** : 20–44, ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2001–ത്തിനും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും (പട്ടിക ജാതി സംവരണ വിഭാഗത്തിൽപ്പെട്ടവർ മാത്രം) ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2021 ൽ 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനു ശേഷം സിവിൽ എഞ്ജിനീയറിംഗിൽ നേടിയഒന്നാം ക്ലാസ്സ് ബിരുദം.

**പ്രതിരോധ സേവനം**: മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധ വകുപ്പിലെ ഈ സേവന ബാധ്യത സർവ്വീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ : 105/2021
## ഗോഡൗൺ മാനേജർ
## കേരള സ്റ്റേറ്റ് കോ– ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം പട്ടികജാതി (ജനറൽ വിഭാഗം)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഗോഡൗൺ മാനേജർ |
| **3. ശമ്പളം** | : ₹11560–20660/ |
| **4. ഒഴിവുകളുടെ എണ്ണം** | : എസ്.സി. 1 (ഒന്ന്) |

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഈ തസ്തികയുടെ 07/09/2018ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ ജനറൽ വിഭാഗം (കാറ്റഗറി നം. 646/2014) പട്ടിക ജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും മാതൃ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനുവേണ്ടി ഉത്ഭവിച്ച സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 03 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും.

2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3) കെ.സി.എസ്. ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

കുറിപ്പ്: പട്ടിക ജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം :** 18–45 ഉദ്യോഗാർത്ഥികൾ 02/01/1976 നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് iiലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) പ്രായപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് iiലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ :** (1) ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദത്തോടൊപ്പം JDC/HDC.

**അല്ലെങ്കിൽ**

കോഓപ്പറേഷനോട് കൂടിയ ബി.കോം ബിരുദം.

(2) ഒരു പ്രശസ്തമായ സ്ഥാപനത്തിൽ നിന്നും ലോജിസ്റ്റിക്/ഗോഡൗൺ മാനേജ്മെന്റിൽ രണ്ട് വർഷത്തെ പരിചയം.

3. പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ upload ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളു.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**നോട്ട് : 1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും 5 (a), 7 ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 106/2021
## അസിസ്റ്റന്റ് കമ്പയിലർ
## കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്
### രണ്ടാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് കമ്പയിലർ |
| **3. ശമ്പളം** | : ₹5250–8390/(PR) |
| **4. ഒഴിവുകളുടെ എണ്ണം** | : എൻ.സി.എ. (ഈഴവ/ തിയ്യ/ ബില്ലവ) 01 (ഒന്ന്) |

**കുറിപ്പ് :** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 29.12.2017 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 648/2012) കാലയളവിൽ ഈഴവ/ തിയ്യ/ ബില്ലവ വിഭാഗങ്ങൾക്ക് നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. 29.12.2018 തിയ്യതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 348/2018 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപന പ്രകാരം ഈഴവ/ തിയ്യ/ ബില്ലവ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം ( ഈഴവ /തിയ്യ /ബില്ലവ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**കുറിപ്പ്:** ഈഴവ /തിയ്യ /ബില്ലവ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ പാർട്ട് II–ലെ ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പടെ) വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ കാണുക (ഖണ്ഡിക 2 (i) ഒഴികെ.)

**യോഗ്യതകൾ :** I.) മാത്തമറ്റിക്സിന് 60% മാർക്കോടെ എസ്.എസ്.എൽ.സി ജയിച്ചിരിക്കണം

**കുറിപ്പ് :** മാത്തമറ്റിക്സ്, എക്കണോമിക്സ് ,സ്റ്റാറ്റിസ്റ്റിക്സ് , കൊമേഴ്സ് ബിരുദധാരികൾക്ക് എസ്.എസ്.എൽ.സി ക്ക് മാത്തമറ്റിക്സിന് 60% മാർക്ക് നിർബന്ധമില്ല.

**അല്ലെങ്കിൽ**

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന A,B, C കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

കൊമേഴ്സിലുള്ള നാഷണൽ ഡിപ്ലോമ

II.) **പരിചയം :** ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലോ രജിസ്റ്റേർഡ് കമ്പനിയിലോ എൽ.ഡി കമ്പയിലറായുള്ള രണ്ട് വർഷത്തെ പരിചയം.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vii) നോക്കുക.)

പരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19,20 & 21 കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11. a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ ii,iii,iv,v,viii,ix,x,xi,xii & xiii എന്നീ ഉപഖണ്ഡികകളും 5a, 6 , 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## എൻ.സി.എ. വിജ്ഞാപനം ജില്ലാതലം

## കാറ്റഗറി നമ്പർ : 107/2021
## ഹൈസ്ക്കൂൾ ടീച്ചർ (അറബിക്)
## വിദ്യാഭ്യാസം
### നാലാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : ഹൈസ്ക്കൂൾ ടീച്ചർ (അറബിക്) |
| **3. ശമ്പളം** | : ₹29,200–62,400/(പരിഷ്കരിച്ചത്) |
| **4. ഒഴിവുകളുടെ എണ്ണം** പട്ടികജാതി | : ജില്ലാടിസ്ഥാനത്തിൽ എറണാകുളം – 01 (ഒന്ന്) കോഴിക്കോട് – 01 (ഒന്ന്) |

(30.12.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 512/16 ആയും 10.05.2018ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 46/18 ആയും 30.12.2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 456/19 ആയും വിജ്ഞാപനം ചെയ്ത തസ്തികയുടെ പുനർ വിജ്ഞാപനം)

**കുറിപ്പ്** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല

(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 05.07.2011 | 46/2008 |
| കോഴിക്കോട് | 09.08.2011 | 46/2008 |

(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയു

ടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്).

**6. പ്രായം** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** 1) അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ ബി.റ്റി/ എൽ.റ്റി.യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ** : ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി യും ഏതെങ്കിലും വിഷയത്തിൽ എം.എഡും യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O. (P) No. 15/2020/G.Edn. തീയതി 09.10.2020).

**കുറിപ്പ്:-** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ ബി.റ്റി/എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(iii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

(iv) കാലിക്കറ്റ് സർവ്വകലാശാല നടത്തുന്ന ബി. എ (അറബിക് & ഇസ്ലാമിക ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം നേടിയിട്ടുള്ളവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (G.O (Ms) No.114/2018/GEDN തീയതി 16.08.2018)

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :** (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975, ജി.ഒ (എം.എസ്.) 50/70/PD തീയതി 12/02/1970).

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ ജി.ഒ.(എം.എസ്) 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 108/2021–109/2021
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)

**3. ശമ്പളം** : ₹ 25,200–54,000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| എൽ.സി/എ.ഐ | തിരുവനന്തപുരം 1 (ഒന്ന്) | 108/21 |
| ഹിന്ദു നാടാർ | കാസർഗോഡ് 1 (ഒന്ന്) | 109/21 |

**കുറിപ്പ്:** ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലേയ്ക്ക് ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 12.04.2019 | 229/16 |
| കാസർഗോഡ് | 29.03.2019 | 229/16 |

iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (എൽ.സി/എ.ഐ, ഹിന്ദു നാടാർ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ:** 1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** 1. GO(P) No 15/2020/G.Edn dated 09.10.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിർബന്ധമില്ല

2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3. 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :** (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 110/2021
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
## എട്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)

**3. ശമ്പളം** : ₹ 25,200–54,000/(PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

## അസാധാരണ ഗസറ്റ് തീയതി: 03.04.2021 അവസാന തീയതി: 05.05.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

| | | |
|---|---|---|
| പട്ടികവർഗം | വയനാട് - 01 (ഒന്ന്) | |
| | കണ്ണൂർ - 01 (ഒന്ന്) | |

(13.04.2009 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 86/09 ആയും, 15.09.2010 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 275/10 ആയും 24.04.2012 ലെ ഗസറ്റിൽ 107/12 കാറ്റഗറി നമ്പറായും 31.12.2014 ലെ ഗസറ്റിൽ 784/14 കാറ്റഗറി നമ്പറായും 11.11.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 404/16 ആയും 10.05.2018 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 61/18 ആയും 31.12.2019ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 592/19 ആയും വിജ്ഞാപനം ചെയ്ത തസ്തികകളുടെ എട്ടാം പുനർവിജ്ഞാപനം)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ സി എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 05/10/07 | 89/2005 |
| വയനാട് | 17.08.2007 | 89/2005 |

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലകളിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികവർഗ സംവരണ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). (പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വീകരിക്കുന്നതാണ്.)

**6. പ്രായം :** 18-45. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** 1 കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബിക്) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
3. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4. കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** 1. GO(P) No 15/2020/G.Edn dated 09.10.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിർബന്ധമില്ല

2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

4. 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :** (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ'എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975, ജിഒ (എം.എസ്) നമ്പർ 50/70/പിഡി തീയതി 12.2.1970).

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക). ●

## ഇന്റർവ്യൂ പ്രോഗ്രാം - ഏപ്രിൽ 2021

### കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 13/20 | Assistant Professor in Reproductive Medicine in Medical Education | 21 |
| 2. | 135/19 | Junior Inspector of Co-operative Societies (By Transfer from VEO) in Co-operation Department | 21,22,23 |
| 3. | 341/20 | Assistant Professor in Biochemistry (II NCALC/AI) in Medical Education Department | 22 |
| 4. | 246/19 | Assistant Tester cum Guager NCA Muslim in Malabar Cements limited | 23 |
| 5. | 556/19 | LGS (SR for ST only) Ex-Servicemen only in Sainik Welfare Department (Thiruvananthapuram Dist) | 28 |
| 6. | 96/18 | Engineering Assistant Grade II (SR for ST Only) in Kerala State Construction Corporation Ltd. | 28 |
| 7. | 436/19 | HSST Junior Mathematics I NCA SCCC in Kerala Higher Secondary\| Education | 28 |
| 8. | 547/17 | Junior Instructor (Electronic Mechanic in Industrial Training Department | 29 |
| 9. | 427/19 | Veterinary Surgeon GRII (SR for SC/ST) in Animal Husbandry Department | 29,30 |

### കെപിഎസ്‌സി റീജിയണൽ ആഫീസ്, കൊല്ലം

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 406/17 | Junior Instructor (Instrument Mechanic Chemical Plant) in Industrial Training Department | 21,22 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, ആലപ്പുഴ

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 539/17 | Confidential Assistant Grade II (SR for SC/ST) in Various Department (Alappuzha Dist) | 28,29 |
| 2. | 380/18 | Boat Keeper from among Exservicemen/ Disembodied Territorial Personnel only)NCA SC in National Cadet Corps (Kottayam Dist) | 29 |

### കെപിഎസ്‌സി റീജിയണൽ ആഫീസ്, എറണാകുളം

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 237/18 | Junior Inspector of Co-operative Societies in Cooperation Department | 21,22,23 28,29 |
| 2. | 135/19 | Junior Inspector of Co-operative Societies (By Transfer from VEO) in Co-operation Department | 30 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, എറണാകുളം

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 135/19 | Junior Inspector of Co-operative Societies (By Transfer from VEO) in Co-operation Department | 21,22,23 |
| 2. | 523/19 | Full Time Junior Language Teacher (Hindi) UPS, By Transfer In Education Department (Ernakulam Dist) | 28 |
| 3. | 523/19 | Full Time Junior Language Teacher (Hindi) UPS, By Transfer In Education Department (Thrissur Dist) | 28 |
| 4. | 523/19 | Full Time Junior Language Teacher (Hindi) UPS, By Transfer In Education Department (Kozhikkode Dist) | 28 |
| 5. | 523/19 | Full Time Junior Language Teacher (Hindi) UPS, By Transfer In Education Department (Kannur Dist) | 28 |
| 6. | 617/17 | Deputy Genereal Manager in District Co-operative Bank-Ist NCA E/T/B (Pathanamthitta Dist) | 29 |
| 7. | 617/17 | Deputy Genereal Manager in District Co-operative Bank-Ist NCA E/T/B ( Malappuram Dist) | 29 |
| 8. | 617/17 | Depuy General Manager in District Co-operative Bank (Kannur District) | 29 |
| 9. | 579/19 | Full Time Junior Language Teacher Arabic LPSIII NCA-SC in Education Department (Ernakulam Dist) | 29 |
| 10. | 624/19 | Part Time Junior Language Teacher (Arabic) UPS IVth NCA-SC in Education Department (Ernakulam Dist) | 29 |
| 11. | 626/19 | Part Time Junior Language Teacher (Arabic) LPS VIth NCA-ST in Education Department (Kasargode Dist) | 30 |
| 12. | 620/19 | Part Time Junior Language Teacher (Sanskrit) Ist NCA-SIUC N in Education Department (Kannur District) | 30 |
| 13. | 632/19 | Part Time Junior Language Teacher (Sanskrit) IInd NCA-LC/AI in Education Department (Alapuzha Dist) | 30 |

### കെപിഎസ്‌സി റീജിയണൽ ആഫീസ്, കോഴിക്കോട്

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 237/18 | Junior Inspector of Co-operative Societies in Co-operation Department | 21,22,23 |
| 2. | 571/17 | Junior Instructor (Tool and Die maker) in Industrail Training Department | 28 |
| 3. | 469/19 | Lower Division Clerk (from Exservicemen Only) Ist NCA-SC in NCC /Sainik Welfare (Thrissur District) | 28,29 |
| 4. | 469/19 | Lower Division Clerk (from Exservicemen Only) Ist NCA-SC in NCC /Sainik Welfare (Kasargode District) | 29 |

### കെപിഎസ്‌സി ജില്ലാ ആഫീസ്, കോഴിക്കോട്

| Sl. No | Category No | Name of Post & Dept. | Date 2021 April |
|---|---|---|---|
| 1. | 237/18 | Junior Inspector of Co-operative Societies in Cooperation Department | 21,22,23,28 |
| 2. | 135/19 | Junior Inspector of Co-operative Societies (By transfer frim VEO) in Cooperation Department | 28 |

# GENERAL ENGLISH

1. Choose the incorrect part of the sentence
   Much Water/has flown/under/the bridge
   1 2 3 4
   a. 1 b. 2
   c. 3 d. 4
2. The idiom 'hot under the collar' means
   a. satisfied b. angry
   c. happy d. confused
3. The word 'clandestine' means
   a. clear b. tiresome
   c. doubtful d. secret
4. Which one of the following is correctly spelt.
   a. conoisseur b. connoiseur
   c. connoisseur d. conoiseur
5. 'Carpe diem' means
   a. Enjoy the present day
   b. best day
   c. Unrestricted authority
   d. hated thing
6. The phrase 'magnum opus' means
   a. in bad faith b. magnificient
   c. method of working d. a great composition
7. I met __________ university player
   a. an b. a
   c. the d. none of the above
8. The passive voice form of 'They completed the project' is:
   a. The project is completed
   b.The project was being completed.
   c. The project was completed by them.
   d.The project will be completed.
9. "Help me to do this work" is an example of
   a. Declarative sentence
   b. Interrogative sentence
   c. Imperative sentence
   d. Exclamatory sentence.
10. The older he got ___________ he became
    a. more happier b. happier
    c. the happier d. the happy
11. The lady said "I saw the culprit", change into reported speech
    a. The lady said that she had saw the culprit.
    b. The lady said that she had seen the culprit
    c. The lady said that she saw the culprit
    d.None of these.
12. None of the players came in time (Question tag)
    a. did they? b. didn't they?
    c. do they? d. don't they?
13. Rahul is fond of eating chocolates. Find out the gerund in the sentence
    a. fond b. is
    c. eating d. of
14. Find the word that is rightly spelt
    a. posthumously b. postumously
    c. posthumusly d postumusly
15. The idiom 'A white elephant' means ______
    a. A useless one b. A strong person
    c. Intelligent d. none of these
16. The tiller was standing _____ in the field
    a. Stationary b. Stationery
    c. Stantionery d stationory
17. Find out the correct spelling.
    a. bourgouis b. boorshwa
    c. buourgeois d. bourgeois
18. This is the house _______ I was born.
    a. were b. which
    c. when d. where
19. We should always ______ the meaning of new words in the dictionary
    a. look into b. look up
    c. look over d. look after
20. Either the students or their teacher ___ come
    a. has been b. have
    c. has d. had been
21. If it rains, we ______ the game
    a. should postpone b. shall postpone
    c.could postpone d. had postponed
22. One of his two sons Reghu is the ________
    a. taller b. tallest
    c. tall d. taller than
23. Which part of the sentence is incorrect? She has just completed a five years integrated PG Course.
    a. She has just completed
    b. a
    c. five years,
    d. integrated PG course
24. 'To show white feathers' means
    a. to show fear
    b. to show the attractive side
    c. be on the winning side
    d. you are welcome
25. Driver's must conform _______ traffic rules to avoid accidents
    a. with b. for
    c. to d. in
26. Which of the following is wrongly paired?
    a. warden - wardress b. master - mistress
    c. widow - widow d. fox - vixen
27. Which of the following is correctly spelt.
    a. castastrophy b. catastrophe
    c. cateostrophe d. catestrophe
28. "Go to the dogs' means
    a. be ruined b. search
    c. go after the dogs d. run fast
29. Would you mind ________?
    a. opening the window
    b. open the widow
    c. opened the window
    d. to open the window
30. You had better ________________
    a. locked the door b. locking the door
    c. lock the door d. to lock the door
31. He knocked from ______ for help
    a. Doors to door b. Door to door
    c. Doors to doors d. Door to doors
32. ____ have been selected for scholarship
    a. He, I and you b. You, he and I
    c. I, he and you d. You, I and he
33. Kindly send me my book as soon as you are _____ with it.
    a. off b. thorough
    c. out d. up
34. I bought a pen and an inkpot __________
    a. even b. also
    c. too d. none of these
35. This is not a matter of __________ importance
    a. any b. little
    c. few d. many
36. What is the past participle form of the verb 'sow'?
    a. sow b. sowed
    c. sowden d. sown

***Directions (Questions 37 to 39) - which of the following sentences is correct?***

37. a. The office has just closed
    b.The office is just closed
    c. The office has been just closed.
    d. The office was just closed.
38. a.How I wish I was a bird?
    b. How I wish I were a bird?
    c. How I wish I will be a bird?
    d. How I wish I had been a bird?
39. a. Do you dare offend me?
    b. Do you dare to offend me?
    c. Do you date to have offended me?
    d. Do you dare to be offend me?
40. "I will have done my work in a week" is an example of _________
    a. Present perfect Tense
    b.Future Perfect Tense
    c. Future Continuous
    d.Future Perfect Continuous
41. ____ you mind sitting here
    a. could b. would
    c. will d. should
42. The phrase 'call up' means
    a. recollect b. meet
    c. to pay a visit to d. exhort
43. The phrase 'Give off' means
    a. announce b. make over
    c. yield d. emit
44. Proletariat
    a. Persons who are socially low
    b. Persons who are economically low
    c. People who are wage earners
    d. The whole body of wage - earners
45. Littoral
    a. Situated along the coast
    b. situated on the banks of a river
    c. Doubtful value
    d. Speaking different languages
46. Involving more than two persons
    a. Bilingual b. Multilateral
    c. Bilateral d. Quadrilateral
47. He said "How can I help in these circumstances? - change into indirect speech.
    a. He told that how could I help in these circumstances
    b. He asked how he could help in those circumstances.
    c. He asked how he could help in these circumstances
    d. He told how he could help in those circumstances
48. A ________ patience is needed to tackle him
    a. much b. great
    c. little d. less
49. What is the function of a participle?
    a. verb + noun b. verb + adjective
    c. verb + adverb d. verb + preposition
50. Apple-pie-order_________
    a. Perfect orderly arrangement
    b. marshal order
    c. arrangement of apples
    d. suspension order

## ANSWERS

| | | | | |
|---|---|---|---|---|
| 1. b. | 2. b | 3. d | 4. c | 5. a |
| 6. d | 7. b | 8. c | 9. c | 10. c |
| 11. b | 12. a | 13. c | 14. a | 15. a |
| 16. a | 17. d | 18. d | 19. b | 20. c |
| 21. b | 22. a | 23. c | 24. a | 25. c |
| 26. c | 27. b | 28. a | 29. a | 30. c |
| 31. b | 32. b | 33. b | 34. c | 35. b |
| 36. d | 37. c | 38. b | 39. b | 40. b |
| 41. b | 42. a | 43. d | 44. d | 45. a |
| 46. b | 47. b | 48. b | 49. b | 50. a |

## ഇന്റർവ്യൂ പ്രോഗ്രാം മെയ് – ജൂൺ 2021

### കെപിഎസ്‌സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| Sl. No | Category No | Name of Post & Dept. | Date 2021 May-June |
|---|---|---|---|
| 1. | 186/19 | KAS Officer (Junior Time Scale) Trainee Stream-I | 05,06,07 18,19,20, 26,27,28 02,03,04,09 |
| 2. | 187/19 | KAS Officer (Junior Time Scale) Trainee Stream II | 05,06,07 18,19,20 26,27,28 02,03,04,09 |
| 3. | 188/19 | KAS Officer (Junior Time Scale) Trainee Stream III | 05,06,07 18,19,20 26,27,28 02,03,04,09 |
| 4. | 161/18 | Junior Instructor (Interior Decoration & Designing) (NCA-SC) in Industrial Training Department* | 05 |
| 5. | 357/19 | Junior Instructor (Interior Decoration & Designing) (NCA-LC/AI) in Industrial Training Department* | |
| 6. | 59/19 | Finance Manager in Kerala State Co-operative Coir Marketing Federation Ltd. | 06 |

| Sl. No | Category No | Name of Post & Dept. | Date 2021 May-June |
|---|---|---|---|
| കെപിഎസ്‌സി റീജിയണൽ ആഫീസ്, കൊല്ലം | | | |
| 1. | 216/18 | Junior Instructor Draftsman Civil in Industrial Training Department | 05,06,07 18,19,20 |
| കെപിഎസ്‌സി ജില്ലാആഫീസ്, കൊല്ലം | | | |
| 1. | 216/18 | Junior Instructor Draftsman Civil in Industrial Training Department | 05,06,07 18,19,20 |
| കെപിഎസ്‌സി റീജിയണൽ ആഫീസ്, എറണാകുളം | | | |
| 1. | 550/17 | Junior Instructor (Stenographer) and Secretarial Assistant-English in Industrail Training Department | 05,06 |
| കെപിഎസ്‌സി ജില്ലാആഫീസ്, തൃശ്ശൂർ | | | |
| 1. | 270/18 | Full Time Junior Language Teacher (sanskrit) in Education Department (Thrissur Dist) | 26,27 |
| കെപിഎസ്‌സി ജില്ലാആഫീസ്, പാലക്കാട് | | | |
| 1. | 656/17 | Full Time Junior Language Teacher (sanskrit) in Education Department (Palakkad Dist) | 26,27 |

* Denotes that examination was conducted Online

# EXAMINATION PROGRAMME FOR THE MONTH OF JUNE 2021 (FOR SUBMITTING CONFIRMATION)

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 02.06.2021<br>WEDNESDAY | ARCHITECTURAL HEAD DRAFTSMAN<br>KERALA STATE HOUSING BOARD<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 18/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **18.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 140/2019<br>Further details regarding main topics are available in the website |
| 2 | 03.06.2021<br>THURSDAY | SCHEDULED CASTES DEVELOPMENT OFFICER GRADE II<br>SCHEDULED CASTES DEVELOPMENT DEPARTMENT<br>Main Topics:- Part I General Knowledge Part II General English Part III Simple Arithmetic<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 19/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **19.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 404/2017 |
| 3 | 03.06.2021<br>THURSDAY | DISTRICT MANAGER<br>KERALA STATE DEVELOPMENT CORPORATION FOR SC/ST LIMITED | 241/2018 |
| | | COMMON TEST FOR Sl.No. 2 & 3 ABOVE ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ രണ്ടിലെ വ്യവസ്ഥകൾ ബാധകമാണ്. | |
| 4 | 04.06.2021<br>FRIDAY | ASSISTANT PROFESSOR IN PHILOSOPHY<br>KERALA COLLEGIATE EDUCATION<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Descriptive (Question cum Answer Booklet)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 20/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **20.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 302/2019<br>Further details regarding main topics are available in the website |
| 5 | 05.06.2021<br>SATURDAY | ASSISTANT MANAGER (MECHANICAL)<br>TRAVANCORE TITANIUM PRODUCTS LIMITED<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 21/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **21.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 003/2020<br>Further details regarding main topics are available in the website |
| 6 | 08.06.2021<br>TUESDAY | ASSISTANT PROFESSOR IN TRAVEL & TOURISM<br>KERALA COLLEGIATE EDUCATION<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : English<br>Mode of Exam : Descriptive (Question cum Answer Booklet)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 24/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **24.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 291/2019<br>Further details regarding main topics are available in the website |
| 7 | 10.06.2021<br>THURSDAY | JUNIOR INSTRUCTOR (SECRETARIAL PRACTICE- ENGLISH) (SR FROM AMONG SC/ST)<br>INDUSTRIAL TRAINING<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 26/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **26.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 297/2018<br>Further details regarding main topics are available in the website |
| 8 | 11.06.2021<br>FRIDAY | HIGH SCHOOL ASSISTANT (TAMIL)<br>EDUCATION<br>Main Topics:- Part I G.K, Current Affairs, Renaissance in Kerala Part II Teaching Methodology Part III Tamil<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : Part I & II English Part III - Tamil<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 27/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **27.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 654/2017<br>TVM, IDK<br>Further details regarding main topics are available in the website |
| 9 | 15.06.2021<br>TUESDAY | ASSISTANT PROFESSOR IN TAMIL<br>KERALA COLLEGIATE EDUCATION<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : Tamil<br>Mode of Exam : Descriptive (Question cum Answer Booklet)<br>Candidates can submit their confirmation for writing this examination through one time registration profile from 23.03.2021 to 11.04.2021<br>അപേക്ഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി ഈ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം രേഖപ്പെടുത്തുവാൻ **23.03.2021 മുതൽ 11.04.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>Candidates who successfully submit their confirmation on or before 11/04/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 31/05/2021<br>**11.04.2021** വരെ സ്ഥിരീകരണം നൽകുന്നവർക്ക് പ്രൊഫൈൽ വഴി **31.05.2021** മുതൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്നതാണ്. | 286/2019<br>Further details regarding main topics are available in the website |

# RANK LISTS

| | Cat. No | Name of Post and Department | Date |
|---|---|---|---|
| 1 | 385/2017 | LGS Ex Service men only – NCC/SWD – Kasargod | 04.01.2021 |
| 2 | 282/2018 | LD TYPIST/CLERK TYPIST/TYPIST CLERK (EX-SERVICEMEN ONLY)-NCC/SAINIK WELFARE DEPARTMENT (KOZHIKODE) | 04.01.2021 |
| 3 | 92/2016 | ATTENDER GRADE II - HOMOEOPATHY DEPARTMENT (PALAKKAD) | 05.01.2021 |
| 4 | 27/2018 | FURNACE OPERATOR - KERALA MUNICIPAL COMMON SERVICE (THIRUVANANTHAPURAM) | 05.01.2021 |
| 5 | 401/2017 | Deputy Accounts Manager in Kerala Water Authority | 06.01.2021 |
| 6 | 559/2019 | Lecturer in Violin in Collegeat Education Department (Music Colleges) | 06.01.2021 |
| 7 | 124/2018 | Welfare Officer Grade II in Jails Department | 06.01.2021 |
| 8 | 509/2019 | HSA Malayalam – By Transfer in Education Department in Kollam District | 07.01.2021 |
| 9 | 633/2019 | LIFT OPERATOR (1st NCA - VISWAKARMA) -VARIOUIS (THIRUVANANTHAPURAM) | 07.01.2021 |
| 10 | 559/2017 | ATTENDER (PLATE GRAINING) (1st NCA - SCHEDULED CASTE) -SURVEY &LAND RECORDS DEPARTMENT (THIRUVANANTHAPURAM) | 07.01.2021 |
| 11 | 365/2017 | SPECIAL TEACHER, HOME FOR MENTALLY DEFICIENT CHILDREN - SOCIAL JUSTICE DEPARTMENT (STATEWIDE) | 11.01.2021 |
| 12 | 004/2019 | ASSISTANT - KERALA FINANCIAL CORPORATION (STATEWIDE) | 12.01.2021 |
| 13 | 253/2018 | Peon (Part II – Society Category) KERALA STATE CO-OPERATIVE HOUSING FEDERATION LIMITED (HOUSEFED) | 12.01.2021 |
| 14 | 91/2019 | Assistant Professor in Plastic &Reconstructive Surgery in Medical Education Department | 12.01.2021 |
| 15 | 509/2019 | HSA (Malayalam) – By Transfer in Education Department Thiruvananthapuram District. | 12.01.2021 |
| 16 | 509/2019 | HSA (Malayalam) – By Transfer in Education Department Ernakulam District. | 12.01.2021 |
| 17 | 90/2019 | ASSISTANT PROFESSOR IN GENITO URINARY SURGERY (UROLOGY) - MEDICAL EDUCATION DEPARTMENT(STATEWIDE) | 12.01.2021 |
| 18 | 192/17 | TELEPHONE (PABX) OPERATOR - KERALA STATE FILM DEVELOPMENT CORPORATION LIMITED (STATEWIDE) | 12.01.2021 |
| 19 | 239/2019 | Assistant Insurance Medical Officer (1stNCA SCCC) in Insurance Medical Service | 12.01.2021 |
| 20 | 272/2018 | LPSC (Tamil Medium) in Education Department in Idukki District | 12.01.2021 |
| 21 | 413/2017 | LDC (By transfer) in Kerala Water Authority | 12.01.2021 |
| 22 | 509/2017 | HSA (Malayalam) By Transfer in Wayanad District | 12.01.2021 |
| 23 | 256/2018 | Typist Grade II in KERALA STATE DEVELOPMENT CORPORATION FOR SC/ST LIMITED | 13.01.2021 |
| 24 | 558/2019 | Clinical Psychological in Health Department | 18.01.2021 |
| 25 | 329/2017 | HSST (Junior) Hindi in KERALA HIGHER SECONDARY EDUCATION | 18.01.2021 |
| 26 | 132/2018 | Staff Nurse Grade II in IMS Kozhikode | 18.01.2021 |
| 27 | 103/2017 | Trade Instructor Grade II in Technical Education Department | 19.01.2021 |
| 28 | 598/2017 | Junior Instructor (Computer Programming Assistant) SR for ST/ST in Industrial Training Department | 19.01.2021 |
| 29 | 595/2017 | JUNIOR INSTRUCTOR (MECHANIC CONSUMER ELECTRONIC APPLIANCE) SR FOR SC/ST&ST ONLY - INDUSTRIAL TRAINING DEPARTMENT | 19.01.2021 |
| 30 | 81/2019 | Assistant Professor in Ophthalmology in Medical Education Department | 19.01.2021 |
| 31 | 573/2017 | Training Instructor (MMV) in SC Development Department | 19.01.2021 |
| 32 | 133/2018 | Tracer in Soil Survey &Soil Conservation Department | 19.01.2021 |
| 33 | 385/2017 | LGS (Exservice men only) in NCC/SWD Kozhikide | 19.01.2021 |
| 34 | 84/2018 | LD Typist in Kerala Water Authority | 25.01.2021 |
| 35 | 574/2017 | Training Instructor (Surveyor) in SC Development Department By Transfer | 27.01.2021 |
| 36 | 575/2017 | Training Instructor (Surveyor) in SC Development Department Direct | 27.01.2021 |
| 37 | 364/2017 | Sanitary Chemist in Kerala Water Authority | 27.01.2021 |
| 38 | 133/2018 | Tracer in Soil Survey &Soil Conservation Department – Palakkad | 27.01.2021 |
| 39 | 544/2017 | Range Forest Officer in Kerala Forest Department | 28.01.2021 |
| 40 | 213/2016 | RANGE FOREST OFFICER(by transfer from Forest Officers namely Wildlife Assistant,Deputy Ranger,Forester and Beat Forest Officer) -KERALA FOREST DEPARTMENT | 28.01.2021 |
| 41 | 191/2016 | RANGE FOREST OFFICER(by transfer from approved probationers in the Kerala Ministerial Subordinate Service or Kerala Ministerial Service in Forest Department) -KERALA FOREST DEPARTMENT | 28.01.2021 |
| 42 | 003/2018 | ASSISTANT DRILLING ENGINEER - MINING &GEOLOGY DEPARTMENT (STATEWIDE) | 28.01.2021 |
| 43 | 282/2018 | LD Typist (Ex-service men only) NCC/SWD Kasargod | 28.01.2021 |
| 44 | 302/2018 | Overseer/Draftsman (Mechanical) Grade II in Irrigation Department (SR for SC/ST) | 29.01.2021 |
| 45 | 83/2018 | Draftsman Grade II Civil -Overseer Grade II (Civil) in Harbour Engineering (SR for SC/ST) | 29.01.2021 |
| 46 | 44/2015 | CONFIDENTIAL ASSISTANT GRADE II VARIOUS GOVERNMENT OWNED COMPANIES / CORPORATIONS/ BOARDS | 01.02.2021 |
| 47 | 327/2018 | Assistant Surgeon/Casuality Medical Officer in Health Department – NCA LC/AI | 01.02.2021 |
| 48 | 280/2017 | Lab Attender Indian Systems of Medicine, Kollam | 02.02.2021 |
| 49 | 133/2018 | Tracer in Soil Survey and Soil Conservation Department, Thiruvananthapuram | 02.02.2021 |
| 50 | 591/2019 | Full Time Junior Language Teacher (Arabic) LPS (6thNCA – OBC) Education – Malappuram | 04.02.2021 |
| 51 | 280/2019 | Port Officer in Kerala Port Department 5thNCA LC/AI | 08.02.2021 |
| 52 | 391/2018 | LDC (SR for ST only) various, Kannur | 08.02.2021 |
| 53 | 245/2018 | Computer Assistant Grade II – Government Secretariat/PSC | 08.02.2021 |
| 54 | 246/2018 | Computer Assistant Grade II – Government Secretariat – By Transfer | 08.02.2021 |
| 55 | 395/2017 | Workshop Attender (Machinist) SR for SC/ST in Industrial Training Department | 08/02/21 |
| 56 | 392/2017 | Workshop Attender in MRAC in Industrial Training Department | 08.02.2021 |
| 57 | 408/2017 | Lab Technician in Kerala Dairy Development | 08.02.2021 |
| 58 | 58/2019 | Dredger Cleaner – Irrigation Department | 09.02.2021 |
| 59 | 223/2017 | Refrigeration Mechanic HER in Health Service Department | 09.02.2021 |
| 60 | 44/2019 | Sergeant – 1stNCA – Muslim Various, Thiruvananthapuram | 09.02.2021 |
| 61 | 45/2019 | Sergeant - 1stNCA – OBC various, Thiruvananthapuram | 09.02.2021 |
| 62 | 118/2016 | Drawing Teacher (High School) in Education Department in Malappuram | 10.02.2021 |
| 63 | 62/2018 | Civil Excise Officer 1stNCA OBC-Kollam in Excise Department | 10.02.2021 |
| 64 | 63/2108 | Civil Excise Officer 1stNCA Viswakarma - Kollam | 10.02.2021 |
| 65 | 64/2018 | Civil Excise Officer 1stNCA SIUN Nadar – Pathanamthitta | 10.02.2021 |
| 66 | 65/2018 | Civil Excise Officer 1stNCA SCCC- Ernakulam | 10.02.2021 |
| 67 | 597/2017 | Junior Instructor Desktop Publishing Operator in Industrial Training Department – SR of SC/ST | 11.02.2021 |
| 68 | 440/2016 | Chemical Assistant – Ground Water Department | 11.02.2021 |
| 69 | 431/2019 | Junior Consultant Anaesthesi – III NCA - OBC in Health Services Department | 15.02.2021 |
| 70 | 276/2018 | VEO Grade II Rural Development - Kollam | 16.02.2021 |
| 71 | 593/2019 | Full Time Junior Language Teacher (Arabic) LPS vth NCA SC Education Department – Thiruvananthapuram | 16.02.2021 |
| 72 | 136/2019 | 1st Grade Overseer Draftsman (Electrical) in Public Works Department | 17.02.2021 |
| 73 | 41/2019 | Police Constable NCA SCCC in Police Department (IRB) | 18.02.2021 |
| 74 | 307/2018 | Peon (SR for ST only) in KSFDC | 18.02.2021 |
| 75 | 266/2018 | Staff Nurse Allopathy Government Ayurveda College, Thiruvananthapuram | 22.02.2021 |
| 76 | 68/2018 | Driver – Excise 1stNCA LC/AI – Kannur | 22.02.2021 |
| 77 | 133/2018 | Tracer in Soil Survey and Soil Conservation Department, Malappuram | 22.02.2021 |
| 78 | 282/2018 | LD Typist/Clerk Typist/Typist Clerk (Ex-service men only) NCC in Sainik Welfare - Alappuzha | 22.02.2021 |
| 79 | 341/2018 | LDC (SR for ST) Various, Palakkad | 22.02.2021 |
| 80 | 282/2018 | LD Typist/Clerk Typist/Typist Clerk Ex-service men only in NCC/SWD Kottayam | 23.02.2021 |
| 81 | 133/2018 | Tracer in Soil Survey and Soil Conservation Department, Kottayam | 23.02.2021 |
| 82 | 133/2018 | Tracer in Soil Survey and Soil Conservation Department, Idukki | 23.02.2021 |
| 83 | 238/2018 | ICDS Supervisor in Women and Child Development Department | 23.02.2021 |
| 84 | 329/2019 | Assistant Surgeon/Casuality Medical Officer (SR for ST) only | 23.02.2021 |
| 85 | 235/2019 | Assistant Surgeon/Casuality Medical Officer II NCA -V | 23.02.2021 |
| 86 | 82/2017 | Technical Assistant (Physical Testing) in Industries and Commerce | 23.02.2021 |
| 87 | 234/2019 | Assistant Surgeon/Casuality Medical Officer II NCA – LC/AI | 25.02.2021 |
| 88 | 385/2017 | Last Grade Servant in Ernakulam (Ex-service only) in NCC SAINIK WELFARE | 01.03.2021 |
| 89 | 493/2017 | Tracer Driver 2ndNCA – SC-Animal Husbandry, Thiruvananthapuram | 02.03.2021 |
| 90 | 370/2017 | Junior Instructor (Pump Operator cum Mechanic) in Industrial Training Department | 02.03.2021 |
| 91 | 557/2019 | Assistant Professor (Mechanical Engineering) 1stNCA -SCCC in Technical Education Department | 02.03.2021 |
| 92 | 214/2018 | Prosthetic &Orthotic Engineering in Medical Education Department | 03.03.2021 |
| 93 | 655/2017 | HSA Social Science (Tamil Medium) Education Department, Idukki | 04.03.2021 |
| 94 | 362/2017 | Junior Chemist in Mining and Geology Department | 05.03.2021 |
| 95 | 12/2019 | Scientific Assistant (Polygraph) in Kerala Police Service | 16.03.2021 |
| 96 | 305/2019 | Assistant Surgeon/Casuality Medical Officer in Health Services | 17.03.2021 |

## മത്സരപരീക്ഷ ഇടനാഴി



# കേരളം - പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും

**ബി സുരേഷ്**

ജീവനുള്ളവയ്ക്ക് ചുറ്റും കാണപ്പെടുന്നതും അതിന്റെ ജീവനത്തിൽ ഒഴിച്ചുകൂടാനാവാത്ത സ്വാധീനം ചെലുത്തുകയും ചെയ്യുന്ന തൊട്ടടുത്ത പരിസരത്തെയാണ് അതിന്റെ പരിസ്ഥിതി എന്നു വിളിക്കുന്നത്. പ്രധാനമായും മണ്ണ്, വായു, ജലം എന്നിവ ഇതിലുൾപ്പെടുന്നു. ഈ പരിസ്ഥിതിയ്ക്ക് ദോഷമുണ്ടാകുന്നതും തന്മൂലം മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ നാശത്തിലേക്ക് നയിക്കുന്നതുമായ പ്രവൃത്തികൾ പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നു. കേരളത്തിൽ വൈവിദ്ധ്യങ്ങളായ സസ്യങ്ങളും ജന്തുക്കളും നിലനിന്നു പോകുന്നതിന് അനുയോജ്യമായ പരിസ്ഥിതിയാണ് നിലനിന്നിരുന്നത്. മനുഷ്യന്റെ നിലനിൽപ്പിന് മറ്റെല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പ് അനിവാര്യമാണെന്നിരിക്കെ ഇത് വിസ്മരിച്ചുകൊണ്ട് മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ കാരണം ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയും പരിസ്ഥിതി സംതുലനം തകർക്കപ്പെട്ട് ധാരാളം ജീവജാലങ്ങളുടെ വംശനാശത്തിന് വഴി തുറക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യയുടെ തെക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനത്തിന്റെ അതിരുകളിൽ കിഴക്ക് പശ്ചിമ ഘട്ടവും പടിഞ്ഞാറ് അറബിക്കടലും വടക്കുകിഴക്ക് കർണ്ണാടകയും തെക്ക് കിഴക്ക് തമിഴ്നാടുമാണ്. കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിക്കാവുന്നതാണ്.

ഏറ്റവും ഉയർന്ന ഭൂപ്രദേശമായ മലനാട്ടിൽ വലിയ മലനിരകളും അവയ്ക്കിടയിലെ താഴ്വരകളും ഉന്നതതടങ്ങളും ഉൾപ്പെടുന്നു. പശ്ചിമ ഘട്ടമാണ് കേരളത്തിലെ ഏറ്റവും പ്രധാന പർവ്വത മേഖല. പാലക്കാട് ജില്ലയിൽ പശ്ചിമഘട്ടത്തിലുള്ള സ്വാഭാവിക വിടവ് ''പാലക്കാട് ചുരം'' എന്നറിയപ്പെടുന്നു. പശ്ചിമഘട്ട പർവ്വതനിരയിൽ ഏറ്റവും ഉയരത്തിലുള്ളവ കാണപ്പെടുന്നത് ഇടുക്കി ജില്ലയിലാണ്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ ആനമുടി ഇവിടെയാണ്. പ്രകൃതിവിഭവങ്ങൾകൊണ്ട് സമൃദ്ധമായ മലനാടൻ പ്രദേശങ്ങൾ കേരളത്തിന്റെ ഭൂപ്രകൃതിയുടെ പകുതിയോളം വരും.



സമുദ്രനിരപ്പിൽനിന്നും 75 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണ് ഇടനാട്. ഈ പ്രദേശം പ്രധാനമായും കാർഷിക മേഖലയാണ്. ധാരാളം നദികളും പുഴകളും കായലുകളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കേരളത്തിലൂടെ ഒഴുകുന്നത് 44 നദികളാണ്. പശ്ചിമഘട്ടത്തിൽനിന്ന് ഉദ്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി കായലിലോ കടലിലോ ചെന്ന് പതിക്കുന്നവയാണ് 41 നദികൾ. എന്നാൽ, കബനി, ഭവാനി, പാമ്പാർ എന്നീ മൂന്ന് നദികളും കിഴക്കോട്ടൊഴുകുന്നവയാണ്. കേരളത്തിൽ ആകെ 34 കായലുകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇവയിൽ 27 എണ്ണം കടലിനോട് ചേർന്നോ കടലിന് സമാന്തരമായോ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. കേരളത്തിലെ ഏറ്റവും വലിയ കായൽ വേമ്പനാട്ടുകായലാണ്. എന്നാൽ ഏറ്റവും വലിയ ശുദ്ധജല തടാകം അഷ്ടമുടിക്കായലാണ്.



സമുദ്രനിരപ്പിൽനിന്ന് ശരാശരി 7 മീറ്റർ വരെ ഉയരത്തിലുള്ള സമതലപ്രദേശങ്ങളാണ് തീരപ്രദേശമായി അറിയപ്പെടുന്നത്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള മേഖലയാണിത്. കേരളത്തിലെ 30% ആളുകൾ തീരപ്രദേശ മേഖലയിലാണ് താമസിക്കുന്നത്. വീതി കൂടിയതും സാവധാനം ഒഴുകുന്നതുമായ പുഴകൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. തീരപ്രദേശത്തെ സമതലങ്ങളിലെ വർദ്ധിച്ച എക്കൽ സാന്നിദ്ധ്യം അവയെ കൃഷിക്ക് പ്രയോജനപ്പെടുത്തുന്നു.

കേരളത്തിൽ പുനഃചംക്രമണം നടത്തി ഉപയോഗിക്കാൻ കഴിയാത്ത പ്രകൃതിവിഭവങ്ങൾ കുറഞ്ഞുവരുന്നതും മനുഷ്യനിർമിതമായ മാലിന്യങ്ങൾ കൂടിവരുന്നതും വളരെ ഗൗരവമായ പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളം അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്നതിനും ഉപയോഗിക്കുന്നതിനും പകരം അസംസ്കൃത വസ്തുക്കളെ തന്നെ ഉപയോഗിച്ചു തീർക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് മുഖ്യമായ കാരണങ്ങൾ വൻതോതിലുള്ള ജനസംഖ്യവർദ്ധനവ്, വേഗത്തിലുള്ള നഗരവത്കരണം, അശാസ്ത്രീയമായ വ്യവസായവത്കരണം, അത്യാർത്തിമൂലമുള്ള കമ്പോളവത്കരണം എന്നിവയാണ്. ഈ കാരണങ്ങൾ ഉയർന്ന തോതിലുള്ള വായു മലിനീകരണം, ജലമലിനീകരണം, കരഭൂമി മലിനീകരണം എന്നിവ ഉണ്ടാക്കുകയും എല്ലാ ജീവജാലങ്ങളെയും ഇവയുടെ ദോഷങ്ങൾ ബാധിക്കുകയും ചെയ്യുന്നു.

ജലാശയങ്ങൾക്കുണ്ടാകുന്ന മലിനീകരണവും ജലാശയങ്ങളുടെ മരണവുമാണ് കേരളത്തിലെ മറ്റൊരു പരിസ്ഥിതി പ്രശ്നം. വർദ്ധിച്ച ജനസംഖ്യക്കനുസരിച്ച് പുറം തള്ളപ്പെടുന്ന ഖരമാലിന്യങ്ങൾ, ദൈനംദിന ജീവിതചര്യയുടെ ഭാഗമായുള്ള മാലിന്യങ്ങൾ, മലിനജലം ഒഴുക്കിവിടൽ എന്നിവ ചെറിയ ജലാശയങ്ങളെയും കിണറുകളെയും മലിനമാക്കുന്നു. ഈ മാലിന്യങ്ങൾ ഭൂമിക്കടിയിൽ താഴുന്നതിന്റെ ഫലമായി തീരപ്രദേശത്തെ വലയ്ക്കുന്ന പരിസ്ഥിതി പ്രശ്നമാണ് ഭൂഗർഭ ജലത്തിനുണ്ടാകുന്ന മലിനീകരണം. ഇത് മനുഷ്യരിൽ വളരെയധികം ശാരീരിക അസ്വസ്ഥതകൾക്ക് കാരണമാകുന്നു. എന്നാൽ മഴയുടെ കുറവ്, വനനശീകരണം,



മണൽഖനനം, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ നികത്തുന്നത്, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം, അനിയന്ത്രിതമായ മണ്ണൊലിപ്പ് എന്നിവ നദികളിലെ ജലം മലിനമാകുന്നതിനും ക്രമേണ നദികളുടെ തന്നെ മരണത്തിനും കാരണമാകുന്നു. കേരളത്തിലെ 44 നദികളും ഈ ഭീഷണി അഭിമുഖീകരിക്കുന്നു.

കേരളത്തിലെ വനങ്ങൾ ഇന്ന് ഭീകരമായ പരിസ്ഥിതി പ്രശ്നം നേരിടുകയാണ്. കേരളത്തിന്റെ ഭൂപ്രകൃതിയിൽ പതിനെട്ടാം നൂറ്റാണ്ടിൽ ഏകദേശം 75% വനഭൂമിയുണ്ടായിരുന്നത് ഇന്ന് വളരെ ചുരുങ്ങി 30% ആയിരിക്കയാണ്. വലിയ തോതിലുള്ള വനനശീകരണം, കൃത്രിമമായ കാട്ടുതീ എന്നിവ അപൂർവങ്ങളായ വന്യജീവികളുടെ എണ്ണം കുറയ്ക്കുന്നു. അവയിൽ ചിലതിനെ വംശനാശത്തിലേക്ക് തള്ളിവിടാനും കാരണമായി. ജനസംഖ്യ വർദ്ധനവിനനുസരിച്ച് മനുഷ്യൻ പുതിയ ആവാസമേഖല സൃഷ്ടിക്കുന്നതും കാട് അനധികൃതമായി കൈയ്യേറി കൃഷിഭൂമിയാക്കുന്നതും വ്യാവസായികവത്കരണത്തിനായി വൻതോതിൽ കാട് വെട്ടി നശിപ്പിക്കുന്നതും ഇതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു.

കേരളത്തിലെ നിരത്തുകളിൽ വർദ്ധിച്ചുവരുന്ന മോട്ടോർ വാഹനങ്ങളിൽനിന്ന് പുറന്തള്ളപ്പെടുന്ന കാർബൺ മോണോക്സൈഡും കാർബണും വൻതോതിലുള്ള അന്തരീക്ഷ മലിനീകരണമാണ് ഉണ്ടാക്കുന്നത്. ഇതിനുപുറമെ വ്യവസായശാലകളിൽനിന്നുള്ള വാതകങ്ങളും അന്തരീക്ഷത്തിലെ വിവിധ വാഹനങ്ങളിൽനിന്നുള്ള പുകയും നമ്മുടെ ശ്വസന വായുവിനെ മലിനമാക്കുന്നു. നാം ആഡംബരജീവിതത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന എയർ കണ്ടീഷനറുകൾ, ഫ്രിഡ്ജ്, റഫ്രിജറേറ്റർ എന്നിവയിലുപയോഗിക്കുന്ന CFC പോലുള്ള വാതകങ്ങൾ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു. മാത്രമല്ല $CO_2$, CFC, മീഥേൻ, നൈട്രസ്ഓക്സൈഡ് എന്നീ ഹരിതഗൃഹ വാതകങ്ങൾ ഭൂമിയുടെ അന്തരീക്ഷത്തിന്റെ ചൂട് വർദ്ധിപ്പിച്ച് ആഗോളതാപനത്തിന് കാരണമാകുന്നു. ഇത് വളരെ ദുരവ്യാപകമായ ദോഷഫലങ്ങൾ മാനവരാശിക്കും മറ്റു ജീവജാലങ്ങൾക്കും ഉണ്ടാക്കുന്നു.



വൈവിദ്ധ്യങ്ങളായ സസ്യങ്ങളും അവയെ ആശ്രയിച്ചു കഴിയുന്ന ജന്തുക്കൾക്കും നിലനിൽപ്പിനാവശ്യമായ മണ്ണ്, വായു, ജലം എന്നിവ കൊണ്ട് സമ്പന്നമായ ഭൂപ്രദേശമാണ് നമ്മുടെ കേരളത്തിൽ ചെറുതായെങ്കിലും ഇപ്പോഴുമുള്ളത്. നമ്മുടെ നിലനിൽപ്പിനായി നമ്മെ നിലനിർത്തുന്ന മറ്റു സസ്യജന്തുജാലങ്ങളെയും നാം സംരക്ഷിക്കേണ്ടതുണ്ട്. മനുഷ്യന്റെ അതിവേഗതയുള്ള ജീവിതശൈലിയിലും വികസനത്തിനും സുഖലോലുപതയ്ക്കുമായുള്ള പരക്കം പാച്ചിലിലും ചെറിയൊരു കരുതൽ നമ്മുടെ പരിസ്ഥിതിസംരക്ഷണത്തിനുമായി നാം മറ്റിവച്ചില്ലാ എങ്കിൽ നേരത്തെ നശിച്ചു പോയതും ഇപ്പോൾ വംശനാശഭീഷണി നേരിടുന്നതുമായ സസ്യജീവിഗണത്തിൽ നാം മനുഷ്യരും ഉൾപ്പെടുന്ന കാലം വിദൂരമല്ല എന്നത് നാം വിസ്മരിച്ചുകൂടാ. •

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly

Rupees 10
April 1, 2021





# സമകാലികം

**പ്രദീഷ്കുമാർ വി എസ്**

- ഇന്ത്യയുടെ അയൽരാജ്യമായ ബംഗ്ലാദേശ് 2021 മാർച്ച് 26 ന് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു.
- അനന്യ കുമാരി അലക്സാണ് കേരള നിയമസഭയിലേക്ക് മത്സരിക്കുന്ന ആദ്യ ട്രാൻസ്ജൻഡർ സ്ഥാനാർത്ഥി. മലപ്പുറം ജില്ലയിലെ വേങ്ങര മണ്ഡലത്തിലാണ് മത്സരിക്കുന്നത്.
- ജപ്പാനിൽ നടക്കുന്ന ടോക്യോ ഒളിമ്പിക്സിന്റെ ദീപശിഖാ പ്രയാണം ഫുക്കുഷിമ എന്ന സ്ഥലത്തുനിന്ന് ആരംഭിച്ചു.
- ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ 2021 മാർച്ചിൽ കേരള ടൂറിസം വകുപ്പ് മൈ ഫസ്റ്റ് ട്രിപ്പ് 2021 എന്ന ക്യാമ്പയിൻ ആവിഷ്കരിച്ചു.
- ഇന്ത്യൻ ബഹിരാകാശ ഗവേഷണസംഘടനയുടെ സേവനമികവിനുള്ള പുരസ്കാരത്തിന് സുജ എബ്രഹാം അർഹയായി.
- ഷേഖ് മുജീബുർ റഹ്മാൻ 2020 ലെ ഗാന്ധി സമാധാന പുരസ്കാര ജേതാവായി.
- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ മൊബൈൽ ആപ്പ് സ്റ്റോറാണ് മൊബൈൽ സേവ ആപ്പ് സ്റ്റോർ.
- രാജ്യാന്തര 20 ട്വന്റി ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിജയങ്ങൾ നേടുന്ന ക്യാപ്റ്റനെന്ന എം.എസ്. ധോണിയുടെ റെക്കോർഡ് അഫ്ഗാനിസ്ഥാന്റെ അസ്ഗർ അഫ്ഗാൻ മറികടന്നു.
- അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ജൂനിയർ സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സണായി പി.ടി. ഉഷ നിയമിതയായി.
- ജസ്റ്റിസ് എൻ.വി. രമണ സുപ്രീം കോടതിയുടെ 48-ാമത് ചീഫ് ജസ്റ്റിസായി നിയമിതനാകും.
- അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ അഡ്മിനിസ്ട്രേറ്ററായി ബിൽ നെൽസൺ നിയമിതനാകും.
- ഈയിടെ കമ്മിഷൻ ചെയ്ത ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നിരീക്ഷണകപ്പലാണ് വജ്ര.
- കുഞ്ചൻ നമ്പ്യാർ സാംസ്കാരിക സമിതി ഏർപ്പെടുത്തിയ അക്ഷരശ്രീ പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് ലഭിച്ചു.
- ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റിയുടെ പ്രസിഡന്റായി തോമസ് ബാക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

## ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു




മികച്ച ചിത്രം - മരക്കാർ അറബിക്കടലിന്റെ സിംഹം
മികച്ച നടൻ - ധനുഷ്, മനോജ് ബാജ്പേയി
മികച്ച നടി - കങ്കണ റണൗട്ട്
മികച്ച സംവിധായകൻ - സജ്ഞയ് പൂരൻ സിങ് ചൗഹാൻ
മികച്ച സഹനടൻ - വിജയ് സേതുപതി
മികച്ച പുതുമുഖ സംവിധായകൻ - മാത്തുക്കുട്ടി സേവ്യർ
മികച്ച മലയാള ചിത്രം - കള്ളനോട്ടം
മികച്ച ഗാനരചയിതാവ് - പ്രഭാവർമ്മ
സ്പെഷ്യൽ ഇഫക്ട് - സിദ്ധാർത്ഥ് പ്രിയദർശൻ


സജ്ഞയ് പൂരൻ സിങ് ചൗഹാൻ


ധനുഷ്


മനോജ് ബാജ്പേയി


കങ്കണ റണൗട്ട്


വിജയ് സേതുപതി


പ്രഭാവർമ്മ


മാത്തുക്കുട്ടി സേവ്യർ


സിദ്ധാർത്ഥ് പ്രിയദർശൻ

- ഇന്ത്യയിലെ ആദ്യത്തെ സെൻട്രലൈസ്ഡ് എ.സി. റെയിൽവേ ടെർമിനൽ ബംഗളൂരുവിൽ സ്ഥാപിതമായി.
- ഗാർഹികപീഡനത്തിൽ നിന്ന് വനിതകളുടെ സംരക്ഷണം ലക്ഷ്യമാക്കി സംസ്ഥാന വനിത ശിശുവികസന വകുപ്പും തപാൽ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് 'രക്ഷാദൂത്'.
- സെൻട്രൽ അമേരിക്കൻ രാജ്യമായ എൽ സാൽവഡോറിനെ ആദ്യ മലമ്പനി മുക്ത രാജ്യമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു.
- കേരള ഐ.ടി. പാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോൺ. എം. തോമസ് ചുമതലയേറ്റു.
- കൊച്ചിൻ ദേവസ്വം ബോർഡിന്റെ 2021 ലെ മല്ലപ്പിള്ളി ഗോവിന്ദൻകുട്ടി നായർ സ്മാരക പുരസ്കാരത്തിന് വാദ്യകലാകാരനായ കിഴക്കൂട്ട് അനിയൻ മാരാർ അർഹനായി.
- ആർക്കിടെക്ച്ചറിലെ നോബേൽ എന്ന ഖ്യാതിയുള്ള 2021 ലെ പ്രിറ്റ്സ്കർ പുരസ്കാരത്തിന് ആൻ ലക്കാറ്റൺ, ജീൻ-ഫിലിപ്പ് വാസൽ എന്നിവർ അർഹരായി.
- നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ പുതിയ ഡയറക്ടർ ജനറലായി എം.എ. ഗണപതി നിയമിതനായി.
- ഇൻഷ്വറൻസ് മേഖലയിലെ നേരിട്ടുള്ള നിക്ഷേപ പരിധി 49% ൽ നിന്ന് 74% ആയി ഉയർത്താനുള്ള ബില്ലിന് രാജ്യസഭ അംഗീകാരം നൽകി.
- ടാൻസാനിയൽ പ്രസിഡന്റായിരുന്ന John Magufuli അന്തരിച്ചതിനെതുടർന്ന് ടാൻസാനിയയുടെ ആദ്യ വനിത പ്രസിഡന്റ് ആയി Samia Suluhu നിയമിതയാകും.
- അടുത്തിടെ ദയാവധം നിയമപരമാവുന്നതിനുള്ള ബിൽ പാസ്സാക്കിയ ഏഴാമത്തെ രാജ്യമായി സ്പെയിൻ. ആദ്യ രാജ്യം നെതർലൻഡ്സ്.
- കേന്ദ്രകായിക മന്ത്രാലത്തിന്റെ നേതൃത്വത്തിൽ ഗുൽമാർഗിൽ വിന്റർ സ്പോർട്സ് അക്കാദമി നിലവിൽ വരും.
- സംസ്ഥാന സാക്ഷരതാമിഷൻ മുഖേന പാലക്കാട് ജില്ലയിൽ നടക്കുന്ന കേന്ദ്ര സർക്കാറിന്റെ പ്രത്യേക സാക്ഷരത പദ്ധതിയാണ് 'പഠനാ ലിഖ്ന അഭിയാൻ'.
- തെലങ്കാനയിലെ രാമഗുണ്ടം എന്ന സ്ഥലത്ത് 100 മെഗാവാട്ട് ശേഷിയുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഒഴുകുന്ന സോളാർ പവർപ്ലാന്റ് നിലവിൽ വരും.
- പുരുഷ ലോങ് ജംപിൽ ദേശീയ റിക്കോർഡ് സ്വന്തമാക്കി മലയാളിയായ എം.ശ്രീശങ്കർ ടോക്കിയോ ഒളിമ്പിക്സിന് യോഗ്യത നേടി.
- ഇംഗ്ലീഷ് ഭാഷാ വിഭാഗത്തിലുള്ള 2020 ലെ കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാരം യാഷിക ദത്തിന് ലഭിച്ചു. Coming Out As Dalit എന്ന പുസ്തകത്തിനാണ് പുരസ്കാരം.
- എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലാണ് കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വനിതാ പാസ്പോർട്ട് സേവാ കേന്ദ്രം.
- പ്രശസ്ത നടൻ പി.സി. സോമൻ അന്തരിച്ചു.
- സി.ആർ.പി.എഫ്. ന്റെ ഡയറക്ടർ ജനറലായി കുൽദീപ് സിങ് നിയമിതനായി.●




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.